UNIVERSITY LIBRARY 18 JAN 1932

# ഗുരുനാഥൻ.

പുസ്തകം 11 | 1107 തുലാം | ലക്കം 3

## ശ്രീചിത്തിരതിരുനാൾ രാജ്യഭരണ സ്ഥാനാരോഹണം.

"കൊല്ലമൊന്നല്ല, മൂന്നായങ്ങയെക്കാത്തീവഞ്ചി
കല്യാണപ്പൂമാലയും കൈയുമായ് നിലകൊൾവൂ."

ഈവിധം ചിരകാലപ്രാർത്ഥിതമായ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സ്ഥാനാരോഹണ മഹോത്സവം ഈ മാസം 20-ാംനു-യും അടുത്ത ദിവസങ്ങളിലുമായി അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. നിത്യസ്മരണാർഹനായ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ സ്ഥാനാരോഹണം തിരുവിതാംകൂർ ജനതതി എത്ര അക്ഷമരായി പ്രതീക്ഷിച്ചുകൊണ്ടിരുന്നു എന്നുള്ളതു്, നാട്ടിന്റെ നാനാഭാഗങ്ങളിലും, വിശേഷിച്ചു് തിരുവനന്തപുരത്തും അന്നേദിവസം നടന്ന ആഘോഷങ്ങൾ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. തിരുവനന്തപുരത്തു് ഇതുസംബന്ധിച്ചു നടന്ന ആഘോഷങ്ങളും ചിത്തിരനഗരിയിലെ പ്രദർശനവും മററും അനന്തനാലും വർണ്ണിക്കുക അസാദ്ധ്യമാണു്. ഉത്തമന്മാരായ ഗുരുനാഥന്മാരിൽനിന്നും ലഭിച്ച ശിക്ഷണംകൊണ്ടും, ദേശസഞ്ചാരംകൊണ്ടും മററും പരിപക്വമാനസനായിത്തീർന്നിരിക്കുന്ന യുവാവായ തിരുമനസ്സിലെ ഭരണം തിരുവിതാംകൂർ ചരിത്രത്തിൽ നവീനമായ ഒരദ്ധ്യായം സൃഷ്ടിക്കുമെന്നു് ഈ രാജ്യവാസികളായ നാനാജാതിമതസ്ഥന്മാരും പ്രതീക്ഷിക്കുന്നു. അവരുടെ പ്രതീക്ഷ അസ്ഥാനത്തല്ലെന്നു് ഭരണപ്രതിഷ്ഠാപനവേളയിലെ തിരുമനസ്സിലെ വിളംബരം സൂചിപ്പിക്കുന്നു. രാജ്യഭരണവിഷയത്തിൽ പ്രജകൾക്കു കൂടുതൽ പ്രവേശം നൽകത്തക്ക വിധത്തിൽ ഉള്ള പ്രജാസഭാപരിഷ്കാരോദ്യമം, ഭൂസ്വത്തുജാമ്യസ്ഥാപനോദ്ദേശം മുതലായവ മേൽപറഞ്ഞതിനെ വ്യക്തമാക്കുന്നു. അതുകൊണ്ടു് വിശാലഹൃദയനും, പ്രജാക്ഷേമതല്പരനും ആയ മഹാരാജാവു തിരുമന

സ്സിലേക്ക് വിജയശ്രീലാളിതമായ ഭരണവും, സുദീർഘമായ ആയുസ്സും, അക്ഷീണമായ യശസ്സും സർവ്വേശ്വരൻ പ്രദാനം ചെയ്യുമാറാകട്ടെ.

## മംഗളം.

പ്രായംമുന്നോതികഞ്ഞു, പരിചയമതിനാൽ ബുദ്ധിപാരം തെളിഞ്ഞു
കായംലാവണ്യമാർന്നു, കരമതിലവനീഭാരവും വന്നുചേർന്നു
ശ്രീയുംപാരിൽപരന്നു, ശ്രിതജനഹൃദയാംഭോരുഹൗഘംവിടർന്നു
ശ്രേയോമാർഗ്ഗംതുറന്നു, മധുരിപുസുപ്രസന്നം തത്രകാലൂന്നിനിന്നു.

ആർ. ഈശ്വരപിള്ള ബി. എ.

## ചിത്രോദയം.

പ്രാർത്ഥിക്കാനമുക്കെല്ലാം പ്രാർത്ഥിക്കാംദൈവത്തോടി-
പ്പാർത്ഥിവപ്രവരന്നു സർവ്വാഭീഷ്ടവുംനല്കാൻ.

ഭിന്നരല്ലോ മതജാതികൾമൂലംനാമീ-
മന്നൻതൻപ്രജകളാം സോദരരേകോദരർ;
ശ്ലാഘ്യമാം രാജ്യസ്നേഹതന്തുവിൽക്കോർക്കപ്പെട്ട
പൂക്കൾനാം, രാജഭക്തിവാസനയ്ക്കാവാസങ്ങൾ.

നമ്മൾക്കും ഭാഗ്യത്തിനാൽ ചൈത്രർത്തുവുദിക്കുന്നു;
നമ്മെയും താരാർമണത്തെത്തെന്നലണത്തുന്നു;
നാടെങ്ങുംജനങ്ങൾക്കിന്നുൾപ്പൂവുവിടരുന്നു;
നാടെല്ലാമാശാവല്ലിചെന്തളിരണിയുന്നു.

മെയ്യെങ്ങും പൊൻപൂമ്പൊടിക്കോപ്പണിഞ്ഞാടിപ്പാടി-
പ്പുഷ്പൌഘേ പറക്കുന്നു പന്തിയിൽക്കാർവണ്ടുകൾ;

സാനന്ദംകുയിൽക്കുലം പ്രകൃതിപ്രതീക്ഷകൾ
ഗാനത്തിൽപകത്തുന്നു ഭാവനാഗതിക്കൊപ്പം.

ലോകത്തിൻതപശ്ചര്യാവല്ലിതൻ പരിപാക-
മേകമിച്ചൈത്രോത്സവം ഹൃദ്യങ്ങൾക്കെല്ലാം ഹൃദ്യം.
ഈക്കണ്ണിപ് ഫലം നമുക്കേവക്കുംനിസ്സംശയം
ഭാഗ്യലക്ഷ്മിതൻസ്വയംഗ്രാഹമാംപരിഷ്വങ്ഗം.

നോക്കുവിൻ! ബാല്യത്തൊട്ടുംഭോഗത്തെത്ത്യജിച്ചൂഴി
കാക്കുവാൻ തുടങ്ങുമിക്കല്യാണധാമാവിനെ.
സ്വാർത്ഥത്തെ പ്രമാജ്ജിപ്പാനല്ലയോപതിക്കുന്നു
മൂർദ്ധാവിലിവിടേയ്ക്കു രാജ്യ ഭിഷേകോദകം.?

കേവലംപരാത്ഥമായല്ലയോജീവിക്കുന്നു
മാവേലിതൻനാട്ടിലിപ്രഹ്ലാദൻ സ്വഭ്രപ്രിയൻ?
കേടറ്റീവിശ്വംകാക്കും കേവലാത്മാവിൻനേർക്കു
കോടിയിൽക്കൂട്ടുംകൈകൾ കോരകീഭവിക്കട്ടെ.!

ഉച്ചിത്രാതാരോത്ഭവൻദേവനെപ്പാലിച്ചാലും
സച്ചിദാനന്ദമൂത്തേ! സവ്വലോകാന്തര്യാമിൻ!
അൻപതിൽപരംലക്ഷം സാധുഹൃൽക്ഷേത്രത്തിലി-
ത്തമ്പുരാൻ വാഴ്വൂ-ഭവൽസന്നിധാനത്തിൽ-സ്വാമിൻ.!

ഞങ്ങൾതന്നാശാങ്കുരം സവ്വം ചിത്രോത്ഭവ,-
മങ്ങതിന്നധിഷ്ഠാതാ,വക്ഷയപ്രാണപ്രദൻ.
ഈ വഞ്ചിയങ്ങേവഞ്ചി;യിന്നതിൻനിയന്താവി-
ദ്ദേവൻതദ്ദാസൻ;ഞങ്ങളേവരുംയാത്രക്കാരർ.

സേവ്യസേവകർ.നിങ്ങൾ; ഞങ്ങളിൽഭവാനാരു
സേവ്യധമ്മോപദേശംചെയ്യുവാനധികാരി?
മേലും ഹാ! സവ്വാതീതനങ്ങയെപ്രാത്ഥിക്കുവാൻ
കാലദേശാവച്ഛിന്നർ ഞങ്ങൾക്കുകഴിവുണ്ടോ.?

ആയുരാരോഗ്യൈശ്വര്യശബ്ദങ്ങൾക്കോരോന്നിനു-
മാശയോടടുക്കുമ്പോളവ്യാപ്തിദോഷംവയ്പൂ.
ഹൃത്തമേൽപൂവ്ക്ഷണം നേർന്നാലുമതൊക്കെയു-
മുത്തരക്ഷണത്തിന്റെ ദൃഷ്ടിയിലപര്യാപ്തം.

കരുണാംബുധേ! ഭവന്മണികളേതെല്ലാമെ-
ന്നറിവാനാകുന്നതില്ലലർമാതിനുപോലും.

അർത്ഥിതൻകൈക്കുമ്പിളിന്നാകൃതിയളന്നല്ല
വിത്തവാൻ ചെയ്യേണ്ടതുവിഭവോചിതംദാനം.

"ഒരോരോനവീനമാമുത്തമപരിഷ്കാരം
പേരോലുംവഞ്ചിക്ഷ്മാദേവിതൻതിരുമെയ്യിൽ
തൽപ്രിയൻ ചാർത്തീടട്ടേയിന്നൃപൻ വിശിഷ്ടനാ-
മപ്പട്ടമഹർഷിതൻസ്ഥാനത്തിനൊക്കും വിധം.

ആർജ്ജവം,ശമം,ദമം,കാരുണ്യം,സമഭാവ-
മിച്ചൊന്നഗുണങ്ങളാംഏന്നാകതരുക്കളാൽ
ഇദ്ദേവൻ ചൊരിയട്ടേനിത്യവുംജയംപൂണ്ടു
വർത്തിക്കുംവഞ്ചിക്കുമേൽനന്മപ്പൂമലർമാരി.

ഏത്തുനാൾനാരായണൻഭൂമിജനരകാന്തം
സാധിച്ചുദീപാവലി പാരെങ്ങും ജ്വലിപ്പിച്ചു;
അന്നാളിലവതാരമാർന്നോരീ വിഷ്ണ്വംശജൻ
മന്നന്നുമക്കായ്യുമേ സാധ്യമായ് ഭവിക്കട്ടെ !

ഓജസ്സുംപ്രസാദവും തുല്യമായ് സൂര്യേന്ദുക്കൾ
യോജിച്ചുഭൂവിൻദീപ്തിക്കുത്ഭവിച്ചതുപോലെ
രാപ്പകൽഭേദംവെടിഞ്ഞെപ്പൊഴും വിളങ്ങട്ടെ-
യപ്പമാൻരഥാങ്ഗവുംചെമ്പോത്തുംവാഴ്ത്തുംവണ്ണം.

സ്വാപദാനത്തിൻമേന്മകൊണ്ടുതൽപൂർവ്വന്മാരാം
ഭൂപരെസ്സത്ത്വ്യരല്ലെന്നാക്കിനിരന്തരം
ചാർത്തട്ടെകസ്തൂരിപ്പൊട്ടിന്നൃപൻതന്നോമന-
ക്കീർത്തിലക്ഷ്മിതൻതിങ്കൾക്കീറൊളിത്തുനെററിയിൽ."

ആഗ്രഹാധികപ്രദനങ്ങയോടിമ്മട്ടാരോ
വാക്യത്താൽചെയ്യുന്നീലമൂകതൽപ്രഖ്യാപനം.
ഭൂതഭാവന!വിഭോ!പോററുക ചിത്രക്ഷോണീ-
നാഥനെയങ്ങേശ്ശക്തിക്കൊപ്പവും,— അതിന്മേലും.

പ്രാർത്ഥിക്കാംനമുക്കെല്ലാംപ്രാർത്ഥിക്കാംദൈവത്തോടി-
പ്പാർത്ഥിവപ്രവേകനെപ്പാലിപ്പാൻപ്രതിക്ഷണം.

ഉള്ളൂർ.

ശ്രീ

# ചിത്രോത്സവം.

ശ്രീമൂലം തിരുനാളിൽവാണ മഹിതൻരാജർഷിവര്യൻ ചിരം
ലാളിച്ചുവളത്തിനല്ലവിരുതുംസൌഭാഗ്യവുംനേടിയോൾ
ശ്രീവഞ്ചിക്ഷിതിലക്ഷ്മി പർവ്വതസുതയ്ക്കൊപ്പംതപസ്സാർന്നിതാ
വേട്ടുവേണ്ട വിഭൂതിപൂണ്ടവനെഘോഷിക്ക ചിത്രോത്സവം.

സൂര്യാലോകനമേററുപുഞ്ചിരിപൊഴിച്ചീടുന്നു വിശ്വംഭരാ;
കാര്യാകാര്യമറിഞ്ഞു കീർത്തനമുരച്ചീടുന്നുപത്രീശ്വരർ;
മര്യാദയ്ക്കുരസംവളത്തിയൊഴുകും ഗാംഗേയഭംഗിക്കെഴും
പര്യായേന്ന കളിച്ചിടുന്നനിതരാം ശ്രീരാജഹംസങ്ങളും.

നേത്രാനന്ദകരം ഫലേഗ്രഹികളും പുഷ്പോപഹാരങ്ങളാൽ
ചിത്രാരാമവിഹാരകൌതുകമുദിപ്പിക്കുന്നമന്ദേതരം;
ഭർത്രാ ചേർന്നുരമിക്കുവാൻ വസുമതിക്കുത്സാഹവുംവന്നുസത്-
പത്രാലാപവിശേഷകങ്ങളുമണിഞ്ഞുത്ഭൂതമാനോജ്ഞകം.

താപത്തിൻ സദാഗതിപ്രസരവുംമന്ദീഭവിച്ചു സുഖ-
സ്വാപംപൂണ്ടു സുഹൃജ്ജനങ്ങൾ സുമനസ്സന്ദോഹമാർന്നന്വഹം;
ചാപംപഞ്ചശരൻ കുലച്ചുവടിവിൽക്കാണുന്നു ചേണാർന്നിതാ
ദീപശ്രേണിയണിഞ്ഞ പൂമുഖശതം രഥ്യാവിതാനായിതം.

കീർത്തിജ്യോത്സ്‌നിക നാലുദിക്കിലുമുഴിഞ്ഞിടുംമഹാരാജനെ-
പ്പാർത്തിട്ടാർക്കുമുദിച്ചിടുന്നു ഹൃദയാഹ്ലാദം കലാപൂർണ്ണനായ്;
വീർത്തീടുന്നുമുഖാരവം പരഭൃതവ്രാതത്തിനും സേവനാ-
യാർത്തിപ്പെട്ടസുധാരസംഭ്രമമണഞ്ഞുദ്ധൂതപക്ഷദ്വയം.

ഗന്ധർവ്വധ്വനിപൂണ്ട പുഷ്യരഥമാർന്നംഭോരുഹാഡംബരം
സന്ധിക്കുന്ന കടാക്ഷവീക്ഷണവുമച്ചില്ലീനവചാപലവും
ബന്ധൂകാരുണവാരവാണവുമണിഞ്ഞന്യാദൃശം ശ്രീപെറും
സന്ധ്യാരാഗമനോജ്ഞനാം നരവരൻനൾകുന്ന കാമങ്ങളെ.

വാനിൽബ്ബാണഗണങ്ങളേറിയുഴറിപ്പോരിട്ടു താരങ്ങളെ
സ്ഥാനഭ്രഷ്ടരുമാക്കി പൂമഴപൊഴിക്കുന്നു ജയഘോഷമായ്;

ന്നൂനം വന്നാളികാരവം കരി വളർത്തീടുന്നകമ്പങ്ങളും
ധ്വാനം വാഹിനി വായ്ച്ചിടുന്നതുമരച്ചീടുന്ന ഹിത്രോത്സവും.

പോരാടുന്നതിലുള്ള കൌതുകഭരം ധാരാളമുണ്ടാകയാൽ
ചാരത്തായി നിരത്തിനല്ല ചതുരംഗക്കോപ്പു വമ്പാർന്നവർ
നേരായ്‌വച്ചരശിങ്കലിഷ്ടവുമുടൻ കമ്പിക്കു നീട്ടാതെ നി-
ന്നോരോ കോപ്പുകളിട്ടുറച്ചു തുറസിൽകാക്കുന്നിതാ ദേവനെ.

പന്താടിപ്പണിചെയ്യുവോർ പുലരിയിൽപ്പട്ടാത്തിലൊററയ്ക്കുനി-
ന്നന്താളിച്ചു വശം പകന്നു നിലയിൽപ്പാഞ്ഞെത്തി മത്താന്നിതാ
താന്താങ്ങൾക്കുതകുന്ന ലക്ഷ്മിയെ വരിച്ചന്യൂനരാഗം കല-
ന്നന്തായാലുമഹംകരിച്ചു വിളയാടുന്നു സമുത്സാഹരായ്.

അന്നത്തിന്നു സുഭിക്ഷമായ് സുമനസാം സംഭാവനയ്ക്കൊത്തപോൽ,
ഖിന്നത്വം വെടിയുന്നു മാനവരവർക്കുള്ളിഷ്ടലാഭത്തിനാൽ,
നന്നായിട്ടു മധുവ്രതാരവമിയന്നീടുന്നിതുദ്യാനവും,
മന്നാകെത്തെളിയുന്നു, മന്നർ കുലവും നന്ദിച്ചുവാഴുന്നിതാ.

മുന്നംദാശരഥിക്കയോദ്ധ്യയിലുളായ് പട്ടാഭിഷേകോത്സവം
നന്നായ് വന്നുലകിന്നു സൌഖ്യമിതി നാം കേൾപ്പൂ പുരാണങ്ങളിൽ;
മന്നാർമന്നവനായ ചിത്രതിരുനാൾശ്രീരാമനേ വെട്ടിതാ
മന്നിന്നുത്സവമാർന്നിടുന്നു നിതരാം പ്രത്യക്ഷമായ് കാൺമൂ നാം.

എം. രാജരാജവർമ്മ രാജാ.

# സാഹിത്യകാരന്മാരുടെ ദുരവസ്ഥ.

Thomas Carlyle.

(ആർ. ഈശ്വരപിള്ള ബി. ഏ.)

ജ്ഞാനത്തെ ഗ്രഹിക്കുക എന്നുള്ളതു് ജ്ഞാനത്തെ ഉപയോഗിക്കുക എന്നുള്ളതാണെങ്കിൽ, യശസ്സ് യഥാർത്ഥമാഹാത്മ്യത്തേയും മനസ്സമാധാനത്തേയും നൽകുന്നുണ്ടെങ്കിൽ ചാരിതാർത്ഥ്യമെന്നുള്ളതു ബുദ്ധിയെ അ

തിനുചിതമായ ഭക്ഷണംകൊണ്ടു് പോഷിപ്പിക്കയും പ്രതിഭയെ അനവദ്യയായ സൌന്ദര്യംകൊണ്ടു് പരിവൃതമാക്കുകയും ചെയ്യുന്നതാണെങ്കിൽ സാഹിത്യപരമായ ജീവിതം ഇഹലോകം നല്കുന്ന സുഖാനുഭൂതികളിൽ വച്ചു് ഏററവും അസൂയപ്പെടാവുന്ന ഒന്നുതന്നെയാണു്. എന്നാൽ സത്യം അങ്ങിനെയൊന്നുമല്ല. സാഹിത്യകാരനു് ഇതരന്മാരെക്കാൾ അധികം സുസ്ഥിരമൊ അപ്രതിഹതമൊ ആയ ഒരു മനശ്ശക്തിയില്ല. ഒരു കാര്യത്തെ ഗ്രഹിക്കുന്നതും അതിനെ പ്രവൃത്തിരൂപമാക്കുന്നതും രണ്ടും മററുള്ളവക്കെന്നപോലെ അയാൾക്കും ഭിന്നപ്രവൃത്തികളാണു്. അയാളുടെ യശസ്സ് തൻെറ സ്വഭാവവൈരസ്യത്തെ വല്ലപ്പോഴുമെങ്കിലുമൊ മനസ്സമാധാനത്തെ ഒരിക്കലെങ്കിലുമൊ പരിഹരിക്കുന്നതിനു് പര്യാപ്തമായി വരുന്നില്ല. യശസ്സിൻെറ പ്രകാശം കേവലം ബാഹ്യവും അന്യന്മാരുടെ ദൃഷ്ടികളെ മയക്കുന്നതും മാത്രമാണു്. ആന്തരമായി അതു അസ്വാസ്ഥ്യഹേതുകമാണു്. എന്തുകൊണ്ടെന്നാൽ, അഗ്നിയിൽ ആജ്യംപോലെ ഉല്ക്കൎഷം തല്ക്കാലം ശാന്തമാകുമെങ്കിലും വാസ്തവത്തിൽ ഒന്നുകൂടി തീക്ഷ്ണമായി പെട്ടെന്നു് ഉജ്വലിപ്പിക്കുകതന്നെ ചെയ്യുന്നു. പിന്നെയും ഈ സാഹിത്യകാരൻ കേവലം ദേഹിമാത്രമല്ല, ദേഹിയും ദേഹവും കൂടി കലൎന്നുള്ള ഒരു സത്വമാണു്. അയാളുടെ ബുദ്ധിശക്തികളെല്ലാം ഉൽകൃഷ്ടരീതിയിൽ ശിക്ഷിതങ്ങളും അപ്രകാരം ഉപയോഗിക്കപ്പെട്ടുന്നവയുമായിരിക്കാം. എന്നാൽ അയാൾക്കു് സുഖം വേണമെങ്കിൽ അതു കേവലം ചിന്തകൊണ്ടു മാത്രം സാധിക്കയില്ല. ഇതിലേക്കു് വികാരങ്ങളുടെ സന്തൎപ്പണം കൂടി ആവശ്യമാണു്. വസ്ത്രവും ഭക്ഷണവും അനപേക്ഷണീയങ്ങളാണു്. ഇവ ഇല്ലെങ്കിൽ അയാൾ മൃതനാകും. അയാളുടെ ജീവിതം അസൂയപ്പെടത്തക്കതല്ലെന്നു തന്നെയല്ല, അതു് ഒരു ദീപ്തമായ മനസ്സ് അതിൻെറ വ്യാപാരങ്ങളെ പ്രകാശിപ്പിക്കുന്ന രീതികളിൽവച്ചു് കഷ്ടതയും നികൃഷ്ടതയും കൊണ്ടു നിബിഡമായ ഒരു അവസ്ഥകൂടിയാണു്. ഗ്രന്ഥകൎത്താക്കന്മാരുടെ ജീവചരിത്രം പരിശോധിക്കുക. അതു് മനുഷ്യചരിത്രത്തിലെ അത്യന്തം ശോചനീയമായ ഒരദ്ധ്യായമാണു്. ഈ വകക്കാരുടെ ദൌൎഭാഗ്യങ്ങൾ അതിലെ പ്രധാനവും പ്രവൃദ്ധവുമായ വിഷയവുമാണു്. പലപ്പോഴും അവരുടെ കുറവുകളും ദോഷങ്ങളും അവരുടെ കഷ്ടതകളോടൊപ്പംതന്നെ വൎദ്ധിച്ചുവരുന്നു. ഇതെങ്ങിനെ വന്നുകൂടി എന്നറിയുന്നതിനു് ഒട്ടും പ്രയാസമില്ല. ഏതുതരമായ ബുദ്ധിവൈഭവവും പ്രായേണ അതിമൃദുലമായ വികാരത്തോടു സംഘടിതമായിത്തന്നെയിരിക്കും. അതീതബുദ്ധിയുടെ ഒരു ഒഴിച്ചുകൂടാത്ത ഘടകമാണിതു്. ഇപ്രകാരമുള്ള ചിത്തവൃത്തിയോടുകൂടിയവക്കു് ഏതുവിധജീവിതത്തിലും കഷ്ടത അധികമായിത്തന്നെയിരിക്കും. സാഹിത്യവിഷയത്തിലുള്ള വ്യാപാരം സഹജമായ ഈ ചാപല്യത്തിനു് മൂൎച്ച കൂട്ടുന്നു. സാഹിത്യപരിശ്രമങ്ങൾ

ക്കു് സഹജങ്ങളായ ഉപദ്രവങ്ങൾ ഇതിനെ സുസ്ഥിരമായ ഒരു ദുസ്സ്വഭാവമാക്കിത്തീൎക്കുന്നു. സാഹിത്യപരിശ്രമവും തൽസംബന്ധമായ വ്യാകുലതകളും ആണു് സാഹിത്യകാരന്റെ ജീവിതത്തിലെ പ്രധാനാനുഭവം. എന്നാൽ അതു നല്കുന്ന ആനന്ദം അത്യധികം തൈജസവും ക്ഷണഭംഗുരവുമായതുകൊണ്ടു്, നമ്മുടെ ഈ ലോകത്തിൽ സുഖത്തിനാസ്പദമായിരിക്കുന്ന ഭൌതികവും എന്നാൽ സമൃദ്ധവും സമ്പൂൎണ്ണവുമായി സംതൃപ്തിയുടെ അവച്ഛിന്നപ്രവാഹത്തെ ഉല്ലാദിപ്പിക്കുന്നതിനു് അതു പൎയ്യാപ്തമായി ഭവിക്കുന്നില്ല. മനസ്സിന്റെ അതിവിശിഷ്ടങ്ങളായ ശ്രമഫലങ്ങൾ അതിനു പറയത്തക്ക സന്തോഷം നൽകുന്നില്ല. എന്നല്ല, ചിലപ്പോൾ സന്താപവും ഉണ്ടാക്കുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ആകാംക്ഷകൾ അവരുടെ സാധകശക്തിയെ കവിഞ്ഞവയാണു്. ഈ പരിശ്രമങ്ങൾക്കു ലഭിക്കുന്ന ബാഹ്യമായ പ്രതിഫലവും ഇവയിൽനിന്നു ലഭിക്കുന്ന പ്രശസ്തിയും വളരെ വിലകുറഞ്ഞവയാണു്. പരിശ്രമത്തിൽ വിജയം ലഭിച്ചാൽ തന്നെയും അതിലുള്ള ആഗ്രഹത്തെ സംതൃപ്തിപ്പെടുത്തുന്നതിനു മതിയാകയില്ല. എന്നാൽ പരാജയം സംഭവിക്കുന്നതായാൽ അതിന്റെ ഫലം അസൂയയും ദ്വേഷവും എന്നല്ല മററു ദയനീയങ്ങളും അസുഖകരങ്ങളുമായ അനുഭവങ്ങളാകുന്നു. അതിനെ നിയന്ത്രിക്കുന്നതിനൊ തൃപ്തിപ്പെടുത്തുന്നതിനൊ സൌകൎയ്യമില്ലാതിരിക്കയും എന്നാൽ അതിനെ ദുഷിപ്പിക്കുന്നതിനും വ്യതിചലിപ്പിക്കുന്നതിനും ധാരാളം വഴിയുണ്ടായിരിക്കയും ചെയ്യുന്നതിനാൽ എളുപ്പം ചലിക്കുന്ന ഒരുവനു് വികാരം അനേകം അന്യോന്യവിരുദ്ധങ്ങളും എളുപ്പം ആൎക്കും പരിഹരിക്കാൻ നിവൃത്തിയില്ലാത്തവയുമായ ചിത്തവൃത്തികളെ ഉണ്ടാക്കിത്തീൎക്കുന്നു. ഇതുനിമിത്തമാണു് സാഹിത്യകാരന്മാരുടെ ദുരിതങ്ങൾ. ഇതുനിമിത്തമാണു് അവരുടെ കുറവുകളും മൌഢ്യങ്ങളും.

ഇങ്ങിനെ സാഹിത്യം പ്രതിഫലേഛ കൂടാതെ വിനോദത്തിനുവേണ്ടി എഴുതുന്നവൎക്കുപോലും ദോഷത്തിനും അസ്വാസ്ഥ്യത്തിനും ഹേതുവായി ഭവിക്കാൻ ഇടയുള്ള ഒരു തൊഴിലായി ഭവിക്കുന്നു. എന്നാൽ തന്റെ മാനത്തിനും ലൌകികസുഖത്തിനും വേണ്ടി മാത്രം അതിനെ തന്നെ അനന്യശരണമായി വരിക്കുന്നവൎക്കും എഴുതുന്നതിനുവേണ്ടി ജീവിക്കാതെ ജീവിക്കുന്നതിനുവേണ്ടി എഴുതുന്നവൎക്കും ഇതുസംബന്ധമായ ദുൎഘടങ്ങളും അപകടങ്ങളും ഭയങ്കരമാംവണ്ണം വൎദ്ധിക്കുന്നു. അസാധാരണമായ വാസനയോടും, പക്ഷെ വിധിദുൎവ്വിപാകത്തിനു് അധീനനായും തനിക്കു് എതിൎത്തുനില്ക്കുവാൻ ശക്തിയില്ലാത്തതായ ജീവിതമതസരത്തിൽ അങ്ങോട്ടുമിങ്ങോട്ടും പാദഘാതംകൊണ്ടു് തള്ളപ്പെടുന്ന ഒരു മനുഷ്യനേക്കാൾ ശോച്യമായ ഒരു കാഴ്ച മറെറാന്നുമില്ലതന്നെ. അത്യുൽകൃഷ്ടങ്ങളായ ചിന്തകളെ

ഉള്ളിൽ വഹിച്ചും, അതിനികൃഷ്ടങ്ങളായ ആവശ്യങ്ങളാൽ പ്രതിബദ്ധനാ
യും, പരിശുദ്ധങ്ങളും ശ്രേഷ്ഠങ്ങളുമായ ഉദ്ദേശങ്ങളോടുകൂടിയും, എന്നാൽ
സദാ ദാരിദ്ര്യത്തിന്റെ കാഠിന്യത്താലൊ വികാരത്തിന്റെ പ്രേരണയാ
ലൊ നേർവഴിയിൽനിന്നും ഭ്രഷ്ടനായും യശസ്സിനെ അതിയായി ആഗ്രഹിച്ചു
കൊണ്ടും പലപ്പോഴും അന്നത്തെ ഭക്ഷണം പോലും ലഭിക്കാതെയും തന്റെ
ഭാവനാസൃഷ്ടമായ സ്വർഗ്ഗത്തിന്റെയും, യഥാർത്ഥസ്ഥിതിയായ മഹാരണ്യ
ത്തിന്റെയും മദ്ധ്യമാർഗ്ഗം കിടന്നലഞ്ഞും തന്റെ കഠിനപരിശ്രമങ്ങളിൽ
പരാജയം സിദ്ധിച്ചും പ്രതിബന്ധം നേരിട്ടും, തന്റെ ഉത്തമകൃതികളിൽ
പോലും അതൃപ്തിയോടും, തന്റെ ധനസ്ഥിതിയെപ്പറ്റി നിരാശപ്പെട്ടും, ഈ
സാഹിത്യകാരൻ തന്റെ ദുസ്സഹജീവിതത്തെ അനന്യഗോചരങ്ങളായ ക
ഷ്ടപ്പാടുകളുമായി പോരാടുന്നതിലും അസ്വസ്ഥനായും, വിക്ലബനായും, ഭ്രാ
ന്തനായും, അധമനായും, കരുണയ്ക്കും ഹാസ്യത്തിനും പാത്രവാനായും, മ
നസ്സും ദേഹവും തമ്മിലുള്ള യുദ്ധത്തിലെ അസഹായനായ പരിധ്വസ്ഥനാ
യും കാലം നയിക്കുന്നു. ഇങ്ങിനെ അനേകം വിശിഷ്ടാത്മാക്കൾ അവരു
ടെ ജോലി അവസാനിക്കാതെയും ഇപ്രകാരമുള്ള വിപത്തുകൾക്കധീന
രായും ഇഹലോകം ത്യജിച്ചിട്ടുണ്ട്. ആട്ടയെപ്പോലെ പട്ടിണികൊണ്ടും,
കൌപ്പർ, കാളിൻസ് ഇവരെപ്പോലെ അജ്ഞാതരായി ചിത്തഭ്രമംകൊണ്ടും,
ചാറ്റെർട്ടനെപ്പോലെ നിഷ്ഠുരതരമായ വിധത്തിൽ സമാധാനം നേടി
അവർക്ക് സ്വാഗതം നൽകാത്ത ലോകത്തിൽ നിന്നും സന്തോഷം ദൂരെ ഗമി
ച്ചും, ദാരിദ്ര്യവും അപമാനവും എന്നുവേണ്ട മനുഷ്യരു സഹജങ്ങളായ മററ
നേകം ശല്യങ്ങൾക്കും എത്താൻ സാധിക്കാത്തതായ ആ അഭേദ്യമായ പ്രാ
കാരത്തിനുള്ളിൽ സങ്കേതം പ്രാപിച്ചവരും ഇല്ലാതില്ല. ഇങ്ങിനെയിരു
ന്നാലും ഇവരുടെയിടയിലാണ് മനുഷ്യവർഗ്ഗത്തിന്റെ ഉത്തമോത്തംസങ്ങളും
അവരുടെ പ്രധാന ഉപകർത്താക്കന്മാരുമായവരെ കാണാൻ കഴിയുന്നതു്.
ഇവരാണ് നമ്മുടെ ആത്മാക്കളുടെ വിശിഷ്ടഭാഗങ്ങളെ ഉന്മേഷത്തോടുകൂ
ടി സംരക്ഷിച്ചിട്ടുള്ളതു്. ഇവരാണ് നമുക്കു അധികാരത്തെക്കാളൊ, ഭോ
ഗത്തെക്കാളൊ ഉൽകൃഷ്ടങ്ങളായ ആദർശങ്ങൾ നൽകുന്നതും. ഈ ഭൂമി
യിൽ ദൽനാധിപത്യത്തിന്റെ പൂർണ്ണഭരണത്തെ എതിർത്തു നില്ക്കുന്നതും.
ഇവരാണ് ബുദ്ധിയുടെ വിജയപ്രസ്ഥാനത്തിൽ നാസീരപദം വഹിക്കുന്ന
തും. ഇവരാണ് ശൂന്യങ്ങളായ അരണ്യങ്ങളിൽനിന്ന് തങ്ങളുടെ ഭാഗ്യവാ
ന്മാരായ സഹോദരന്മാരുടെ ചിന്തകൾക്കും വ്യാപാരങ്ങൾക്കും നവീനപ്രദേ
ശങ്ങളെ തെളിച്ചു ഫലസമ്പൂർണ്ണങ്ങളാക്കി കൊടുക്കുന്ന ശേമുഷിശാലേയക
ഷകന്മാർ. എന്നാൽ ഇവരുടെ പരോപകാരപരമായ വിജയങ്ങളിൽനി
ന്നും ഇവർക്കെല്ലാം മാത്രമെ കിട്ടുന്നുള്ളുവെന്നുള്ളതു വളരെ ദയനീയമായ അ
സ്ഥയാണ്. എന്നാൽ അസന്തുഷ്ടിയെ പ്രദർശിപ്പിച്ചിട്ടാവശ്യം ഇല്ലെ

ന്നു തോന്നുന്നു. ഇവർ ഈ വിഷയത്തിൽ ധർമ്മഭടന്മാരാണ്. അവർ അതിൻെറ ദോഷങ്ങളെക്കാൾ ആനന്ദത്തെയാണ് കൂടുതൽ തൂക്കമുള്ളതായി ഗണിച്ചത്. അതുകൊണ്ട് എല്ലാവരേയുംപോലെ തന്നെ അവരും അവരുടെ നിശ്ചയത്തിൻെറ ഫലം അനുഭവിക്കതന്നെ വേണം. അവർ അനുഗമിക്കുന്ന പന്ഥാവിലെ കഷ്ടതകൾ ഭയങ്കരങ്ങളാണ്. എന്നാൽ അവയെല്ലാം ഒരുപോലെ അപരിഹാര്യങ്ങളല്ല. ഈ വിഷയത്തിൽ ശരിയായ മാർഗ്ഗത്തെ അവലംബിക്കുന്നവർക്കു തക്കതായ പ്രതിഫലം ഇല്ലാതില്ല. ഒരു സാഹിത്യകാരൻെറ ജീവിതം മററുള്ളവരുടെ ജീവിതത്തെക്കാൾ അസുഖകരവും സമാധാനരഹിതവുമാണെങ്കിൽ അതിനെ അധികം ഉന്മേഷജനകവും ഉൽകൃഷ്ടവുമാക്കാൻ കൂടി സാധിക്കുന്നതാണ്. തന്നെ നികൃഷ്ടനാക്കുവാൻ തനിക്കുതന്നെ കഴികയുള്ളു. തീക്ഷ്ണബുദ്ധികളുടെ ചരിത്രത്തിനു വാസ്തവത്തിൽ രണ്ടു വശങ്ങൾ ഉണ്ട്. ഒന്ന് തേജോമയവും മററത് തമോമയവുമായിത്തന്നെ ഇരിക്കും.

ഇങ്ങിനെ അനേകം അനുഗ്രഹീതന്മാരായ മനുഷ്യരുടെ കഷ്ടതയെ വീക്ഷിക്കുന്നതും അതിലും കഷ്ടമായി അവരുടെ അധഃപതനത്തെ കാണുന്നതും വ്യസനഹേതുകമാണെങ്കിൽ ഏതദ്വിപരീതമായി സകല ജീവിതസരണികൾക്കും പ്രത്യേകിച്ച് ഇവരുടെ മാർഗ്ഗത്തിനും സഹജങ്ങളായ പ്രലോഭനങ്ങളും കഷ്ടതകളും കൂട്ടാക്കാതെ അവയുടെ നടുവിൽകൂടി പ്രശാന്തവും പരിപാവനവുമായ ഗൌരവത്തോടുകൂടി സഞ്ചരിച്ച് അവരുടെ സ്വഭാവശുദ്ധികൊണ്ടെന്നതുപോലെ തന്നെ അവരുടെ സത്സാഹിത്യങ്ങൾകൊണ്ടും നമ്മുടെ സ്മരണയിൽ പൂജ്യസ്ഥാനം ലഭിച്ചു വർത്തിക്കുന്ന അപൂർവ്വം ചിലരെക്കുറിച്ച് ചിന്തിക്കുന്നതും അതിൽ ഇരട്ടി സന്തോഷാവഹമാണ്. ഇവരാണ് ഈ കീഴ്ലോകത്തിലെ സുരഭിലകുസുമങ്ങൾ. ഇപ്രകാരമുള്ളവർക്കു മാത്രമെ "മഹാന്മാർ" എന്നുള്ള അഭിധാനം സാർത്ഥമായി നൽകുവാൻ ന്യായമുള്ളു. ഇവരുടെ സർവ്വവ്യാപാരങ്ങളിലും ഹൃദ്യചിന്താവിഷയമായ ഒരു പരസ്പരസാദൃശ്യം ഉണ്ട്. "ആരൊരുവൻ ഒരു മഹാകാവ്യം നിർമ്മിക്കുവാൻ ഇച്ഛിക്കുന്നുവോ അവൻ തൻെറ ജീവിതം മുഴുവനും ഒരു മഹാകാവ്യം തന്നെയാക്കണം." ഇപ്രകാരമാണ് നമ്മുടെ മിൽട്ടൻ അഭിപ്രായപ്പെടുന്നത്. അദ്ദേഹം കേവലം അഭിപ്രായംകൊണ്ട് തൃപ്തിപ്പെടാതെ അതിനെ പ്രവൃത്തികൊണ്ടു യഥാർത്ഥീകരിക്കുകയും ചെയ്തു. സാഹിത്യകാരന്മാരുടെ സച്ചരിത്രരാജാവായ മിൽട്ടൻെറ കൂടെ പല കാലങ്ങളിലും പല രാജ്യങ്ങളിലും നിന്നു ഒരുൽകൃഷ്ടസാഹിത്യനായകസമൂഹത്തെ ചേർക്കപ്പെടാം. സാഹിത്യകാരന്മാരുടെ തീർത്ഥയാത്രയിൽ അവർക്കു ചുററും നിന്ന് അവരെ ഉൽകൃഷ്ടോദ്യമങ്ങളിലേക്ക് ഉത്സാഹിപ്പിക്കയും അവരുടെ ഏകാന്തചിന്തകളെ പ്രത്യാശകൾ കൊണ്ടു ഉദ്ദീപിപ്പിക്കയും അ

വരെ പ്രയത്നിക്കുന്നതിനും, ക്ഷമിക്കുന്നതിനും ദുഘടങ്ങളെ തരണംചെയ്യുന്നതിനും അഥവാ പരാജയത്തിലും കഠിനകഷ്ടതകളിലും ക്ഷമയാകുന്ന ഇരിമ്പുകവചംകൊണ്ടു് ഹൃദയത്തെ സുരക്ഷിതമാക്കുന്നതിനും അഭ്യസിപ്പിക്കയും ചെയ്യുന്ന സർവ്വസാക്ഷികളാണു് ഇക്കൂട്ടർ.

# കൃഷ്ണഗാഥയും ചെറുശ്ശേരിയും.

## II

(ഡി. പത്മനാഭനുണ്ണി എം. എ.)

ഈ പദ്യം ഗാഥാകർത്താവിന്റേതല്ലെന്നു സ്ഥാപിക്കുന്നതിനു് വിമർശകന്മാർ കൊണ്ടുവരുന്ന മറ്റൊരു ന്യായം "ഓരോ ഖണ്ഡവും തീരുമ്പോഴും കവി കോലഭൂപനു തീർന്നിടത്തോളം കവിത കാഴ്ചവെക്കാറുണ്ടായിരുന്നെന്നും, അപ്പോഴൊക്കെ അടുത്ത ഖണ്ഡവുംകൂടി രചിക്കണമെന്നു് ഭൂപൻ കല്പിക്കാറുണ്ടായിരുന്നെന്നും വിചാരിക്കണമെന്നാണെങ്കിൽ കവിയുടെ കവിതാബീജമാകുന്ന ശക്തിക്കു് കുറവും, ആജ്ഞാപകന്റെ ഗൌരവത്തിനു ഹാനിയും തട്ടുന്നു" എന്നുള്ളതാണു്. കവി തീരുന്നിടത്തോളം ഭാഗം പ്രഭുവിനെ വായിച്ചു കേൾപ്പിക്കയും, അദ്ദേഹത്തിന്റെ ആജ്ഞ പൊളിച്ചെഴുതിപ്പിടിക്കുകയും ചെയ്യാതെ തന്നെ ഖണ്ഡാവസാനങ്ങളിൽ ഇപ്രകാരമുള്ള ഒരു പദ്യം ചേർക്കുന്നതുകൊണ്ടു് വലിയ അനൌചിത്യമൊന്നും വരാനില്ല. അഥവാ, അങ്ങനെ ചെയ്തുവെന്നുതന്നെ ഇരിക്കട്ടെ, "തീർന്നിടത്തോളം ഭാഗം നന്നായിരിക്കുന്നു; അമാന്തിക്കാതെ ശേഷവും തീർക്കു" എന്നു് പ്രഭു വീണ്ടും, വീണ്ടും കവിയെ പ്രോത്സാഹിപ്പിക്കുന്നതായാൽ തന്നെ "കവിയുടെ കവിതാബീജമായ ശക്തിക്കു് കുറവും, ആജ്ഞാപകന്റെ ഗൌരവത്തിനു ഹാനിയും" തട്ടുന്നതെങ്ങനെയാണു്.? ഇതും സങ്കല്പസൃഷ്ടമായ ഒരു ദോഷമേ ആകുന്നുള്ളൂ.

ഈ വിമർശകന്മാർ പ്രസ്തുത പദ്യത്തിൽ കാണുന്ന മറ്റൊരാക്ഷേപം 'പ്രാജ്ഞന്യ' എന്നു് കോലഭൂപനുള്ള വിശേഷണത്തിലാണു സ്ഥിതിചെയ്യുന്നതു്. "മുൻപറഞ്ഞ നിർവചനമനുസരിച്ചു് ഈ വിശേഷണം കവിക്കാണു് കൂടുതൽ യോജിക്കുന്നതു്. രാജാവിന്റെ ആജ്ഞാശക്തിയുടെ അലംഘനീയതയെ മറ്റോ സ്ഫുരിപ്പിക്കുന്നതിനു വളരെ പ്രയോജകമാ

കമെന്ന് തോന്നുന്നില്ല" എന്നാണ് അവർ അഭിപ്രായപ്പെടുന്നത്. കവിരാജാവിന്റെ ആജ്ഞയെപ്പററി പറയുന്നുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിലുള്ള ബഹുമാനംകൊണ്ടാണെന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ ഈ വാദത്തിന് അവകാശമേ ഉണ്ടാകുന്നതല്ലായിരുന്നു. ഭരണകാര്യങ്ങളിലല്ലാതെ കാവ്യരചനയിൽപോലും രാജാവിന്റെ 'ആജ്ഞാശക്തിയുടെ അലംഘനീയത' കാണാമെന്നു പറയുന്നത് വലിയ സാഹസവുമാണ്.

'പ്രജ്ഞാ'പദത്തിന് ഈ "മുൻപറഞ്ഞ നിർവ്വചന"മെന്താണെന്നുകൂടി ഇവിടെ എടുത്തു കാണിച്ചുകൊള്ളട്ടെ. അവയിൽ ഒന്ന് "നവനവോന്മേഷശാലിനീ" എന്നും, മററൊന്ന് "പ്രജ്ഞ ഏവ പ്രാജ്ഞ" എന്നും ആകുന്നു. ഇതിൽ ഒന്നാമത്തേത്

"പ്രജ്ഞാ നവനവോന്മേഷ-
ശാലിനീ പ്രതിഭാ മതാ"

എന്നതിൽ നിന്നാണെന്നു പ്രത്യക്ഷമാണല്ലോ. അതിന്റെ താല്പര്യം "നവനവോന്മേഷശാലിനിയായ പ്രജ്ഞയാണ് പ്രതിഭ"യെന്നാകുന്നു. ഇതു പ്രതിഭയുടെ ഒരു നിർവചനമാണെന്നു മനസ്സിലാക്കാതെ വിമർശകന്മാർ ഒന്നു തകിടംമറിക്കുകയാണു ചെയ്തിട്ടുള്ളത്. ശക്കരചേർത്തു തയാറാക്കുന്ന ചോറു പായസമാണെന്നു പറയുന്നതിനു പകരം ശക്കര കലന്ന പായസം ചോറാണെന്നു പറഞ്ഞാലുണ്ടാകാവുന്ന അബദ്ധം വിമർശകന്മാരുടെ ഈ വ്യാഖ്യാനത്തിലുണ്ട്. അതുപോലെ 'പ്രജ്ഞ ഏവ പ്രാജ്ഞഃ' എന്നിടത്തു "പ്രജ്ഞ" എന്നതിന്റെ അർത്ഥം പ്രജ്ഞ (അവബോധനം) ഉള്ളവൻ എന്നുമാകുന്നു. അതിനാൽ പ്രജ്ഞയ്ക്കു വിമർശകന്മാർ കൊടുത്തിട്ടുള്ള നിർവ്വചനങ്ങൾ രണ്ടും അനർത്ഥമാകുന്നു. പ്രസ്തുതപദ്യത്തിലെ പ്രാജ്ഞസ്യയും കോലഭ്രൂപസ്യയിലെ ഭ്രൂശബ്ദപ്രയോഗവും വരുത്തിക്കൂട്ടുന്ന അസ്വാരസ്യം എന്താണെന്നു ഗ്രഹിക്കുന്നതിനു മാത്രമുള്ള സഹൃദയത്വം പലക്കും ഇല്ലാതെ വന്നേക്കാം. എന്നാൽ "അല്പമായ ആയുഷ്കാലത്തിൽ അനല്പമായ വൃഥാപ്രയത്നം എന്തിനാണു ചെയ്യുന്നതു" എന്ന വിമർശകന്മാരുടെ ചോദ്യത്തിന് അവരുടെ വിമർശനംതന്നെ നിദർശനമാണെന്നു പറവാൻ പലക്കും തോന്നാതിരിക്കുകയില്ല.

ഭാഗവതം വായിച്ചു രസിക്കുവാൻ സംസ്കൃതഭാഷയിൽ പഠിപ്പും പാണ്ഡിത്യവുമില്ലാത്ത കേരളീയരാണ് ഗാഥയുടെ അധികാരികൾ എന്നും, അവക്കുവേണ്ടി രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തിൽ ഒരു സംസ്കൃതശ്ലോകം എഴുതുന്നതു് അനൌചിത്യമാണെന്നും, കൃഷ്ണഗാഥാകർത്താവു് അപ്രകാരം ചെയ്യുന്നതല്ലെന്നുമാണ് ഈ പണ്ഡിതന്മാരുടെ മറെറാരു വാദം.! കൃഷ്ണ

ഗാഥ അപണ്ഡിതന്മാൎക്കുവേണ്ടി ഉണ്ടാക്കീട്ടുള്ള ഒരു കാവ്യമാണെന്ന് അതുവായിച്ചിട്ടുള്ളവരാരും സമ്മതിക്കുമെന്നു തോന്നുന്നില്ല. പ്രതിപാദ്യവിഷയം ഭാഗവതത്തിൽനിന്നും എടുത്തിട്ടുള്ളതാണെങ്കിലും പ്രതിപാദനരീതിയും, ഭൂരിപക്ഷം ആശയങ്ങളും, കവിയുടെ സ്വാതന്ത്ര്യബുദ്ധിയിൽനിന്നും ഉത്ഭവിച്ചിട്ടുള്ളവയാണ്. രാമായണം ഭാരതം മുതലായ ഇതിഹാസങ്ങളേയും, ഭാഗവതം മുതലായ പുരാണങ്ങളേയും അവലംബിച്ച് സംസ്കൃതഭാഷയിൽതന്നെ രഘുവംശം, കിരാതാർജ്ജുനീയം, ശ്രീകൃഷ്ണവിലാസം, മുതലായ കാവ്യങ്ങൾ ഉണ്ടായിട്ടുള്ളതു അപണ്ഡിതന്മാരെ ഉദ്ദേശിച്ചല്ല; കാവ്യരസികന്മാരെ ഉദ്ദേശിച്ചാണ്. അവ ഇതിഹാസങ്ങളേയും, പുരാണങ്ങളേയും മൂലഗ്രന്ഥത്തിൽ കണ്ടതുപോലെ പകൎത്തി എഴുതീട്ടുള്ളവയല്ല. നേരേമറിച്ച് വള്ളത്തോൾ, കുഞ്ഞിക്കുട്ടൻതമ്പുരാൻ മുതലായവർ രാമായണം, ഭാരതം മുതലായവയെ ഭാഷയിൽ വിവൎത്തനം ചെയ്തിട്ടുള്ളതു് സംസ്കൃതഭാഷാഭിജ്ഞന്മാരെ മാത്രം ഉദ്ദേശിച്ചാണ്. കൃഷ്ണഗാഥ അങ്ങനെയുള്ള ഒരു തൎജ്ജിമയല്ല. അതു് കേശവീയം, രുഗ്മാംഗദചരിതം, പാണ്ഡവോദയം മുതലായവയെപ്പോലെ പൌരാണികകഥയെ അടിസ്ഥാനപ്പെടുത്തി ഉണ്ടാക്കീട്ടുള്ള ഒരു സ്വാതന്ത്ര്യകാവ്യമാകുന്നു. അതിനാൽ ഘട്ടാവസാനത്തിൽ ഒരു ചെറിയ സംസ്കൃതപദ്യം എഴുതിച്ചേൎത്തതുകൊണ്ട് കവിയുടെ പേരിൽ ഒരു വലിയ അനൌചിത്യാപരാധം ചുമത്തേണ്ട ആവശ്യമില്ല. കൃഷ്ണഗാഥ എഴുതിയ കാലത്തു് പല മണിപ്രവാളകൃതികളും ഉണ്ടായിട്ടുണ്ടെന്നും, അവയിൽ കേവലം സംസ്കൃതത്തിൽതന്നെ എഴുതിയ വളരെ ശ്ലോകങ്ങൾ ഉണ്ടെന്നും ഉള്ള സംഗതികളും കൂടി ഈ ഘട്ടത്തിൽ നാം സ്മരിക്കേണ്ടതാണ്. കൃഷ്ണഗാഥയിൽതന്നെ ഈ ഒരു പദ്യം മാത്രമല്ല സംസ്കൃതത്തിൽ എഴുതിയിട്ടുള്ളതു്. വളരെ ഉദാഹരണങ്ങളുള്ളതിൽ ചിലതുമാത്രം ഇവിടെ ഉദ്ധരിക്കാം.

(1) 'പദനിന്ദിതമൃദുപങ്കജനഖനിന്ദിതഖഗതേ
ഗളനിന്ദിതവരകംബുകഭുജനിന്ദിതഭുജഗം
സ്മിതനിന്ദിതവരകുന്ദകമുഖനിന്ദിതശശഭൃത്
കചനിന്ദിതതിമിരം തവ തിരുമെയ് പരികലയേ.

(2) കരവാരിജപരിശോഭിതദരവാരിജമമലം
വരവാരിജനിലയാകരപരിലാളിതചരണം
പദവാരിജപതിതാമയപരിസേദനനിപുണം
നവവാരിജനയനം തവ തിരുമെയ് പരികലയേ.

(3) ധരണീധരകരുണാകരശരണാഗതജനതാ
പരിപാലനനിരതാഖിലദുരിതാപഹജഗതാം

കലിനാശനകബളീകൃതനവനീതക തൊഴുതേൻ
വിലസീടുകനിയതംമയിനിര്ർണ്ണാതവകരുണാ.’

മേൽകാണിച്ച മണിപ്രവാളപദത്തിൽനിന്നും ഗാഥാകർത്താവിനു സംസ്കൃതഭാഷയോടും പ്രത്യേകം വെറുപ്പൊന്നുമുണ്ടായിരുന്നില്ലെന്നും; സംസ്കൃതഭാഷാഭിജ്ഞന്മാരെ മാത്രം ഗാഥയുടെ അധികാരികളായി അദ്ദേഹം സങ്കല്പിച്ചിട്ടില്ലെന്നും പ്രത്യക്ഷമാകുന്നുണ്ടല്ലൊ. ഇതിനുംപുറമെ, പ്രസിദ്ധപണ്ഡിതനായിരുന്ന കയ്ക്കുളങ്ങര രാമവാര്യർ മലയാളഭാഷയിൽ വ്യാഖ്യാനിച്ചിട്ടുള്ള അഷ്ടാംഗഹൃദയം മുതലായ നിരവധി ഗ്രന്ഥങ്ങളുടെ സർഗ്ഗാവസാനങ്ങളിൽ “പണ്ഡിതപാരവശേന്ദ്രകൃതായാം, ഭാഷാടീകായാം..........സമാപ്തം” എന്നിങ്ങനെ സംസ്കൃതഭാഷയിൽ എഴുതിച്ചേർത്തിട്ടുള്ളതു് ആ ഭാഷയറിയാൻ പാടില്ലാത്ത മലയാളികളെ മാത്രം ഉദ്ദേശിച്ചാണോ?. കൃഷ്ണഗാഥാകർത്താവും അതുപോലെ സർഗ്ഗാവസാനങ്ങളിൽ ഒരു സംസ്കൃതപദ്യം ചേർത്തു എന്നു വിചാരിക്കുന്നതായാൽ പിന്നെ അതേപ്പററി ഈ വക കുയുക്തികൾ പുറപ്പെടുവിച്ച് “അല്പമായ ആയുഷ്കാലത്തിൽ അനല്പമായ വൃഥാപ്രയത്നം” ഈ പണ്ഡിതന്മാർ ചെയ്യേണ്ടതില്ലായിരുന്നു.

ഇനി കൃഷ്ണഗാഥ എന്ന സമസ്തപദം ഗ്രന്ഥത്തിൽ ഒരു ദിക്കിലും തല്കർത്താവു പ്രയോഗിച്ചിട്ടില്ലെന്നുള്ളതാണു് ഇവർ കാണുന്ന മറെറാരാക്ഷേപം. അച്യുതഗാഥ, ആനന്ദഗാഥ, ഉത്തമഗാഥ, മാധവൻതന്നുടെ ഗാഥ എന്നിങ്ങനെ പല പ്രയോഗങ്ങളും അവർതന്നെ പ്രസ്തുതഗ്രന്ഥത്തിൽനിന്നും ഉദ്ധരിച്ചിട്ടുള്ളതുകൊണ്ടു ഗ്രന്ഥത്തിനു് ഗാഥയെന്നു പേരിടുന്നതിനു കവിക്കു് വലിയ സങ്കോചമൊന്നും ഉണ്ടായിരിക്കാൻ ഇടയില്ലെന്നു് അവർതന്നെ സമ്മതിക്കുമെന്നു തോന്നുന്നു. എന്നാൽ ആ ഗാഥാപദം കൃഷ്ണശബ്ദത്തോടു ചേർത്തു പ്രയോഗിച്ചു കാണാത്തതുകൊണ്ടാണു് പ്രസ്തുതനാമം അവർക്കു സ്വീകാര്യമായിത്തോന്നാത്തതു്. കൃഷ്ണൻ എന്നുള്ള നാമം തന്നെ “വൈദേശികരൊ, വിദ്വേഷമുള്ളവരൊ മാത്രമെ കഥയിൽ ഉപയോഗിച്ചിട്ടുള്ളു” എന്നും, “കവിയും, ഗോപിമാരും, ഭഗവാന്റെ ബാല്യകാലത്തു് പരിചയമുള്ള മററുള്ളവരും, കണ്ണനെന്ന ഓമനപ്പേരു തന്നെയാണു വിളിച്ചുവന്ന”തെന്നും അവർ പറയുന്നു. പ്രസ്തുതഗ്രന്ഥത്തിൽ കൃഷ്ണശബ്ദം പ്രയോഗിച്ചിട്ടുള്ള ചില പദങ്ങളെ ഉദ്ധരിച്ചിട്ടാണു് അവർ ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു്. ആ വരികളെത്തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

1. ‘കൃഷ്ണനെന്നുള്ളൊരു നാമവുംചൊല്ലിനാൻ’
2. ‘കൃഷ്ണനിലുള്ള ഗുണങ്ങളെയന്നേരം’
3. ‘നാരായണാകൃഷ്ണഎന്നുതുടങ്ങിയ’

18 JAN 1932

4 'വിഷ്ണുവായുള്ളൊരു കൃഷ്ണൻ—'
5. 'കൃഷ്ണനെത്തന്നെയും മുൻനിറുത്തി'
6. 'കൃഷ്ണനമായ് വന്ന വൃഷ്ണികളെല്ലാരും'

ഇവയിൽ ഒന്നാമത്തെ വരിയിലുള്ള കൃഷ്ണശബ്ദം ഭഗവാനു പിതാവു നൽകുന്ന നാമമായിട്ടാണു കാണുന്നതു്. പിതാവിനെപ്പോലും "വൈദേശികരുടേയും, വിശേഷമുള്ളവരുടേയും" സംഘത്തിലുൾപ്പെടുത്തിയ വിമർശകസാഹസം അത്ഭുതാവഹം തന്നെ. രണ്ടും, നാലും, അഞ്ചും, ആറും വരികളിൽ കൃഷ്ണനാമം ഉപയോഗിച്ചിട്ടുള്ളതു് കവിവാക്യത്തിൽ തന്നെയാണെന്നുള്ള സംഗതി മനസ്സിലാക്കിയാൽ 'കവി കണ്ണനെന്ന ഓമനപ്പേരുതന്നെയാണു വിളിച്ചുവരുന്നതു്' എന്ന സിദ്ധാന്തം അടിസ്ഥാനരഹിതമാണെന്നു ധരിക്കാവുന്നതാണല്ലോ. ഭഗവാൻെറ മററു ചില നാമങ്ങളെ അപേക്ഷിച്ചു് കൃഷ്ണനാമം അല്പം വിരളമായിട്ടേ കവി ഉപയോഗിച്ചിട്ടുള്ളവെങ്കിൽ അതിനു കാരണം പ്രാസപ്രയോഗവൈഷമ്യംകൊണ്ടു മാത്രമായിരിക്കാനെ തരമുള്ളു. കവിക്കു കൃഷ്ണനാമത്തോടു് ഒട്ടും വെറുപ്പുതോന്നാനിടയില്ല. അതോടുചേർത്തു് ഗാഥാപദം കാവ്യത്തിൽ പ്രയോഗിക്കാതിരുന്നതും പ്രയോഗത്തിലുള്ള അസൌകര്യംകൊണ്ടു മാത്രമാണു്. അച്യുതഗാഥ, മാധവഗാഥ, ആനന്ദഗാഥ, ഉത്തമഗാഥ മുതലായ പ്രയോഗങ്ങളിലെല്ലാം ഗാഥാപദത്തിനുമുമ്പു് ഒരു യതിയിൽ നിറഞ്ഞുനില്ക്കുവാൻ മാത്രം മൂന്നക്ഷരങ്ങളുള്ള നാമങ്ങളെയാണു് കവി എളുപ്പത്തിൽ തിരഞ്ഞെടുത്തിട്ടുള്ളതു്. കൃഷ്ണനാമത്തിനു് ഈ സൌകര്യമില്ലാത്തതുകൊണ്ടു ബഹുലമായി പ്രയോഗിച്ചിട്ടില്ലെന്നല്ലാതെ കവി അതു മനഃപൂർവ്വം ചെയ്തതായിരിക്കാൻ തരമില്ല. ഗ്രന്ഥത്തിനു നാമകരണം ചെയ്യുമ്പോൾ ഗാഥാപദത്തോടു ചേർത്തു പ്രയോഗിക്കുന്നതിനു് കൃഷ്ണനാമത്തോളം ഉചിതമായി മററൊന്നും കവി കണ്ടിരിക്കയില്ലെന്നുള്ളതും തീർച്ചതന്നെ. അതുകൊണ്ടു് 'കൃഷ്ണഗാഥ' എന്ന ഗ്രന്ഥനാമം കവി നൽകിയതല്ലെന്നു ഊഹിക്കാൻ ഈ കാരണങ്ങളൊന്നും മതിയാകുന്നതല്ല.

"ഈ കൃതിയുടെ മൂലഗ്രന്ഥത്തിനു കൃഷ്ണകഥ പ്രതിപാദ്യമായിരിക്കെ, ഭാഗവതം എന്ന നാമധേയം എങ്ങനെ വന്നുകൂടി?" എന്നു വിമർശകന്മാർ ചോദിക്കുകയും, 'ഗ്രന്ഥാരംഭത്തിൽ ആ പേരു കാണുന്നതുകൊണ്ടാ'ണെന്നു സമാധാനിക്കുകയും ചെയ്യുന്നു. ഈ ചോദ്യവും സമാധാനവും ഒന്നുപോലെ തെററാകുന്നു. ഭാഗവതം മുഴുവൻ കൃഷ്ണഗാഥയല്ല. മഹാവിഷ്ണുവിൻെറ ദശാവതാരകഥകളാണു് അതിലെ പ്രതിപാദ്യവിഷയം. കൃഷ്ണാവതാരം അതിൽ ഒന്നു മാത്രമെ ആകുന്നുള്ളു. ഭഗവൽക്കഥയായതുകൊണ്ടു ഭാഗവതം എന്നു് ആ ഗ്രന്ഥത്തിനു് പേരുകൊടുത്തതാണെന്നേ

വിചാരിക്കേണ്ടതുള്ളു.

കവികൾ പ്രാരംഭത്തിൽതന്നെ ഗ്രന്ഥനാമം സ്പഷ്ടമാക്കിയിരിക്കുമെന്നാണ് വിമർശകന്മാരുടെ വിശ്വാസം. കാളിദാസൻ "രഘൂണാമന്വയംവക്ഷ്യേ" എന്നു രഘുവംശത്തിലും, "ആഷാഢസ്യപ്രഥമദിവസേ മേഘമാശിഷ്ടനാണു്" എന്നു മേഘസന്ദേശത്തിലും പ്രയോഗിച്ചിട്ടുള്ളതു ഇതിനുദാഹരണമാണെന്ന് അവർ പറയുന്നു. ആ കാളിദാസൻതന്നെ കുമാരസംഭവം എന്നൊരു കാവ്യം എഴുതീട്ടുണ്ടല്ലോ. അതിൽ ആദ്യമെന്നല്ല, കാളിദാസൻ എഴുതീട്ടുള്ളതായി വിചാരിക്കപ്പെട്ടുവരുന്ന ഏഴു സർഗ്ഗങ്ങളിലും എങ്ങുംതന്നെ തന്നാമം ഉപയോഗിച്ചിട്ടില്ലെന്നുമുള്ള സംഗതി ഇവർ മറന്നുപോയതു പോകട്ടെ; കൃഷ്ണഗാഥ എന്നതിനു പകരം അമൃതഗാഥ, മാധവഗാഥ എന്നിങ്ങനെയെല്ലാം പ്രയോഗിച്ചിട്ടുള്ളതു തത്തുല്യമായി സ്വീകരിക്കുന്നതിന് അസാധാരണവൈമനസ്യം കാണിക്കുന്ന ഈ വിമർശകന്മാർ രഘുവംശത്തിനു പകരം രഘൂണാമന്വയവും, മേഘദൂതിനു പകരം മേഘശബ്ദവുംകൊണ്ടു തൃപ്തിപ്പെടുന്നതാണു വിചിത്രമായിരിക്കുന്നതു്.!

## തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു പരിഷ്കാരം.

(പ്രൊ: സീതാരാമധേശൻ)

സാമ്പത്തികാധഃപതനം അതിന്റെ മൂർദ്ധന്യദശയെ പ്രാപിച്ചിരിക്കുന്ന ഇക്കാലത്തു് എല്ലാ ഗവണ്മെൻറുകളും വ്യയന്യൂനീകരണപദ്ധതികളെപ്പററി ഗാഢമായി ചിന്തിച്ചുവരികയാണ്. വിദ്യാഭ്യാസംകൊണ്ടും പരിഷ്കാരംകൊണ്ടും ഇൻഡ്യാമഹാരാജ്യത്തിലുള്ള മറേറതു രാജ്യത്തോടും കിടനില്ക്കുന്ന തിരുവിതാംകൂർസംസ്ഥാനത്തിലും വ്യയനിയന്ത്രണപരിപാടിയെപ്പററി ചിന്തകന്മാരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ ആലോചിച്ചുതുടങ്ങീട്ടുണ്ട്. തദവസരത്തിൽ ഈ വിഷയത്തോടു വളരെ ബന്ധപ്പെട്ടതും വിദ്യാഭ്യാസാഭിവൃദ്ധിയെ അത്യന്തം സഹായിക്കുന്നതുമായ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുപരിഷ്കരണത്തെപ്പററി എനിക്കു തോന്നീട്ടുള്ള അഭിപ്രായത്തെ 'രേഖപ്പെടുത്തുന്നതു് അസംഗതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

മററു പലരാജ്യങ്ങളിലുമില്ലാത്തവണ്ണം തിരുവിതാംകൂറിൽ സ്ത്രീവിദ്യാഭ്യാസം ദൈനംദിനമെന്നപോലെ ഉത്തരോത്തരം അഭിവൃദ്ധമായിത്തീൎന്നു വരുന്നു. സ്ത്രീകൾക്ക് ഐഹികജീവിതത്തിൽ പ്രത്യേകമായിട്ട് യാതൊന്നും സാധിക്കാനില്ലെന്നും അവർ പുരുഷന്മാരെപ്പോലെ എല്ലാത്തുറകളിലും നിസ്സങ്കോചം പ്രവേശിച്ച് സ്വശക്ത്യാനുസരണം ലോകോന്നമനത്തിൻവേണ്ടി അവരെ സഹായിക്കുകയും അവരാൽ സഹായിക്കപ്പെടുകയുമാണു ചെയ്യേണ്ടതെന്നുമാണ് അഭ്യസ്തവിദ്യരും പരിഷ്കൃതാശയരുമായ ആളുകളുടെ ഇടയിൽ പൊതുവെയുള്ള അഭിപ്രായം. ആ സ്ഥിതിക്ക് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു മാത്രം ആൺഡിപ്പാർട്ടുമെൻറും പെൺഡിപ്പാർട്ടുമെൻറുമായി വിഭജിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ദുരൂഹവും ദുരവഗമ്യവുമായിട്ടാണിരിക്കുന്നത്. ഇരുപതോ ഇരുപത്തൊന്നോ വയസ്സുവരെ ആണുങ്ങളോടൊരുമിച്ചിരുന്നു പഠിക്കാൻ വൈഷമ്യമുള്ള പെൺകുട്ടികൾക്ക് പരീക്ഷയിൽ ജയിച്ച സർട്ടിഫിക്കററു കിട്ടിയാൽ ഉടൻതന്നെ അഞ്ചലാഫീസിലൊ തപാലാഫീസിലൊ അക്കൌണ്ടാഫീസിലൊ മറെറാ ചെന്ന് പുരുഷന്മാരുടെ നടുക്ക് വാളൻറിയറായി മുദ്ര കുത്തിയാലും സ്റ്റാമ്പെണ്ണിയാലും കണക്കുകൂട്ടിയാലും മററും യാതൊരു വൈഷമ്യവും ഉണ്ടാകാതിരിക്കത്തക്കവണ്ണമുള്ള മനഃപാകത എങ്ങനെ സിദ്ധിക്കുമെന്നുള്ളത് ഊഹഗോചരമായിരിക്കുന്നു. അതെല്ലാം എങ്ങിനെയായാലും ലോകത്തിന്റെ ശോഭനമായ ഭാവി സ്ത്രീപുരുഷന്മാരുടെ സങ്കോചരഹിതമായ സഹപ്രവൎത്തനത്തിൽ നിന്നു മാത്രമേ സമുൽഭവിക്കയുള്ളു. അതുകൊണ്ട് തിരുവിതാംകൂർവിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് മഹാകാവ്യങ്ങളെ സ്ത്രീപുരുഷാലങ്കാരങ്ങൾ കൊണ്ട് സംസൃഷ്ടരൂപത്തിലല്ല സങ്കരരൂപത്തിൽതന്നെ പ്രസാധിക്കുകയായിരിക്കും ഉത്തമമായിട്ടുള്ളത്. തന്നിമിത്തമുണ്ടാകുന്ന ഗുണം മാനനാതീതവുമായിരിക്കും.

വ്യയന്യൂനീകരണോപാധിയെ അടിസ്ഥാനമാക്കി നോക്കുന്നപക്ഷം ഭീമമായ ഒരു തുക ഗവൺമെണ്ടിനു ലഭിക്കാൻ കഴിയും. ഒന്നല്ല, രണ്ടല്ല, അനവധി വലിയ ഉദ്യോഗങ്ങൾ കാൎയ്യക്ഷമതയ്ക്കു ഹാനിവരാത്തവിധം നിൎത്തൽചെയ്യാം. പല മനോഹരസൌധങ്ങളും ആവശ്യത്തിനുപയോഗിക്കാം. പലരേയും അനാവശ്യമായി ബുദ്ധിമുട്ടിക്കാതിരിക്കാം.

കാൎയ്യക്ഷമത എന്ന ഉപാധിയെ അടിസ്ഥാനമാക്കി നോക്കിയാലും ഡിപ്പാർട്ടുമെൻറിലെ സ്ത്രീപുരുഷസാങ്കൎയ്യം കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്ന് ഏതു പബ്ളിക്ക് പരീക്ഷാഫലവും സ്പഷ്ടമാക്കും. സ്ത്രീകളുടേയും പുരുഷന്മാരുടേയും പ്രവൎത്തനരംഗം ഒന്നുതന്നെ ആയിരിക്കുമ്പോൾ പ്രവൎത്തനചാതുരിയിൽ അവർ പ്രത്യേകം മനസ്സിരുത്തും. സ്ത്രീസാന്നിദ്ധ്യം പുരുഷനെന്നപോലെതന്നെ പുരുഷസാമീപ്യം സ്ത്രീക്കും അശ്രാന്തപരിശ്രമപ്രചോദകമായിരിക്കും.

അതുപോലെതന്നെ സയൻസ് കാളേജെന്നും ആർട്ട്സ് കാളേജെന്നുമുള്ള വിഭജനം വ്യയവർദ്ധനത്തിനുള്ള ഒരു ഉപായം മാത്രമാണ്. ആ കാളേജുകൾ രണ്ടും തമ്മിൽ യോജിപ്പിച്ച് ഒരു പ്രിൻസിപ്പാളിന്റെ കീഴിലാക്കുന്നപക്ഷം ഗവണ്മെണ്ടിന് മാസംതോറും ഒട്ടുവളരെ പണം ലാഭിക്കാൻ കഴിയും.

ഗവണ്മെണ്ടിനു വളരെ ലാഭമുള്ളതും കാര്യക്ഷമതയ്ക്ക് ഏററവും പററിയതും ഡിപ്പാർട്ടുമെന്റിനെ പൊതുവെ സ്പർശിക്കുന്നതുമായ മറെറാരു പരിഷ്കാരമാണ് എനിക്കിനി പറയാനുള്ളത്. അസിസ്റ്റന്റ് ഇൻസ്പെക്ടർമാർ എന്നും അസിസ്റ്റന്റ് ഇൻസ്പെക്ടറസ്സുകൾ എന്നും ഒരു വർഗ്ഗക്കാർ ഈ ഡിപ്പാർട്ടുമെന്റിൽ വളരെ കുപ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവരായിട്ടുണ്ട്. ആ വർഗ്ഗക്കാരെ സൃഷ്ടിച്ച മേലധികാരിയുടെ വിദൂരവീക്ഷണത്തിനും ബുദ്ധികൌശല്യത്തിനും പ്രതിഭാപ്രസ്ഫുരണത്തിനും പരസ്സഹസ്രം വിദൂരനമസ്കാരം ചെയ്താലും മതിയാകയില്ല. ഇവരാരാണ്.? ഇവർക്ക് ഒരു ഇംഗ്ലീഷുഹൈസ്കൂളിൽ 25-ാമസിസ്റ്റന്റിന്റെ സ്ഥാനംപോലുമില്ല. നാകലോകത്തുനിന്നും ഇപ്പോൾ ഇറക്കുമതി ചെയ്യപ്പെട്ടവരും 'അമലാഭിധപിതാചാര്യകനായ' ബൃഹസ്പതിയുടെ പുത്രന്മാരും, ദേവയാനീകാമുകന്മാരും, ശുക്രശിഷ്യന്മാരും, അഭ്യസ്തമൃതസഞ്ജീവിനീമന്ത്രന്മാരുമെന്ന് വൃഥാ അഭിമാനിക്കുന്നവരും വല്ല ഡയറക്ടരുടേയും പേഴ്സണൽ അസിസ്റ്റന്റിന്റേയൊ ആഫീസ് മാനേജരുടേയൊ പിന്നാലെ ഓടിത്തളർന്ന് അവരുടെ അനുഗ്രഹംകൊണ്ടു മാത്രം 54-ാമത്തെ വയസ്സിൽ ഈ. എച്ച്. എസ്സ്. എച്ച്. എം. ഡിഗ്രികിട്ടിയവരുമായ, അദ്ധ്യാപകപുരന്ദരന്മാരുടെ അധിക്ഷേപശരശതങ്ങളേററു ജർജ്ജരിതഗാത്രന്മാരായി സർവ്വജ്ഞസമ്മിതനായ ഇൻസ്പെക്ടരുടെ ശാപരൂപകോപപാവകദഗ്ദ്ധശേഷസംശോഷകളേബരന്മാരായ് ഇതികർത്തവ്യതാമൂഢന്മാരായ് ബഹിഷ്കൃതന്മാരാണ് ഒരു ഇൻസ്പെക്ടരെ വിട്ടു മറെറാരിൻസ്പെക്ടരെ ശരണം പ്രാപിക്കുന്നത്. തന്റെ ഗൗരാശോഹഹിമവദധിരോഹണസാഹസത്തിലൊ അന്തരീക്ഷപര്യടനായാസത്തിലൊ പങ്കുകൊള്ളാൻ കൊള്ളരുതാത്തവരെന്നുകണ്ട് കുപിതയായ ആംഗലിയാൽ സചാടുലതാണ്ഡവമണ്ഡപത്തിൽനിന്നും ഇവർ ബഹിഷ്കൃതരായെങ്കിലും മനസ്ഥിതിയും കുലപതിയുമായ കൈരളി ഇവർക്ക് സചലാസ്യലയനത്തിൽ അഗ്രപൂജാപ്രദാനംചെയ്ത് അഗ്രപീഠസമർപ്പണം ചെയ്യുന്നു. കമനീയയായ കൈരളിയുടെ കരൾ കക്കുന്ന കാന്തിവിശേഷംകൊണ്ടു മതിമറന്ന ഇവർ "നിർമ്മലഗുണാകരേ, നീതിസമ്മതവരേ, സന്മൂർദ്ധകളേബരേ, സാരസ്യപാരാവാരേ, കന്യകാജനവരേ, കാമുകമനോഹരേ, ധന്യേസജ്ജന്യാധാരേ, കോരകസ്തംഭരേ, ഗന്ധുരതരോപാധരേ, ബന്ധുകസമാധരേ, മന്ഥരവിലോചനേ, ശീതാംശുബിംബാനനേ എന്നുംമററു കേരളിയെ അഭിസംബോധനം ചെ

ത്യാരുണ്ടെങ്കിലും "ബ്രാഹ്മണശ്രേഷ്ഠനും പിന്നെ ശ്വപചനും സാമ്യമത്രേയിവനുള്ളിലെല്ലാക്കുംവിധൗ, ശോകങ്ങളും രോഗങ്ങളും മോഹമിവൻ തനിക്കൊക്കുമറിയാവതല്ലിവൻമായകൾ, ഇല്ലാത്തതുണ്ടാകുമുള്ളതില്ലാതാകും നല്ലതുമാകാത്തതും ഭേദമില്ലെല്ലാം" എന്നുംമററും സ്തുതിക്കപ്പെടുന്ന സാക്ഷാൽ ശ്രീകൃഷ്ണഭഗവാനെപ്പോലെ സമചിത്തന്മാരായ ഇവൎക്കു ബന്ധൂകവും ബന്ധുരവും മന്ഥരവും സിന്ധുരവും കന്ധരവുമെല്ലാം ഒന്നുതന്നെയാണ്. ഇവരെകൊണ്ട് മനുഷ്യൎക്കില്ല മൃഗങ്ങൾക്കില്ല, വൃക്ഷങ്ങൾക്കില്ല, പക്ഷികൾക്കില്ല, പുല്ലിനില്ല, കല്ലിനുമില്ല യാതൊരു പ്രയോജനവും. ഒരിക്കൽ ഒരു അദ്ധ്യാപകൻ ഇവരിൽ ഗംഭീരനായ ഒരുവനോട് "താൻ വിളിച്ചേടത്തു വരാൻ ഞാനാരാണ്? താൻ വെറും അഞ്ചൽശിപായി അല്ലേ?" എന്നു ചോദിച്ചതു് ഇവരുടെ ജോലിയുടെ സ്വഭാവവും അധികാരത്തിന്റെ അതിൎത്തിയും ആലോചിച്ചു നോക്കുമ്പോൾ ഏററവും ഉചിതമായി എന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു. ട്രാൻസ്ലേററരുദ്യോഗം കൂടിയുണ്ടെന്നു വേണമെങ്കിൽ പറയാം. ലോകത്തിൽ നടക്കുന്ന സൎവ്വ സംഗതികളെ സംബന്ധിച്ചും ചീഫ് ഇൻസ്പെക്ടൎക്കു ഇംഗ്ലീഷിലും പള്ളിക്കൂടങ്ങളിലേക്കു മലയാളത്തിലും ഇവർ എഴുതിയയച്ചുകൊള്ളണം. ബഹുമാനപ്പെട്ട എം. എൽ. സി. മാരുടെ ചോദ്യങ്ങൾക്കു ഉത്തരം തയാറാക്കണം. സെൻസസ് കമ്മീഷണൎക്കു 24 മണിക്കൂറിനകം മറുപടിയയച്ചില്ലെങ്കിൽ ഗളഹസ്തം തന്നെ സമ്മാനം. എങ്കിലെന്തു്? യജമാനത്വമില്ലേ.? എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരല്ലേ.? ഇൻസ്പെക്ടറേററിലെ അംഗമല്ലേ? ഈയിടെ അദ്ധ്യാപകന്മാൎക്കു ശമ്പളം കൂട്ടിയല്ലോ. ശമ്പളക്കൂടുതൽ കിട്ടിയതു അദ്ധ്യാപകന്മാൎക്കു്. ശമ്പളക്കൂടുതൽ കൊടുത്തതു ഡയറക്ടർ. സത്യവാചകമെഴുതിയും ഒപ്പിട്ടും കൈയൊടിഞ്ഞതു അസിസ്റ്റൻറു ഇൻസ്പെക്ടൎമാരുടെ. "തല്ലുംകൊട്ടും ചെണ്ടയ്ക്കു; നെല്ലുംപണവും മാരാൎക്കും" എന്നു പറയാറുള്ളതുപോലെ അസി: ഇൻസ്പെക്ടൎമാർ എന്തു ജോലിചെയ്താലും അവൎക്കു ഒരു പ്രോത്സാഹനവുമില്ല. അദ്ധ്യാപകന്മാരെപ്പററിയോ പള്ളിക്കൂടങ്ങളെപ്പററിയോ അസി: ഇൻസ്പെക്ടർ എന്തെഴുതിയയച്ചാലും ചീഫ് ഇൻസ്പെക്ടരുടെ ഇഷ്ടംപോലെ ചെയ്യും. ഗുണമാണെങ്കിൽ ചീഫ് ഇൻസ്പെക്ടരുടെ ഔദാൎയ്യം; ദോഷമാണെങ്കിൽ അസി: ഇൻസ്പെക്ടരുടെ കുരുത്തക്കേട്. 150—ം 200—ം പള്ളിക്കൂടങ്ങളുടെ മേലധികാരിയായ അസി: ഇൻസ്പെക്ടൎക്കു 8 രൂപ ശമ്പളത്തിൽ ഒരു ശിപായിയെപ്പോലും നിയമിക്കാൻ അധികാരമില്ല. ഇവരുടെ പ്രമോഷന്റെ കഥയാണു ഏററവും രസാവഹമായിട്ടുള്ളതു്.

അസി: എക്സൈസ് കമ്മിഷണർ, കമ്മിഷണറാകാറുണ്ട്, അസി: അക്കൌണ്ടാഫീസർ, അക്കൌണ്ടാഫീസറാകാറുണ്ട്. അസി: പോലീസ് സൂപ്രണ്ട്, സൂപ്രണ്ടാകാറുണ്ട്. എന്നാൽ ഒരു അസി: ഇൻസ്പെക്ടർ എ

ത മൂത്താലും ഇൻസ്പെക്ടറാവുകയില്ല. അയാളുടെ പ്രമോഷൻ ഇംഗ്ലീഷുപള്ളിക്കൂടത്തിലെ ഒന്നാംഫാറത്തിലെ രണ്ടാംവാദ്ധ്യാരായിട്ടാണ്. 200 പള്ളിക്കൂടങ്ങളുടെ പരിശോധകനായിരുന്ന ഒരുത്തന് അവൻെറ ജീവിതകാലത്തെ ദീർഘമായ പരിശീലനംകൊണ്ടു സിദ്ധിച്ച യോഗ്യത ഒരു പള്ളിക്കൂടത്തിലെ ഏറ്റവും താണ ക്ലാസിലെ അദ്ധ്യാപകനാകുന്നതിനാണ് അവരെ സമർത്ഥനാക്കിയതെന്നോർക്കുമ്പോൾ ഈ ഉദ്യോഗനിർമ്മാണത്തിൽതന്നെ അന്തർഭവിച്ചിരിക്കുന്ന അസാംഗത്യം സുസ്പഷ്ടമാകുന്നതാണ്.

അതുകൊണ്ട് ഈ ഉദ്യോഗം നിർത്തൽചെയ്യണം. അല്ലെങ്കിൽ കൊള്ളാവുന്നവരെ തക്ക ശമ്പളത്തോടും വേണ്ട അധികാരത്തോടുംകൂടി ഇൻസ്പെക്ടർമാരായി നിയമിക്കണം. ഇതു് വൈഷമ്യമൊ കൂടുതൽ പണച്ചെലവൊ ഉള്ള സംഗതിയല്ല. ഇപ്പോഴത്തെ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ് മാസ്റ്ററന്മാരുടേയും (പെൺ ഡിപ്പാർട്ടുമെൻറു കളയുന്നപക്ഷം) അസി: ഇൻസ്പെക്ടറന്മാരുടേയും സംഖ്യ തുല്യമാണ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററന്മാർക്കുള്ള ശമ്പളവും സ്ഥാനവും മാനവും മററും അസി: ഇൻസ്പെക്ടറന്മാർക്കു കൊടുക്കണം. ഹൈസ്കൂൾ ഹെഡ് മാസ്റ്ററന്മാരേക്കാൾ ഏററവും ചുമതലയേറിയ ജോലി ചെയ്യുന്നതും ചെയ്യേണ്ടതും ഇവരാണ്. ഹൈസ്കൂൾ ഹെഡ്മാസ്റ്ററുദ്യോഗം വഹിക്കുന്നതിന് ഓരോ പള്ളിക്കൂടത്തിലേയും സീനിയറായ അദ്ധ്യാപകൻ മതിയാകുന്നതാണ്. അയാൾ ഒന്നാംഗ്രെയിഡുകാരനാണെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ. രണ്ടാംഗ്രെയിഡുകാരനാണെങ്കിൽ അതിനും വിരോധമില്ല. മൂത്തു നരച്ചു് പല്ലും പോയതിനു ശേഷമല്ല ഹെഡ്മാസ്റ്ററുദ്യോഗം കൊടുക്കേണ്ടതു്. ഇൻസ്പെക്ടറായതിനു ശേഷം തിരിച്ചു പള്ളിക്കൂടം വാദ്ധ്യാരായിട്ടയക്കുന്നതു് ശരിയല്ല. അതുകൊണ്ട് എല്ലാത്തരം പള്ളിക്കൂടങ്ങളിലും അദ്ധ്യാപകനായിരുന്ന് അദ്ധ്യാപനത്തിൽ നല്ല പരിചയവും പ്രാഗത്ഭ്യവും സിദ്ധിച്ച് മനപാകപ്പതയും ദീനാനുകമ്പയും വിശാലഹൃദയത്വവും സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകശ്രേഷ്ഠന്മാരെ വേണം പരിശോധകന്മാരായിട്ടയയ്ക്കാൻ. ഇംഗ്ലീഷുഹൈസ്കൂൾ ഹെഡ്മാസ്റ്റർ എന്നു പ്രത്യേകം ഒരുദ്യോഗമൊ അതിനു ഒരു പ്രത്യേകശമ്പളസ്കെയിലൊ ആവശ്യമില്ല. പ്രത്യേകശമ്പളസ്കെയിലും പ്രത്യേകപദവിയും അധികാരവും കൊടുക്കേണ്ടതു ഇൻസ്പെക്ടറന്മാർക്കാണ്. ഇംഗ്ലീഷുപള്ളിക്കൂടം അസിസ്റ്റൻറിൻെറ ശമ്പളം, അധികാരം തുപ്പുകാരൻേറതു്, ജോലി എല്ലാവരുടേയും എന്നുവരുമ്പോൾ വെറും 10-ാംനമ്പരുകാർ മാത്രമെ ആ ഉദ്യോഗത്തിന് സന്തോഷത്തോടുകൂടി പോവുകയുള്ളു. സമർത്ഥന്മാരായവർ ഉത്സാഹത്തോടുകൂടി ഫലപ്രദമായ ജോലി ചെയ്യണമെങ്കിൽ ഉദ്യോഗം ആകർഷകമായിരിക്കണം. പ്രൈവററ് ഇംഗ്ലീഷുഹൈ

സ്കൂളുകളിലെ ചില ഹെഡ്മാസ്റ്റർമാർ ഗവമ്മെണ്ടു ഹൈസ്കൂളുകളിലെ ഒന്നാംഫാറത്തിലെ അദ്ധ്യാപകന്മാരായിരിക്കുന്നതിനു മാത്രം സർവീസുള്ളവരായിട്ടു കാണപ്പെടുന്നുണ്ട്. എങ്കിലും അറക്കു പള്ളിക്കൂടം ഭരിക്കുന്നതിനൊ, മൂത്തുനരച്ച ഗവമ്മെണ്ടു ഹൈസ്കൂൾ ഹെഡ്മാസ്റ്റന്മാരെപ്പോലെ തന്നെ സ്കൂൾഫൈനൽ പരീക്ഷയ്ക്കു പരീക്ഷകന്മാരാകുന്നതിനൊ യാതൊരു വൈഷമ്യവും നേരിടുന്നില്ല.

മുൻപറഞ്ഞിട്ടുള്ള പ്രകാരം ആൺഡിപ്പാർട്ടമെൻറും പെൺഡിപ്പാർട്ടുമെൻറും ഒന്നാക്കി ഇംഗ്ലീഷ്ഹൈസ്കൂൾഹെഡ്മാസ്റ്റന്മാരുടെ സ്ഥാനം അസിസ്റ്റൻറു ഇൻസ്പെക്ടറന്മാക്കു കൊടുക്കുന്ന പക്ഷം ഓരോ ഡിസ്ത്രിക്ടിലും മലയാംപള്ളിക്കൂടങ്ങൾക്കും ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾക്കും കൂടി ഒരൊററ ഇൻസ്പെക്ടരൊ ഇൻസ്പെക്ടറസ്സൊ മതിയാകും. ഇപ്പോൾ ഒരേ സ്ഥലത്തുള്ള പ്രൈമറിസ്കൂൾ പരിശോധിക്കാൻ ഒരിൻസ്പെക്ടർ, വി. എം. സ്കൂളിനു മറെറാരാൾ, വി. എച്ച്. സ്കൂളിനു മൂന്നാമതൊരുത്തൻ, ഇംഗ്ലീഷ് മിഡിൽസ്കൂളിന് നാലാമതൊരുത്തൻ. ഹൈസ്കൂളിന് അഞ്ചാമതൊരുത്തൻ. ഇവ പെൺകുട്ടികൾക്കുള്ളതാണെങ്കിൽ ഇതുപോലെതന്നെ ഇൻസ്പെക്ടറസ്സും മാറിമാറി വരണം. ഈ ഏർപ്പാട് പലപ്രകാരത്തിലുള്ള അസൗകര്യങ്ങൾക്കു കാരണമാണ്. കാര്യനടത്തിപ്പിനു അനാവശ്യമായ കാലവിളംബം നേരിടുന്നു. ഇപ്പോഴത്തെ അസി: ഇൻസ്പെക്ടർമാർ 10-ാം നമ്പ്രുകാരായിട്ടായിരിക്കുമല്ലൊ അവക്ക് അധികാരമൊന്നും കൊടുക്കാത്തത്. അവരുടെ നിലയും വിലയും വദ്ധിപ്പിക്കുന്നപക്ഷം അവക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതും ഉചിതമായിരിക്കും. ഇവരുടെ അസിസ്റ്റൻറുസ്ഥാനം കളഞ്ഞു് ഇൻസ്പെക്ടർസ്ഥാനം തന്നെ കൊടുക്കുകയും ഇവര നേരിട്ടു് ഡിപ്പാർട്ടുമെൻറുപരമാധികാരിയോടുതന്നെ ഉത്തരവാദിത്വമുള്ളവരെന്നു തീരുമാനിക്കുകയും ചെയ്യുന്നപക്ഷം കാര്യനടത്തിപ്പിന് കൂടുതൽ സൗകര്യമുണ്ടായിരിക്കും. ഇവര ഡയറക്ടരോടൊ ഡയറക്ടർസ്ഥാനം കളഞ്ഞു് വിദ്യാഭ്യാസമന്ത്രി വരുന്നപക്ഷം അദ്ദേഹത്തോടു മാത്രമൊ ഉത്തരവാദിത്വമുള്ളവരായിരുന്നാൽ ധാരാളം മതി. അപ്പോൾ മൂന്നു വലിയ ഉദ്യോഗങ്ങൾ ഉടൻ നിറുത്താം.

ഇതുപോലെതന്നെ ഇപ്പോഴത്തെ ട്രെയിനിംഗുപള്ളിക്കൂടങ്ങൾ അനാവശ്യകങ്ങളാണ്. ആ പള്ളിക്കൂടങ്ങളിൽ വേണ്ടവിധത്തിൽ ജോലി നടത്തുന്നതിന് ഇപ്പോഴത്തെ സംവിധാനം പ്രയോജകീഭവിക്കുന്നില്ല. എല്ലാ വിഷയങ്ങൾ സംബന്ധിച്ചുമുള്ള ശിക്ഷാക്രമം പരിശീലിപ്പിക്കുന്നതിന് ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രം പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരാളെയാണു നിയോഗിച്ചിരിക്കുന്നതു്. തന്നെക്കൊണ്ടു സാദ്ധ്യമല്ലാത്ത കാര്യം നേരാംവണ്ണം സാധിക്കാത്തതിൽ അയാളെ കുററംപറഞ്ഞിട്ടും പ്രയോജന

മില്ല. അതുകൊണ്ടു ട്രെയിനിംഗ്ക്ലാസ്സ് ഇംഗ്ലീഷ്സ്കൂളുകളോടു ചേർക്കുകയാണുത്തമമായിട്ടുള്ളതു്. അവിടെ എല്ലാ വിഷയങ്ങളിലും വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവർ കാണും. ഉപകരണങ്ങളും വേണ്ടതിലധികമുണ്ടായിരിക്കും. ട്രെയിനിംഗ്ക്ലാസ്സിൽ ഒരു ദിവസത്തിൽ ഒരു പീര്യേഡ് ജോലി ചെയ്യുന്നതു ഒരദ്ധ്യാപകന് അത്ര വിഷമമായിരിക്കുകയില്ല. ഇംഗ്ലീഷ്സ്കൂളുകളിൽ താണ ക്ലാസ്സുകളിൽ ഇംഗ്ലീഷൊഴിച്ച് മററുവിഷയങ്ങളെല്ലാം മലയാളത്തിലാണല്ലോ പഠിപ്പിച്ചുവരുന്നതു്. അതുകൊണ്ടു അദ്ധ്യാപകവിദ്യാർത്ഥികൾക്കു് പരിശീലനത്തിനും ക്ലാസ്സുകൾ കിട്ടാതെ വരികയില്ല. 1, 2, 3, 4 ഈ ക്ലാസ്സുകൾ കൂടി വേണമെങ്കിൽ ഇംഗ്ലീഷ്സ്കൂളുകളോടു ചേർക്കുന്നതുകൊണ്ടു് ദോഷമൊന്നും വരാനില്ല. കുട്ടികൾക്കു ചെറുപ്പത്തിൽതന്നെ വലിയ കെട്ടിടങ്ങളോടും വലിയ ആളുകളോടും പരിചയപ്പെടുന്നതിനു് കൂടുതൽ സൗകര്യം ലഭിക്കുകയും ചെയ്യും.

മേൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പരിഷ്കാരങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയ്ക്കു് ഹാനിവരാത്ത വിധത്തിൽ ചെലവു കുറയ്ക്കുന്നതിനു് പര്യാപ്തങ്ങളായിരിക്കുമെന്നു മാത്രമല്ല, ഉടനടി നടപ്പിൽ വരുത്തത്തക്കവണ്ണം അയത്നസാദ്ധ്യങ്ങളുമാകുന്നു.

## വിദ്യാഭ്യാസം.

(തുടർച്ച)

(എം. രാമവർമ്മതമ്പാൻ ബി. എ., എൽ. ടി

ഈ കഥകൾ കവിയുടെ കല്പനാശക്തിയുടെ സൃഷ്ടിമാത്രമാണെന്നു് കുട്ടിയുടെ മനസ്സിൽ പതിയത്തക്കവണ്ണം പഠിപ്പിക്കാമെങ്കിൽ അവ പഠിക്കുന്നതുകൊണ്ടു് ദോഷമൊന്നുമുണ്ടാകാനില്ല. എന്നാൽ ഈ കഥകൾ പറയുമ്പോൾ വക്താവു സ്വീകരിക്കുന്ന ഗൌരവനിലയും അവ അക്ഷരംപ്രതി സത്യമാണെന്നു നിർബന്ധിക്കുന്നതും അവയെപ്പററി ചോദ്യമൊന്നും ചോദിക്കാൻ അനുവദിക്കാത്തതും ശരിയായ വിദ്യാഭ്യാസരീതിക്കു തീരെ വിപരീതമാകുന്നു.

വികാരസംസ്കാരത്തിനായി മതവിശ്വാസജ്ഞാനം ആവശ്യമാണെങ്കിൽ കുട്ടികളെ അന്യമതവിശ്വാസങ്ങളേയും പഠിപ്പിക്കേണ്ടതല്ലേ എന്നു ആലോചിക്കേണ്ടതുണ്ടു്. ആകപ്പാടെ കുട്ടിക്കു് പ്രായമായി യുക്തി

യുക്തമായി ആലോചിക്കാൻ ത്രാണിയാകുമ്പോഠം അവയെപ്പററി പഠിച്ച് ബുദ്ധിയെ ആകപ്പാടെ പക്ഷപാതമാക്കാതെ അവയിലെ ഗുണം തേടിക്കൊള്ളട്ടെ എന്നുവച്ചു വിടുകയാണ് ഏററവും നല്ല മാർഗ്ഗം.

മതപഠനം ധർമ്മബോധത്തെ സഹായിക്കുമെന്ന് മതം വിശ്വസിക്കാത്തവരും പറയാറുണ്ട്. എന്നാൽ മതസഹായം കൂടാതെ ധർമ്മബോധം കുട്ടികളിൽ ഉണ്ടാക്കാൻ കഴിയും. കുട്ടികളുടെ അനുഭവങ്ങളും ചരിത്രകഥകളും അന്യരാജ്യക്കാരുടെ ജീവിതരീതിയും കുട്ടികളുടെ വാസനകളും സ്തുതിപ്രിയതയും ന്യായബോധവും മാതാപിതാക്കന്മാരെ പററിയുള്ള സ്നേഹവും യുക്തമായി സ്പർശിച്ചുകൊണ്ട് കുട്ടികളോടു സംസാരിച്ചാൽ ധർമ്മബോധം അവരിൽ ഉളവാക്കാൻ സാധിക്കുന്നതാണ്. ധാർമ്മികപഠനം അല്ലെങ്കിൽ സന്മാർഗ്ഗവിദ്യാഭ്യാസം വാദ്ധ്യാരുടെ ദൃഷ്ടാന്തത്തിൽനിന്നും പരോക്ഷമായി പഠിപ്പിക്കുകയാണ് ഉത്തമം. സ്കൂളിലെ 'ടോൺ', ഓരോ വിഷയങ്ങളെ പഠിപ്പിക്കുന്ന രീതി. കുട്ടികഠം വായിക്കുന്ന ഇതരപുസ്തകങ്ങഠം ഇവ മൂലം ഏതു കുട്ടിയേയും സന്മാർഗ്ഗപാഠം ഫലപ്രദമായി പഠിപ്പിക്കാവുന്നതാകുന്നു. ഇവയ്ക്കു് കുട്ടിയുടെ ബുദ്ധിയിൽ മതപഠനത്തെയോ സന്മാർഗ്ഗപാഠത്തെയോകാഠം വലുതായ ഫലംചെയ്യാൻ കഴിയും. നേരെ മറിച്ച് മതവും സന്മാർഗ്ഗപാഠവും പഠിപ്പിക്കുന്ന അദ്ധ്യാപകൻെറ നടത്ത അവയ്ക്കു് അനുരൂപമല്ലെങ്കിൽ അവ കുട്ടികളിൽ വിപരീതഫലം ഉണ്ടാക്കാനാണ് എളുപ്പം.

വളൎന്നുവരുന്ന കുട്ടിക്ക് പലതുമറിയാൻ അതിയായ ഒരാവേശം തന്നെയുണ്ട്. അതിനാൽ ആണ് അവർ പ്രായംചെന്നവരോടു പല ചോദ്യങ്ങളും ചോദിക്കുന്നതു്. ഈ ചോദ്യങ്ങഠംക്കൊക്കെ ഉത്തരം പറയാൻ എല്ലാപ്പോഴും സാധിക്കയില്ല. അവയ്ക്കെല്ലാം ഉത്തരം പറയണമെങ്കിൽ പറഞ്ഞാലും പറഞ്ഞാലും തീരാത്ത അറിവ്, ക്ഷമ, അനുഭാവം ഇവയൊക്കെ പ്രായംചെന്നവൎക്ക് വേണം. ഇതു് സാധാരണമാതാപിതാക്കന്മാൎക്കുണ്ടാകയില്ല. ഈ ചോദ്യങ്ങഠം ചോദിക്കാതിരിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന സൂത്രം കുട്ടികളിൽ അനുസരണത്തിൻെറ ആവശ്യത്തെപ്പററി ഗൗരവമായി സംസാരിക്കയാണ്. ഏതു അതൃപ്തികരമാണെങ്കിലും പ്രായംക്രൂടിയവർ തരുന്ന ഉത്തരം വാങ്ങി തൃപ്തിപ്പെട്ടുകൊള്ളണമെന്ന് ശാസിക്കയാണു പതിവ്. ഇങ്ങനെ ഭയപ്പെടുത്തി കുറെ കഴിയുമ്പോഠം കുട്ടി ചോദ്യം ചോദിക്കാതാവും. അറിയേണ്ടവയെപ്പററി സ്വന്തമായ അറിവുണ്ടാക്കാൻ അവർ ശ്രമിക്കും. അതു് പലപ്പോഴും അപൂൎണ്ണമോ അബദ്ധമോ ആയിരിക്കും. ഇതു് വർഗ്ഗീയജ്ഞാന(സ്ത്രീപുരുഷസംബന്ധ)വിഷയത്തിലാണ് അധികം കാണാറുള്ളതു്. ആവക ചോദ്യങ്ങഠം അധികപ്രസംഗമാണെന്നും അനാവശ്യമാണെന്നും ചീത്തയാണെന്നും കുട്ടിയെ ധരിപ്പിക്ക

ന്നു. ഈ നയം ഉണ്ടാക്കുന്ന ദോഷം കുട്ടിയിൽ സ്ഥായിയായി കാണും. എന്നാൽ വർഗ്ഗീയ(സ്ത്രീപുരുഷബന്ധ) വിദ്യാഭ്യാസം വേണ്ടതാണെന്ന് ഇന്നത്തെ വിദ്യാഭ്യാസചിന്തകന്മാർ നിർബന്ധിച്ചു കാണുന്നതു് ആശ്വാസകരം തന്നെ. എന്നാൽ സാധാരണ മാതാപിതാക്കന്മാർ ആ നിലയ്ക്കെത്തിക്കഴിഞ്ഞിട്ടില്ല.

മതത്തെപ്പററിയും കുട്ടികളുടെ ആശാസ്യമായ ജിജ്ഞാസയെ ഇതുപോലെയാണ് അമർത്തി മുരടിപ്പിക്കുന്നതു്. കുട്ടികൾക്ക് അർത്ഥം മനസ്സിലാകാത്ത പല കാര്യങ്ങളും ചെയ്യാൻ മതം അവരെ പഠിപ്പിക്കുന്നു. പ്രാർത്ഥനയുടെ കാര്യം തന്നെ നോക്കാം. ഇവ കുട്ടികളുടെ മാതൃഭാഷയിലാണെങ്കിൽ തന്നെ—പലപ്പോഴും വല്ല മൃതഭാഷകളിലുമാണ്—അവയിലെ വാക്കുകളുടെ അർത്ഥം അവക്ക് മനസ്സിലാക്കാൻ പ്രയാസം. പ്രാർത്ഥനകളിലെ വാക്കുകൾക്ക് കുട്ടി പലപ്പോഴും വല്ല അർത്ഥവുമാണു സങ്കല്പിക്കുന്നതു്. നമുക്കെല്ലാവർക്കും നമ്മുടെ അനുഭവങ്ങളിൽനിന്നുതന്നെ ഇങ്ങനെ നേരംപോക്കായി അർത്ഥം കല്പിക്കുന്നതു് ഓർക്കാമല്ലോ. പ്രാർത്ഥനകൾ കുട്ടിക്കോ പിതാക്കൾക്കോ ഗുരുവിനോ മനസ്സിലാകാത്ത മൃതഭാഷകളിലാണെങ്കിൽ ഈവിധം അബദ്ധതരമായ അർത്ഥകല്പന സാധാരണയാണല്ലോ.

ശബ്ദസാമ്യംകൊണ്ടു മാത്രം വാക്കുകൾക്ക് അബദ്ധമായ അർത്ഥം കല്പിക്കപ്പെടും. പുരോഹിതന്മാർതന്നെ ഉച്ചരിക്കുന്ന ചില മന്ത്രങ്ങൾ ചില അവസരങ്ങളിൽ അശ്ലീലങ്ങളാണ്. ചിലപ്പോൾ സംസ്കൃതവാക്കിന്റെ ശബ്ദത്തിന് നാട്ടുഭാഷയിലെ അശ്ലീലപദശബ്ദത്തിന് സാമ്യമുള്ളതാകയാൽ കുട്ടികളിൽ അനാശാസ്യമായ വികാരങ്ങൾ ഉണ്ടാകുന്നു.

മതത്തിന് നമ്മുടെ വികാരത്തിന്മേൽ വലിയ അധികാരമുണ്ടെന്നൊക്കെ പറയാമെങ്കിലും സാധാരണ പ്രായംചെന്നവർക്കുപോലും മതം എന്നതു് കേവലം ചില അനുഷ്ഠാനങ്ങൾ മാത്രമാണ്. പ്രധാനമെന്നും അപ്രധാനമെന്നും ഉള്ള വ്യത്യാസം തന്നെ നടപടിയിൽ തീരെ ആരും ഗണിക്കുന്നില്ല. പലപ്പോഴും അപ്രധാനങ്ങളും ദോഷകരങ്ങളുമായ ആചാരങ്ങൾ കൂടി സാരവും ശരിയുമായ ആചാരങ്ങളായി ഗണിച്ചുപോരാറുണ്ട്.

ഇംഗ്ലണ്ടിൽ കള്ളുകുടിച്ചു മറിയുന്നതു് ക്ഷന്തവ്യമാണെങ്കിലും വൈകുന്നേരം കറുത്ത ടൈയും വെളുത്ത വെയിസ്റ്റ്കോട്ടും ധരിക്കുന്നതു് അക്ഷന്തവ്യമായ ഒരു അപമര്യാദയാണ്. അടുത്തകാലംവരെ ഇന്ത്യയിലെ ഗ്രാമാന്തരങ്ങളിൽ പിതാവിന്റെ മരണം പ്രമാണിച്ച് മേൽമീശ കളയാത്ത ഒരാളെ അതിനിന്ദ്യനായി കരുതിയിരുന്നു. അഷ്ടനാട്ട് സമാവ

ഴക്കടിച്ചും അദ്ദേഹത്തിൻെറ ജീവിതം ദുഃഖപ്രദമാക്കിയും ഇരുന്ന ഒരാൾ കൂടി മററവനോളം നിന്ദ്യനല്ലത്രേ. ഈ മാതിരി പരിസരങ്ങളിൽ വളരുന്ന ഒരു കുട്ടിക്ക് യുക്തിയുക്തമായ ഒരു ധർമ്മബോധം ഉണ്ടാകാനായിരിക്കണം വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം. മതാഭ്യസനവാദികൾ കാലാതീതമായ അന്ധവിശ്വാസങ്ങളിൽ നിന്നും വിമുക്തമായിവരുന്ന ഇൻഡ്യൻമനസ്ഥിതിയുടെ സ്വാതന്ത്ര്യസമ്പാദ്യത്തെ തടയുക മാത്രമാകും ചെയ്യുന്നതു്.

ഓരോ മതത്തിൻേറയും സ്വാഭാവികമായ വാദം തങ്ങളുടെ മതത്തിൽ മാത്രം സത്യം, മുഴുവൻ സത്യം, സത്യമല്ലാതെ ഒന്നുമില്ല എന്നാണ്. ഈ അവകാശവാദം പലപ്പോഴും പരമതാസഹിഷ്ണുത ഉളവാക്കുന്നുണ്ട്. താരതമ്യേന മാത്രമേ അടുത്ത കാലങ്ങളിലായിട്ട് അന്യമതങ്ങളെ കണ്ടു പൊറുക്കുന്ന ശീലം കണ്ടുതുടങ്ങീട്ടുള്ളൂ. എന്നാൽ മതം ജീവനു തുല്യമായി കരുതിയിരുന്ന മാനുഷന് ശൈശവദശയിൽ അന്യമതാസഹിഷ്ണുത അനിവാര്യമാണെങ്കിൽ കുട്ടിക്കാലത്തു പഠിക്കുന്ന മതവും ഒരു അസഹിഷ്ണുതയെ ഉളവാക്കും. കുട്ടികൾ അന്യമതങ്ങളേയും അന്യമതാനുയായികളേയും മതദ്വേഷികളായിക്കരുതും.

ഇൻഡ്യയിൽ ഈ അസഹിഷ്ണുതയുടെ ഫലം ആപൽക്കരമാണ്. കുട്ടിക്കാലത്തു് അവർ തങ്ങളുടെ ജാതിക്കാരേയും മതക്കാരേയും മാത്രം കാണാനിടയുള്ളതുകൊണ്ട് പരമതാസഹിഷ്ണുത അവരിൽ നിശ്ചയമായി വന്നുചേരും. ഈ ജാതിശാഠ്യങ്ങൾ മതാനുഷ്ഠാനത്തിൻെറ ഫലമായി വന്നുകൂടിയാൽ അവ അവരുടെ മനസ്സിൽ അഗാധമായി വേരൂന്നുകയും ചെയ്യും.

പുസ്തകങ്ങളിൽനിന്നും പഠിക്കുന്നതൊക്കെ നടപ്പിൽവരുന്നതല്ല എന്നതു് പരമാർത്ഥംതന്നെ. കുട്ടികൾക്കു പ്രായം ആകുമ്പോൾ തങ്ങൾ പഠിച്ചിട്ടുള്ള മതതത്വങ്ങൾ അറിയാതിരുന്നിട്ടും മര്യാദക്കാരായി വേറേയും ആളുകൾ ഉണ്ടെന്ന് കുട്ടികൾ അറിയും. എങ്കിലും അറിയാതെതന്നെ ആ ശാഠ്യം നിലനില്ക്കും. അതുകൊണ്ടുതന്നെ മനുഷ്യവംശത്തെപ്പററി വിസ്തൃതമായ ഒരു നോട്ടത്തിന് മതാഭ്യസനം ഒരു പ്രതിബന്ധമാകുന്നു.

ഒരു ഉയർന്ന ജാതിയിലെ കുട്ടി ഒരു അധഃകൃതക്കുട്ടിയെ തൊട്ടാൽ കുളിക്കണമെന്ന് പഠിച്ചുശീലിച്ചാൽ ആ ശീലത്തിൻെറ പിടി വിട്ടുവിച്ച് അധഃകൃതനും തന്നെപ്പോലെ ഒരു മനുഷ്യനാണെന്ന് കുട്ടിക്കു തോന്നാൻ കുറെ വിഷമങ്ങൾ ക്കെയുണ്ടാകും. ആ കുട്ടിക്കു ബുദ്ധിപരമായി അതു സാധിച്ചാൽതന്നെയും ചെറുപ്പകാലത്തെ ശീലം അവനറിയാതെ തന്നെ അവനെ ഭരിച്ചു മറിച്ചു നോക്കും. അധഃകൃതമർദ്ദനമാണ് ഹിന്ദുമതത്തിൻെറ മ

ഹാപരാധം മതാഭ്യസനം അയിത്തോച്ചാടനത്തെ ക്രമാധികം പ്രയാസമാക്കിത്തീക്കും.

ഹിന്ദുമതം, മുസ്ലിം ക്രിസ്തുമതങ്ങളെപ്പോലെ ഇതരമതാനുയായികളെ മട്ടിച്ചിട്ടില്ല എന്നുള്ളതു് പരമാത്ഥംതന്നെ. ഭഗവൽ ഗീത പറയുന്നതു അവനവൻെറ മതത്തിൽ തന്നെ മരിക്കുന്നതു നന്ന് എന്നും അന്യമതം അവലംബിക്കാൻ ഭയപ്പെടണമെന്നുമാണ്. ഹിന്ദുമതം അതു കൊണ്ടു് ഇതുവരെ പരിവത്തനത്തിനു ശ്രമിച്ചിട്ടില്ല. അതു് ഒരു വിധം അന്യമതസഹിഷ്ണുവാണെന്നും പറയാറുണ്ടു്. എന്നാൽ ഈ സഹിഷ്ണുത പ്രവൃത്തിപരമല്ല. അന്യമതങ്ങളോടു് ഇണങ്ങണമെന്ന ഒരു മോഹത്താലുണ്ടായതല്ല. അതു് ഒരുവിധം നിസ്സഹകരണോല്പാദിതമാണ്. ഞങ്ങൾ ഞങ്ങൾ തന്നെ, അവർ അവരായിരിക്കട്ടെ. എന്ന മനോഭാവത്തിൽ നിന്നുണ്ടാകുന്നതാണ് ഈ സഹിഷ്ണുത.

സാധാരണമായിട്ടു് ഈ സഹിഷ്ണുതയോടുകൂടി താൻ ഹിന്ദുമതത്തിൽ ജനിച്ചതു് ഒരു പൂവ്പുണ്യഫലമാണെന്നും അതു് ഒരു വലിയ മെച്ചമാണെന്നും ഉള്ള മനസ്ഥിതിയിൽ നിന്നുണ്ടാകുന്നതാകയാൽ അന്യമതക്കാരെ പുഛത്തോടെ വീക്ഷിക്കാൻ ഒരു വാസനയും ഇതുണ്ടാക്കുന്നുണ്ടു്. ഇന്നു നമുക്കു് ആവശ്യം ഇൻഡ്യരെല്ലാവരും ഒന്നു് എന്നുള്ള വിസ്തൃതമായ ഒരു സാഹോദയ്യബോധമാണ്. ഈ ബോധം ജാതിയേയും മതത്തെയും കടന്നിരിക്കണം. ഒരാളെപ്പററി മതിക്കുന്നതു് അയാളുടെ യഥാർത്ഥഗുണംകൊണ്ടല്ലാതെ ജാതികൊണ്ടും മതംകൊണ്ടുമല്ലെന്നു വരണം. മതാഭ്യസനം ഈ മനസ്ഥിതിക്കു പ്രതിബന്ധമാണ്. അതിനാലാണ് അതു സ്കൂളിൽ കുട്ടികളെ ഒരിക്കലും പഠിപ്പിക്കരുതെന്നു ശഠിക്കുന്നതു്. മേൽവിവരിച്ച വിസ്തൃതാദശമാണ് ഇൻഡ്യയിൽ ഇന്നു കാണുന്ന ദേശീയബോധത്തിൻെറ ഉന്നവിസ കാരണം.

പല മതകക്ഷികളും പലമാതിരി വിദ്യാലയങ്ങളും ഈ മുപ്പതുനാല്പതു കൊല്ലങ്ങൾക്കിടയിൽ സ്ഥാപിച്ചിട്ടുണ്ടു് എന്നു പറഞ്ഞുവല്ലോ. എന്നാൽ ഇവയിൽ നിന്നു വരുന്ന കുട്ടികളും ലൌകികവിദ്യാഭ്യസനം നല്കുന്നവയിലെ കുട്ടികളും തങ്ങളിൽ സ്വഭാവത്തിനൊ സന്മാർഗ്ഗത്തിനൊ വ്യത്യാസം കാണാൻ വളരെ പ്രയാസമായിരിക്കുന്നു. നിർബന്ധിതമായ മതാനുഷ്ഠാനം കുട്ടികൾക്കു് അസഹ്യമൊ നേരംപോക്കൊ ആയിട്ടാണു തോന്നുന്നതു്. പുറമെനിന്നു് ഒരാൾ ഈ സ്ഥാപനങ്ങൾ സന്ദശിച്ചാൽ അവയിൽ ഗൌരവമായി പ്രത്യേകം ഒന്നുംതന്നെ കാണുകയില്ല. (പ്രെയർഹാൾ) പ്രാർത്ഥനശാല സന്ദശിക്കുമ്പോൾ പ്രാത്ഥന ചൊല്ലുന്ന കുട്ടികളുടെ മുഖത്തു് ഒരു ഗൌരവഭാവവും കാണുകയില്ല.

ഈവക ഇംഗ്ലണ്ടിലെ സ്കൂളുകളിലും ചാപ്പലിൽ പോകണമെന്നുള്ള നിർബന്ധഫലത്തെയാണ് കാണിച്ചുതരുന്നത്. ചാപ്പലിൽ പോയി നിത്യം പ്രാർത്ഥിക്കുന്നതുകൊണ്ട് വിദ്യാഭ്യാസപരമായ യാതൊരു ഫലവും കാണുന്നില്ല. അതിനാൽ ചാപ്പലിൽ പോകണമെന്നുള്ള നിർബന്ധം ഈയിടെ നിറുത്തൽ ചെയ്തിരിക്കുന്നു. താമസിയാതെ ഇൻഡ്യയിലെ പ്രത്യേകവിദ്യാലയങ്ങളിലും ഇതുതന്നെയാകും ഫലമെന്ന് കരുതാവുന്നതാകുന്നു.

എന്തായാലും ഒരു മതവിശ്വാസികളായ കുട്ടികളെ പ്രത്യേകം ഒരു സ്കൂളിൽ വളർത്തുന്നതുകൊണ്ടു അവക്ക് ഒരു ജാതീയബോധം ഉണ്ടാകാതെ തരമില്ല. അന്യമതാനുയായികളെ കാണാൻ ഇവക്ക് കഴിയുന്നില്ല. വിസ്തൃതാദർശം വിദ്യാഭ്യാസത്തിൻെറ പ്രത്യക്ഷഫലമാണെങ്കിൽ അത് ഈ സ്കൂളുകളിൽ നശിപ്പിച്ചുകളയുന്നു. ഈ സ്കൂളുകളിലെ കുട്ടികളുടെ കളികളിൽക്കൂടി ഈ ജാതീയമനസ്ഥിതി കാണാം. ക്രിക്കററ്, ഫുട്ട്ബാൾ മുതലായ മത്സരങ്ങൾ ജാതിമതങ്ങളോടു കൂടി ബന്ധിച്ചാൽ വലിയ ആപത്തുകളുണ്ടാകും.

ഇൻഡ്യയിൽ ഇന്നത്യാവശ്യമായിട്ടുള്ളത് ഭിന്നമതാനുയായികൾ തങ്ങളിൽ ഒരു സൌഹാർദ്ദമുണ്ടാകുകയാണ്. ഇതിനു നല്ല വഴി അവക്ക് തങ്ങളിൽ കണ്ടുമുട്ടാൻ പല അവസരങ്ങൾ നൽകുകയാകുന്നു. ഈ അവസരങ്ങൾ കിട്ടാൻ തങ്ങൾക്കൊരുമിച്ചു പഠിക്കാൻ ഒരു സ്കൂൾ, തങ്ങളെ പഠിപ്പിക്കാൻ ഒരേ അദ്ധ്യാപകർ, കളിക്കാൻ ഒരേ കളിസ്ഥലങ്ങൾ, ഒരേ സൊസൈററികൾ ഇവയെക്കാൾ നല്ല വഴി വേറെ ഏതാണ്. സ്കൂളുകളിലും കാളെജുകളിലും വെച്ചുണ്ടാകുന്ന സ്നേഹമാണ് ഏററവും നിസ്വാർത്ഥവും ശാശ്വതവുമെന്ന് ഏവക്കും അറിയാം. എന്നാൽ ഇൻഡ്യയിലെ ജാതീയവിദ്യാലയങ്ങൾ ഭിന്നവർഗ്ഗക്കാരായ യുവാക്കന്മാർ തങ്ങളിൽ ഈ വിധം ഒരു മമതാബന്ധം ഉണ്ടാക്കാൻ പര്യാപ്തങ്ങളല്ല എന്നു മാത്രമല്ല നിർഭാഗ്യവശാൽ അതിനുള്ള അപൂർവ്വാവസരങ്ങളെ പൂർവ്വാധികം കുറയ്ക്കുകകൂടി ചെയ്യുന്നവയാണ്.

വിദ്യാഭ്യാസം ലൌകികപരമായിരിക്കണമെന്നു വാദിക്കുന്നതോടുകൂടി പാഠപദ്ധതികളിൽ കുട്ടികളുടെ സകലശക്തികളേയും വളർത്തി സംസ്കരിക്കത്തക്ക പല വിഷയങ്ങളും ചേർത്തിരിക്കണം. പ്രത്യേകിച്ചും സയൻസിന് (ശാസ്ത്രം) അതിൻെറ വിസ്തൃതമായ അർത്ഥത്തിൽ പ്രാധാന്യം നൽകണം. അതുകൊണ്ടുവേണം യുക്തിശക്തി വർദ്ധിക്കാൻ. എങ്കിൽ മാത്രമെ പ്രകൃതി മുഴുവനും ക്രമത്താലും നിയമത്താലും ബദ്ധമാണെന്ന് മനസ്സിലാകയുള്ളൂ. ജീവിശ്ശാസ്ത്രം, സമുദായശാസ്ത്രം ഇവയുൾപ്പെട്ട ശാസ്ത്രപഠനംകൊണ്ടു മാത്രമെ അജ്ഞരായിരുന്ന പൂർവ്വികരെ ഭരിച്ചിരുന്ന അന്ധവി

ശപാസങ്ങളിൽനിന്നും യുവാക്കന്മാർക്ക് മുക്തി ലഭിക്കയുള്ളൂ. അനുഭവത്തെ കവിഞ്ഞ എത്ര വലുതായ ഒരു പ്രമാണവും സ്വീകാര്യമല്ലെന്ന് അവർ പഠിക്കും. ലോകം ആകപ്പാടെ മുമ്പോട്ടു പോകുന്നാണെന്ന് അവരറിയും. കഴിഞ്ഞ സുവർണ്ണദശ കവികളുടെ കല്പനാശക്തിയുടെ അവശിഷ്ടമാണെന്ന് അവർ ഗ്രഹിക്കും. എല്ലാററിനും ഉപരിയായി താവരുടെ ബുദ്ധിവൈഭവവും സ്വഭാവശുദ്ധിയും പൂർവ്വികരുടെ പ്രവൃത്തിഫലമായതുപോലെ തങ്ങളുടെ പ്രയത്നംകൊണ്ട് എത്ര കാലം ചെന്നായാലും വരാനിരിക്കുന്നവരുടെ സുഖത്തിനു വഴിവയ്ക്കാൻ സാധിക്കുമെന്നും അവരറിയും.

മനുഷ്യവർഗ്ഗത്തോട് നമുക്കുള്ള കടമയെ മനസ്സിൽ ഉൽബോധിപ്പിക്കാൻ കഴിയുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം, പരലോകത്ത് അവനവൻെറ ആത്മാവിനു മാത്രം മോക്ഷംകിട്ടാനുള്ള എത്തുംപിടിയുമില്ലാത്ത വഴി ഉപദേശിക്കുന്ന വിദ്യാഭ്യാസത്തേക്കാൾ, അവസാനമില്ലാത്ത പ്രയോജനം ചെയ്യുന്ന ഒന്നാകുന്നു.

## അദ്ധ്യാപകന്മാരുടെ പ്രാവിഡൻറ ഫണ്ട്.

(എസ്സ്. ശങ്കരവാരിയർ ബി. എ., എൽ. ടി.
ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ, മാവേലിക്കര.)

1. അദ്ധ്യാപകന്മാർ അനുഭവിക്കുന്ന കഷ്ടതകൾക്കു പരിഹാരമുണ്ടാകുന്നതിനായി ഗുരുനാഥൻ പല വശങ്ങളും ഉപയോഗപ്പെടുത്തുന്നതു് അനേകം അദ്ധ്യാപകന്മാരെ ആഹ്ലാദഭരിതരാക്കിത്തീർത്തിരിക്കുന്നു.

2. അദ്ധ്യാപകന്മാരുടെ കുറഞ്ഞ ശമ്പളം തുച്ഛം. അതുകൊണ്ട് ഞെരുങ്ങിക്കഴിഞ്ഞു വേണ്ട വ്യയനിയന്ത്രണങ്ങളെല്ലാം ആദ്യകാലത്തു പരിചയിച്ചു സാധിച്ചാലും അന്ത്യകാലത്തോടടുക്കുന്നവരെ ദുർവ്വഹമായ ക്ലേശഭാരം വല്ലാതെ വിഷമിപ്പിക്കും. ശമ്പളം എത്ര കൂട്ടിയാലും (അതു ക്ഷിപ്രസാദ്ധ്യമല്ലെന്ന് വളരെ നാളത്തെ ശ്രമംകൊണ്ട് അറിഞ്ഞില്ലേ—ഒരു രൂപ കൂടുതൽ വാങ്ങാനോ ഇടയായുള്ളല്ലൊ!) ശമ്പളത്തിൽ പകുതി മാത്രമെ പെൻഷൻ കിട്ടുന്നുള്ളൂ. ഉദ്യോഗമില്ലാതാകുന്നതുകൊണ്ട് ചെലവുകൾ അന്നു ചുരുങ്ങുകയില്ല—അന്യന്മാരുടെ അനുഭാവംകൊണ്ടു മാത്രം കഴിഞ്ഞുകൂടുന്നതെങ്ങനെ.? അഥവാ എന്തിനന്യന്മാരെ ആശ്രയിക്കുന്നു.?

അദ്ധ്യാപകന്മാക്ക് യോജിപ്പും പരസ്പരം സ്നേഹവും ഉണ്ടാവട്ടെ, ബലവത്തരമായ ഒരു കൂട്ടുകെട്ടുവേണം—അദ്ധ്യാപകന്മാരിൽ ആക്കെങ്കിലും കഷ്ടപ്പാടുണ്ടായാൽ മററുള്ള അദ്ധ്യാപകന്മാർ അതറിയണം—അനുതപിക്കണം—സഹായിക്കണം.

"പരസ്പരംഭാവയന്തഃശ്രേയഃപരമവാപ്സ്യഥ".

3. മാവേലിക്കര സെൻറർ മലയാളംസ്കൂൾ അദ്ധ്യാപകസംഘാംഗങ്ങൾ ഇതേപ്പററി പലതവണ ആലോചിക്കുകയും അവരുടെ അഭിപ്രായം രേഖപ്പെടുത്തി ഗുരുനാഥനു കൊടുക്കുന്നതിന് 1107 വൃശ്ചികം 19-ാംനു- എന്നെ അധികാരപ്പെടുത്തുകയും ചെയ്തു. ആ അഭിപ്രായഗതി ഇപ്രകാരമാണു്.

4. ഏൎപ്പെടുത്തുന്ന ഫണ്ടിൻെറ പ്രവൎത്തനം പരസ്പരരക്ഷാഭോഗഏൎപ്പാട് "കേരള ജി. ഇ. സെക്യൂറിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം), കൊല്ലം" മുതലായ രക്ഷാഭോഗഏൎപ്പാടുകൾ പോലെ വ്യവസ്ഥിതമായിരിക്കണം. ഓരോ അദ്ധ്യാപകനും പെൻഷനാകുന്ന കാലത്തോ, അതിനുമുമ്പ് ജോലിചെയ്യാൻ വയ്യാതാകുന്നെങ്കിൽ അപ്പോഴോ അദ്ദേഹത്തിന് പെൻഷനു കാലമാകുന്നതിനു മുമ്പ് മരിക്കുന്നെങ്കിൽ അദ്ദേഹത്തിൻെറ അവകാശികൾക്കും (ഒരായിരം രൂപയിൽ കുറയാതെ ആയാൽ നന്ന്) ഒരു തുക കൊടുക്കാൻ മതിയാകുന്ന ഒരു ഫണ്ടുണ്ടാകേണ്ടതാണ്.

5. 1107 കന്നി 30-ാംനു- തിരുവല്ലാ വി. എച്ച്. സ്കൂളിൽ കൂടിയ തിരുവിതാംകൂർ അദ്ധ്യാപകസംഘത്തിൻെറ വാൎഷികമഹാസമ്മേളനത്തിൽ ഇപ്രകാരം ഒരു ഫണ്ടു സ്ഥാപിച്ചുതരണമെന്ന് ഗവൎമ്മെണ്ടിനോടപേക്ഷിക്കുന്നുണ്ടെന്ന് പ്രമേയം പാസാക്കിയിട്ടുണ്ടെന്നറിയുന്നതു് അദ്ധ്യാപകന്മാക്കെല്ലാം സന്തോഷമായിരിക്കും. 1106 ധനു ലക്കം ഗുരുനാഥനിൽ ശ്രീമാൻ പി. പി. നീലകണ്ഠപിള്ള അഭിപ്രായപ്പെട്ടു കാണുന്നതുപോലെ ഈ ഫണ്ടു സംബന്ധിച്ച് എല്ലാ അദ്ധ്യാപകസംഘങ്ങളിൽനിന്നും ഇതുപോലെ പ്രമേയം പാസാക്കി മേലധികാരികൾക്കയച്ച് അവരെ പ്രേരിപ്പിച്ചുകൂടെ.? ഒരു സംഗതിയിൽ നിർബന്ധം കൂടിയേ തീരു. ഗവൎമ്മെണ്ടുസ്കൂൾ അദ്ധ്യാപകന്മാരെന്നൊ, വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരെന്നൊ വകുപ്പുതിരിക്കുന്നതു നന്നായിരിക്കുകയില്ല. തിരുവിതാംകൂറിലെ അദ്ധ്യാപകന്മാക്കെല്ലാം, പ്രവേശക്ഷമമായിരിക്കണം ഇതുസംബന്ധിച്ചുണ്ടാകുന്ന കൂട്ടുകെട്ട്.

6. ഇതിൻെറ ഏർപ്പാട് അദ്ധ്യാപകന്മാക്കുവേണ്ടി ഗവൎമ്മെണ്ടു തന്നെ നടത്തണം. സകല ചുമതലകളും ഡിപ്പാർട്ടുമെൻറിലേക്കു നിവ്ഹിക്കപ്പെടണം. ഉചിതമായ നിയമങ്ങളെല്ലാം ഗവൎമ്മെണ്ടുതന്നെ നി

ൎമ്മിച്ചുകൊള്ളട്ടെ.

7. ഇതിലേക്ക ഗവൎമ്മെണ്ടിനെ പ്രേരിപ്പിക്കാൻ ആദ്യമായി ചെയ്യേണ്ടതു് ഈ മോഹം എല്ലാവൎക്കുമുണ്ടെന്നു് ഗവൎമ്മെണ്ടിനെ ബോധിപ്പിക്കയാണല്ലൊ. ഈ നാട്ടിലുള്ള സകല അദ്ധ്യാപകന്മാരും (അവരവരുടെ അടുത്ത മേലധികാരി മുഖാന്തിരം) ഇക്കാൎയ്യം സാധിച്ചുതരണമെന്നു് വിദ്യാഭ്യാസഡയറക്ടരോടു് അപേക്ഷിക്കുകയായിരിക്കും നേർവഴിയെന്നു വിചാരിക്കുന്നു

8. ഡയറക്ടർക്കയക്കണമെന്നുദ്ദേശിച്ചു ഞങ്ങൾ തയ്യാറാക്കിയ അപേക്ഷയുടെ ഒരു പ്രതി അനുബന്ധിച്ചിരിക്കുന്നു. അതുപോലെയൊ ഉചിതമെന്നു തോന്നുന്ന ഭേദഗതികളോടു കൂടിയൊ അപേക്ഷകൾ സകല അദ്ധ്യാപകരും ഒപ്പിട്ടു് ഒരു ക്ലിപ്തതീയതിക്കു് (പൊതുസൗകൎയ്യംപോലെ തീൎച്ചപ്പെടുത്താവുന്നതാണല്ലൊ.) ഡയറക്ടർക്കു കിട്ടാൻ തക്കപോലെ അയക്കണമെന്നാണു് ഞങ്ങളുടെ അഭിപ്രായം,

6. അദ്ധ്യാപകസംഘങ്ങൾ ഇപ്പോൾ നടന്നുവരുന്ന ദിവസങ്ങളിൽതന്നെ അതതു സ്ഥലങ്ങളിൽ കൂടുന്ന അദ്ധ്യാപകരുടെ അഭിപ്രായം അറിഞ്ഞു് സംഘസംയോജകന്മാർ തമ്മിൽ എഴുത്തുകുത്തു ചെയ്തുകൊണ്ടു് തീരുമാനം ഗുരുനാഥൻ പ്രഖ്യാപനം ചെയ്യണമെന്നു് ആഗ്രഹിക്കുന്നു.

### മഹാരാജമാന്യരാജശ്രീ തിരുവിതാംകൂർ എഡ്യൂക്കേഷൻ ഡയറക്ടർസായ്പു് അവർകൾ സമക്ഷത്തിൽ സമൎപ്പിച്ചുകൊള്ളുന്ന അപേക്ഷ.

ഈ സംസ്ഥാനത്തെ വൎണ്ണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ദയനീയാവസ്ഥ ഈ ചുരുങ്ങിയ കാലംകൊണ്ടു് അവിടത്തേക്കു ബോദ്ധ്യം വന്നിട്ടുള്ളതാകയാൽ അവിടുന്നു ഗവൎമ്മെണ്ടിനെ വേണ്ടവിധത്തിൽ ഉൽബോധിപ്പിച്ചു് അതിനു പരിഹാരം ഉണ്ടാക്കിത്തരുമെന്നു് ആശിച്ചുകൊള്ളുന്നു.

ഇപ്പോൾ കഴിഞ്ഞ ശമ്പളപരിഷ്കാരം കൊണ്ടു് വൎണ്ണാക്യുലർ സ്കൂൾഅദ്ധ്യാപകന്മാരുടെ നില കുറഞ്ഞൊന്നു് വ്യത്യാസമായിട്ടുണ്ടെങ്കിലും അതു ന്യായമായ സുഖസ്ഥിതിയിൽ കാലയാപനം ചെയ്യുന്നതിനു മതിയാകാതെയാണിരിക്കുന്നതെന്നും തൃപ്തികരമായ വിധത്തിൽ ഞങ്ങളുടെ സ്ഥിതിയെ നന്നാക്കത്തക്കവണ്ണം സുഖകരമായ മാറ്റങ്ങൾ ഇനിയും ആ

ലോചിച്ചു ചെയ്യാനുണ്ടെന്നും ഈ വിഷയത്തിൽ സുപരിചിതനായ അവിടത്തേക്ക് അറിയാവുന്നതാകുന്നു.

ഡിപ്പാർട്ടുമെൻറിൻെറ നാനാമുഖങ്ങളായ വളർച്ചയും തജ്ജന്യമായ ചെലവും നിമിത്തം വർണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരുടെ ന്യായമായ ആശാമാർഗ്ഗം സാദ്ധ്യമാകുന്നതിന് പ്രതിബന്ധം നേരിട്ടിട്ടുണ്ടെങ്കിലും ഗവൺമെണ്ട് മേലും കരുണാപൂർവ്വം പ്രവർത്തിക്കുന്നതായാൽ മേൽപറഞ്ഞ ദയനീയസ്ഥിതിക്ക് തക്കതായ പരിഹാരമുണ്ടാക്കാൻ മാർഗ്ഗങ്ങളുള്ളതാകുന്നു.

പരിഷ്കാരാഭിവൃദ്ധിക്ക് അനുസരണമായി ജീവിതാവശ്യങ്ങളും വർദ്ധിച്ചുവരുന്ന സ്ഥിതിക്ക് തൽപരിഹാരാർത്ഥം ആദായമാർഗ്ഗവും ക്രമപ്രവൃദ്ധമായി വരേണ്ടതാണെന്നിരിക്കെ ഞങ്ങൾക്ക് കിട്ടിവരുന്ന പ്രതിഫലം അന്യസംസ്ഥാനങ്ങളെ അപേക്ഷിച്ചും ഈ സംസ്ഥാനത്തുള്ള മററു ഡിപ്പാർട്ടുമെൻറുകളെ അപേക്ഷിച്ചും കുറവായിരിക്കുന്നു. എല്ലാവിധത്തിലും വിദ്യാർത്ഥികൾക്കു മാതൃകയായിരിക്കേണ്ട അദ്ധ്യാപകൻെറ സാമ്പത്തികനില സർവീസ് കാലത്തുതന്നെ കുറവായിരിക്കുന്ന സ്ഥിതിക്ക് സർവീസിൽനിന്നും പിരിഞ്ഞാലുള്ള അവസ്ഥ അതിലും മോശമായിട്ടാണല്ലോ ഇരിക്കാവുന്നതു്. സർവ്വീസ് വിട്ടശേഷം ഞങ്ങളുടെ ജീവിതാവശ്യങ്ങൾ യഥോചിതം നിർവ്വഹിക്കുന്നതിനുള്ള ആശാമാർഗ്ഗം യാതൊന്നും ഇല്ലാതെയിരിക്കുന്നു.

എൻെറ താഴ്മയായ അഭിപ്രായത്തിൽ മേൽപറഞ്ഞ വിധത്തിലുള്ള ശോച്യാവസ്ഥയെ പരിഹരിച്ചു നന്നാക്കുന്നതിന് ഗവണ്മെണ്ടിൻെറ ഔദാര്യപൂർവ്വമായ മേൽനോട്ടത്തോടു കൂടിയ ഒരു പരസ്പരസഹായപ്രസ്ഥാനം ഉത്തമമാർഗ്ഗമാകുമെന്നും അതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങളടങ്ങിയ വ്യവസ്ഥയോടുകൂടി ഒരു കെട്ടുപാടു നിർമ്മിച്ചു് നടപ്പിൽ വരുത്തുന്നതിന് അവിടത്തെ ദയനുകമ്പാപൂർണ്ണമായ ആലോചന മതിയാകുമെന്നും വിശ്വസിച്ചുകൊള്ളുന്നു.

നിർദ്ദേശങ്ങൾ.

സംസ്ഥാനത്തുള്ള ഡിപ്പാർട്ടുമെൻറുസ്കൂളുകളും എയിഡഡ്സ്കൂളുകളും ഉൾപ്പെട്ട എല്ലാ വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരുടേയും ഭാവിനന്മയ്ക്കു വേണ്ടി അദ്ധ്യാപകരക്ഷാഭോഗനിധി (ടീച്ചേഴ്സ് പ്രാവിഡൻറുഫണ്ട്) എന്ന പേരിൽ ഒരു സ്ഥാപനം ഉണ്ടാക്കുക.

അതു കാര്യക്ഷമമായ വിധം നടത്തുന്നതിന് ഗവണ്മെണ്ടിൽ നിന്നും ഒരു പദ്ധതി നിശ്ചയിച്ചു് ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ തന്നെ നടത്തത്തക്കവണ്ണം പരസ്പരസഹായസംഘം രജിസ്ട്രാർ അവർകളുടെ ഉപദേശങ്ങൾക്കുൾപ്പെട്ട ഒരു ബൈലാ രൂപീകരിച്ചു് കഴിയുന്നവേ

ഗത്തിൽ രജിസ്റ്റർ ചെയ്തു് നടപ്പിലാക്കുക.

അതിൽ അദ്ധ്യാപകന്മാരുടെ എണ്ണത്തോളം ഓഹരികളും ഓഹരി ഒന്നിന് പത്തു രൂപാ വീതവും ഉണ്ടായിരിക്കുക.

ഓഹരിത്തുക സൗകര്യമായ ഗഡുക്കളിൽ അടച്ചു തീർക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

സൗകര്യത്തിനു വേണ്ടി ഏ. എന്നും ബി. എന്നും ഓഹരികൾ രണ്ടു ക്ലാസായി തിരിക്കുകയും, ഏ. ക്ലാസിൽ പകുതി തുക ബി. ക്ലാസിനുണ്ടായിരിക്കുകയും ചെയ്യുക.

ഇപ്പോൾ സർവീസിലിരിക്കുന്ന എല്ലാവരേയും വയസ്സിന്റെ കൂടുതൽ കുറവു നോക്കാതെ ഇതിൽ അംഗങ്ങളാക്കുകയും എന്നാൽ പത്തു വർഷമെങ്കിലും അംഗങ്ങളായിരിക്കുന്നതിനു മുമ്പു് അൻപത്തിയഞ്ചു വയസ്സു തികഞ്ഞു് സർവീസ് വിടുന്നപക്ഷം സർവീസ് വിട്ട ശേഷവും ഓഹരി തുടൎന്നു് പത്തു വർഷം തികയുമ്പോൾ ക്ലിപ്തമായ രക്ഷാഭോഗത്തുക കിട്ടുന്നതിനോ അല്ലാത്തപക്ഷം സർവീസ് വിട്ടു പോകുമ്പോൾ താരതമ്യേന ഒരു ബോണസ് ലഭിക്കുന്നതിനോ അവകാശമുണ്ടായിരിക്കുകയും വേണ്ടതാകുന്നു.

ഇതു് നടപ്പിലാകുന്ന കാലത്തിനു ശേഷം സർവീസിൽ സ്ഥിരപ്പെട്ട എല്ലാ അദ്ധ്യാപകന്മാരും നിർബന്ധമായും ഇതിൽ അംഗങ്ങളായി ചേരേണ്ടതാകുന്നു.

ഇതിലേക്കുള്ള മൂലധനവും ചുമതലയും ഗവൺമെന്റധീനത്തിൽ തന്നെ ഇരിക്കേണ്ടതും തുക ബാങ്കിൽ നിക്ഷേപിച്ചു് പലിശ വർദ്ധിപ്പിക്കേണ്ടതുമാകുന്നു.

ക്ലിപ്തപ്പെടുത്തുന്ന കാലാവധിക്കു ശേഷം സർവീസിൽനിന്നു പിരിയുകയോ പെൻഷൻ പറ്റുകയോ ചെയ്യുന്ന ഏ. ക്ലാസുകാർക്കു് ആയിരവും ബി. ക്ലാസുകാർക്കു് അഞ്ഞൂറും രൂപ വീതം രക്ഷാഭോഗത്തുക നൽകേണ്ടതും ഏതെങ്കിലും അംഗങ്ങൾ സർവീസിനിടയ്ക്കു് മരിച്ചുപോകുന്നപക്ഷം അവരുടെ അവകാശികൾക്കു് ആ തുക ലഭിക്കേണ്ടതുമാകുന്നു. ക്ലിപ്തപ്പെടുത്തുന്ന കാലാവധിക്കു മുൻപായി സർവീസു വിട്ടു പോകാൻ ഇടയാകുന്നവർക്കു് പിരിയലിന്റെ സ്വഭാവമനുസരിച്ചു് ഒരു ബോണസ് കൊടുക്കേണ്ടതാകുന്നു.

ഈ സ്ഥാപനത്തിൽ ചേർന്നവർ ആരെങ്കിലും ഒരു കൊല്ലത്തിനകം മരിച്ചുപോയാൽ അവരുടെ അവകാശികൾക്കു് നൂറു രൂപാ കൊടുക്കാവുന്നതാകുന്നു.

ഓരോ അംഗവും ഓഹരിത്തുകയ്ക്കു പുറമെ രക്ഷാഭോഗത്തുകയ്ക്കോ ബോണസ് കൊടുക്കുന്നതുകയ്ക്കോ അങ്ങനെ കൊടുക്കേണ്ടിവരുന്ന അവസരത്തിൽ ഏ. ക്ലാസുകാർ ഒരുരൂപയും ബി. ക്ലാസുകാർ അരരൂപയും നി

രക്കിൽ അടയ്ക്കുകയും എന്നാൽ അതു മാസത്തിൽ ഒരു തവണയിൽ കൂടുതലാകാതിരിക്കാൻ വ്യവസ്ഥ ചെയ്യുകയും അങ്ങനെ ശേഖരിച്ച തുകയിൽ കൊടുത്തു് നീക്കിയുള്ളതു മുതലിൽ ചേർക്കുകയും വേണ്ടതാകുന്നു.

ഇങ്ങനെയായാൽ പത്തുകൊല്ലംകൊണ്ടു് ബോണസ് കൊടുക്കാൻ മതിയാകുന്ന വിധത്തിൽ ഫണ്ടു വർദ്ധിക്കുന്നതാണെന്നും അതിനുശേഷം ബോണസിനുള്ള പിരിവു തുക നിർത്തൽ ചെയ്യാവുന്നതാണെന്നും വിശ്വസിച്ചുകൊള്ളുന്നു.

ഇതേവിധത്തിൽ പാശ്ചാത്യരാജ്യങ്ങളിലെ കമ്പനികളിലും കൂലിവേലക്കാരുടെയിടയിടയിലും മററും രക്ഷാഭോഗസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതു കൂടാതെ തിരുവിതാംകൂറിൽ തന്നെയും എക്സൈസ്, അഞ്ചൽ എന്നീ ഡിപ്പാർട്ടുമെന്റുകളിൽ അതാതു ഡിപ്പാർട്ടുമെന്റ് മേധാവിയുടെ ചുമതലയിൽ നടത്തിവരുന്നതും തന്മൂലം ശ്രേഷ്ഠമായ ഗുണഫലങ്ങൾ അവർ അനുഭവിച്ചുവരുന്നതുമാകുന്നു.

ഈ നിർദ്ദേശങ്ങൾക്കുൾപ്പെട്ടതോ മറെറതെങ്കിലും വിധത്തിൽ ഗവമ്മെന്റിൽനിന്നു നിശ്ചയിക്കുന്നതോ ആയ ഒരു രക്ഷാഭോഗസ്ഥാപനം ഉണ്ടാക്കി ഗവമ്മെന്റിനു് അധികച്ചിലവുണ്ടാകാതേയും അനേകായിരം അംഗങ്ങളുടെ അല്പമായ നിക്ഷേപം കൊണ്ടു് ഓരോ അംഗത്തിനും ഉദ്യോഗത്തിൽനിന്നും പിരിയുന്ന അവസരത്തിലൊ അവകാശികൾക്കു മരണശേഷമൊ ഒരു നല്ല തുക ലഭിക്കത്തക്കവണ്ണം തിരുവിതാംകൂർ സംസ്ഥാനത്തുള്ള മാനേജ്മെന്റു വകയും ഗവമ്മെന്റുവകയുമായ എല്ലാ വർണ്ണാക്യുലർ സ്കൂളുകളിലേയും അദ്ധ്യാപകന്മാരുടെ ഭാവിരക്ഷാമാർഗ്ഗം നൽകുന്നതിലേക്കു് അവിടത്തെ ദയാദൃഷ്ടി പതിയുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ അപേക്ഷ സമർപ്പിച്ചുകൊള്ളുന്നു.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഈ പ്രസ്ഥാനത്തിന്റെ ഒരു ഔട്ട്ലൈൻ മാത്രമെ ആകുന്നുള്ളുവെന്നും കാര്യക്ഷമമായ വിധം വ്യാപ്തിയിലുള്ള നിബന്ധനകൾ ആവശ്യംപോലെ ഏർപ്പെടുത്തി ഈ സ്ഥാപനം നടപ്പിൽ വരുത്തുന്നതിന് അങ്ങേയ്ക്കു അനുകമ്പയുണ്ടാകാറാകണമെന്നും ഈ പുതിയ പ്രസ്ഥാനം നടപ്പിൽ വരുത്തി അതു ഈ രാജ്യത്തു് അങ്ങയുടെ യശസ്തംഭമാക്കിത്തീർക്കാറാകണമെന്നും താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

അപേക്ഷകൻ;-

ഒപ്പ്.

# * ബിരുദധാരികളോട്.

## II

നിങ്ങളിൽ ചിലർ ഗ്രന്ഥകാരന്മാരുടെ നിലയിലും അതിനേക്കാൾ ആദായത്തും ഉത്തരവാദിത്വവും കുറഞ്ഞ പ്രായമായവരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുക എന്ന ജോലിയിലും ഏർപ്പെടുന്നതായിരിക്കും. പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ, നാടകങ്ങൾ, സിനിമാചിത്രങ്ങൾ മുതലായവ പ്രായമായവരുടെ പാഠശാലയാണ്. ഇവ നിർമ്മിക്കേണ്ടതു് പ്രധാനമായി സർവ്വകലാശാലാബിരുദധാരികളാണ്. ഒരു ഭാഷയുടെ മഹത്വത്തെയും കമനീയതയേയും വർദ്ധിപ്പിക്കുന്ന സാഹിത്യം നിർമ്മിക്കുന്നതിന്—ആ ഭാഷയുടെ നിർവ്വാണത്തെ ഒരുപക്ഷേ പ്രതിരോധിക്കുന്ന സാഹിത്യത്തെ നിർമ്മിക്കുന്നതിന്—ഒരു രാജ്യം അവിടത്തെ സർവ്വകലാശാലാബിരുദകൾ നേടിയിട്ടുള്ള സ്ത്രീപുരുഷന്മാരെയാണ് ശരണീകരിക്കുന്നതു്. മനുഷ്യരുടെ ഇടപാടുകൾ വളരെ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് ഭാഷാസംബന്ധമായ വ്യത്യാസങ്ങൾ കഴിയുന്നിടത്തോളം ഉപേക്ഷിക്കേണ്ടതാണല്ലോ. മനുഷ്യവർഗ്ഗത്തിന് ഒരു പൊതുഭാഷയുടെ ആവശ്യം—അതു് ഹിന്ദിയോ, ചീനഭാഷയോ, ഇംഗ്ലീഷുഭാഷയോ, സ്പാനിഷ്ഭാഷയോ ഏതെങ്കിലുമാകട്ടെ—കൂടുതൽക്കൂടുതൽ അത്യന്താപേക്ഷിതമായിത്തീരുവാനേ ഇടയുള്ളു. അപ്പോൾ ഇന്നുപയോഗത്തിലിരിക്കുന്ന പല ഭാഷകളും തിരോധാനം ചെയ്യാതെ നിവൃത്തിയില്ല. ഒരു ഭാഷയെ സംരക്ഷിക്കുന്ന ഏകവസ്തു, അതു വായിക്കുന്നതിന് പഠിക്കുവാൻ വിഷമത സഹിക്കത്തക്കവണ്ണം അത്ര കമനീയമായ ഒരു സാഹിത്യം അതിൽ സൃഷ്ടിക്കുകയാകുന്നു. ഒരു ഭാഷയുടെ ദീർഘായുസ്സ് അതിന്റെ സാഹിത്യത്തെ ആശ്രയിച്ചിരിക്കുന്നതാണ്. നാം ഇന്നു സംസ്കൃതം, ലാററിൻ, ഗ്രീക്ക്, ഹീബ്രു എന്നീ ഭാഷകൾ വായിക്കുകയും, പഠിക്കുകയും, ആസ്വദിക്കുകയും ചെയ്യുന്നതു് അവയിലുള്ള അമാനുഷികമായ പദ്യങ്ങൾ നിമിത്തമാണ്. കാർത്തേജ്, ഈജിപ്ത്, അസ്സിരിയ മുതലായ സാമ്രാജ്യങ്ങൾ വളരെ പ്രാബല്യമുള്ളവയായിരുന്നുവെങ്കിലും, അവയുടെ ഭാഷകൾ ഇന്നു വല്ല കാഴ്ചബംഗ്ലാവുകളിൽ മാത്രമേ കാണുകയുള്ളു.

മൃത്യുദോഷമില്ലാത്ത കവിതയെഴുതി മാതൃഭാഷയെ യോഗ്യമാക്കിത്തീർക്കുവാൻ നിങ്ങളിൽ ചിലർക്ക് ഭാഗ്യമുണ്ടാകട്ടെ.! ഇതിനുള്ള ശക്തി ചിലർക്കു മാത്രമേ നൽകുവാൻ കഴികയുള്ളു. എന്നാൽ രാജ്യത്തിലെ കവി

* മിസ്സ്: എലീനർ മക്ഡൗഗൽ എം. എ. ഡി ലിററ്, മദിരാശി സർവ്വകലാശാലയിൽ ഈയിടെ നടത്തിയ കാൺവൊക്കേഷൻ പ്രസംഗം.

തയുടെ കാര്യത്തിൽ ഉത്തരവാദിത്വം എല്ലാ ബിരുദധാരികളിലുമുണ്ട്. സർവ്വകലാശാലക്കു കവികളെ സൃഷ്ടിക്കുവാൻ കഴികയില്ലെന്നുള്ളതു വാസ്തവം തന്നെ. എല്ലാ രാജ്യങ്ങളിലേയും യുവകവികളുടെ കലാശാലാജീവിതം നിരാശാജനകങ്ങളായിരുന്നു എന്ന് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ മഹത്തായ കവിതയുടെ വളർച്ചക്കാവശ്യമുള്ള എന്തോ ഒന്ന് സർവ്വകലാശാല പ്രദാനം ചെയ്യുന്നുണ്ട്. അതു കവിക്ക് ഒരു സദസ്സിനെ സജ്ജീകരിക്കുന്നു; തൻെറ ജോലിയെ മനസ്സിലാക്കി ആസ്വദിക്കുന്നതിന്നു വേണ്ട ഒരു സാഹിത്യാഭിരുചിയെ അതു ഉണ്ടാക്കുന്നു; സ്നേഹിതന്മാരായ വായനക്കാരെ നൽകുന്നു; ഏററവും ഉത്തമമായതു എഴുതത്തക്കവണ്ണം അയാളെ പ്രേരിപ്പിക്കുന്ന സുശിക്ഷിതന്മാരായ വിമർശനശീലരെ അതു നൽകുന്നു. ഈ സേവനം ഒരു സർവ്വകലാശാല തൻെറ കവികൾക്കും അവരുടെ വായനക്കാർക്കും വേണ്ടി ചെയ്യേണ്ടതാണ്. വിദ്യാഭ്യാസത്തെ പരിശോധിക്കേണ്ടതു നല്ല സാഹിത്യാസ്വാദനത്തെ നൽകുവാനുള്ള അതിൻെറ ശക്തികൊണ്ടാണ് എന്നു പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ പരീക്ഷാവിജയം എത്ര മഹത്തായിട്ടുള്ളതാണെങ്കിലും, വായിക്കുവാനുള്ള അഭിരുചി കൂടാതെയോ, പുസ്തകങ്ങൾക്കു പകരം പത്രഗ്രന്ഥങ്ങളും, യഥാർത്ഥഗ്രന്ഥങ്ങൾ വായിക്കുന്നതിന്നു പകരം അവയുടെ സംക്ഷിപ്തങ്ങളും ഇഷ്ടപ്പെട്ടുകൊണ്ടോ നിങ്ങൾ കലാശാലയെ വെടിയുകയാണെങ്കിൽ, നിങ്ങളുടെ വിദ്യാഭ്യാസം ഒരു പരാജയമാണെന്നുതന്നെ പറയാം. നല്ല സാഹിത്യം തന്നത്താൻ നിർമ്മിക്കുവാൻ നമ്മളിൽ ചുരുക്കം ചിലർക്കേ സാധിക്കയുള്ളു. എന്നാൽ സർവ്വകലാശാലയുടെ എല്ലാ പുത്രന്മാരും പുത്രിമാരും നല്ല പുസ്തകങ്ങളെ ആവശ്യപ്പെട്ടും പ്രോത്സാഹിപ്പിച്ചും മാതൃഭൂമിയെ സേവിക്കുവാൻ പ്രാപ്തരായിരിക്കണം; ചീത്ത പുസ്തകങ്ങളെ അവഗണിച്ചു നശിപ്പിക്കുവാനും അവർക്കു കഴിയും. പുസ്തകങ്ങൾ വായിക്കുകയും, അവയെപ്പററി സംസാരിക്കുകയും, വിമർശിക്കുകയും ചെയ്യുന്ന ബിരുദധാരികളുടെ അഭിപ്രായമായിരിക്കും സ്വാഭാവികമായി വായനലോകത്തെ നയിക്കുന്നതു്. നിങ്ങളുടെ രാജ്യത്തിലെ ആധുനിക സാഹിത്യത്തിൻെറ നിലക്കു നിങ്ങളാണ് അധികപക്ഷവും ഉത്തരവാദികൾ.

പത്രപ്രവർത്തനം ജോലിയായി സ്വീകരിക്കുന്നവരിൽ ഈ ഉത്തരവാദിത്വം പ്രത്യേകമായി ഉണ്ടായിരിക്കുന്നതാണ്. ഇന്നത്തെ നന്മക്കും തിന്മക്കും ആശ്രയമായ വസ്തു പത്രങ്ങളാണ്. അതു ദിവസേന വായിക്കുന്നവരുടെ ചിന്താശീലത്തെ വിശാലമോ, സങ്കുചിതമോ, സ്വാർത്ഥപരമോ ദേശാഭിമാനദ്യോതകമോ, സത്യാന്വേഷണപരമോ, വിനോദപരമോ, ആത്മപ്രശംസാപരമോ, ആത്മനിരൂപണപരമോ ആക്കി രൂപവൽക്കരിക്കുന്നു. ഒരു പത്രത്തിൻെറ പ്രത്യേകഅഭിപ്രായങ്ങളെക്കാൾ ഇതിന്നു പ്രാധാ

ന്യം കൃതലുണ്ടു്. എന്നാൽ അതും പ്രാധാന്യമർഹിക്കുന്നതുതന്നെ. നിരുത്തരവാദിത്വപരമായ പത്രപ്രവർത്തനമാണു് ഒരു രാജ്യത്തിനു അനുഭവിക്കാവുന്ന ഏററവും ദോഷഹേതുകമായ ശാപം. മദിരാശിയിലുള്ള നാം അവിടത്തെ പ്രധാനപ്പെട്ട രണ്ടു പത്രങ്ങളുടെ സ്വഭാവവും അഭിപ്രായവും ഉത്തമമായിട്ടുള്ളതുകൊണ്ടു് ഭാഗ്യവാന്മാർ തന്നെ. എന്നാൽ ഉൽകൃഷ്ടമായ ആദർശങ്ങളില്ലാതെ, വെറും വിനോദത്തിനു മാത്രം നടത്തുന്ന ശക്തിമത്തായ ഒരു പത്രത്തിന്നു് പൊതുജനാഭിപ്രായത്തെ വിഷമയമാക്കുവാനും, വ്യക്തികൾക്കു് കഠിനമായ ദോഷം ചെയ്യുവാനും, പൊതുജനാഭിരുചിയെ അധഃപതിപ്പിക്കുവാനും, വർഗ്ഗീയവും ദേശീയവുമായ വിദ്വേഷത്തിനും മത്സരത്തിനും ഇരിപ്പിടമായിത്തീരുവാനും സാധിക്കും. എന്നാൽ ഉത്തരവാദിത്വം പത്രപ്രവർത്തകന്മാരിൽ മാത്രമല്ല ഉള്ളതു്. ഓരോ ദേശത്തിനും അതർഹിക്കുന്ന പത്രപ്രവർത്തനമുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. പത്രങ്ങൾ വായനക്കാരുടെ അഭിരുചിയേയും അഭിപ്രായത്തേയും വളരെ സ്വാധീനപ്പെടുത്തുന്നുണ്ടു്. നേരെ മറിച്ചു്, പൊതുജനങ്ങൾ ആവശ്യപ്പെടുന്നതു നൾകുന്നുമുണ്ടു്. ജനസാമാന്യത്തിന്റെ ആവശ്യത്തിലുണ്ടാകുന്ന മാററത്തേയും അവ അറിയാതിരിക്കുന്നില്ല. സർവ്വകലാശാലാബിരുദധാരികൾക്കു് പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു സ്വാധീനശക്തികളേയും സേവിക്കാവുന്നതാണു്. പത്രപ്രവർത്തകന്മാരുടെ നിലയിൽ അവർക്കു് യഥാർത്ഥമായ അഭിപ്രായം പുറപ്പെടുവിക്കയും, സർവ്വകലാശാല പഠിപ്പിച്ചിട്ടുള്ള നിർമ്മത്സരബുദ്ധിയേയും, അഭിപ്രായപ്രകടനയാഥാർത്ഥ്യത്തെയും ഉപയോഗിക്കയും ചെയ്യാം. പത്രവായനക്കാരുടെ നിലയിൽ രേഖപ്പെടുത്തുവാൻ യോഗ്യമായ വിധത്തിൽ വിഷയപ്രതിപാദനം ചെയ്യുന്നതിനും വികാരോദ്വേഗജനകമായ അതിശക്തിയേയും നിസ്സാരമായ വിഢിത്തത്തെയും വെറുപ്പിനേയും പ്രോത്സാഹിപ്പിക്കാതിരിക്കുന്നതിനും ആവശ്യപ്പെടാവുന്നതാണു്.

ബിരുദധാരികളിൽ വളരെപ്പേർക്കു് അദ്ധ്യാപകവൃത്തിയൊ, സ്വതന്ത്രമായ തൊഴിലൊ സ്വീകരിക്കുന്നതിനുള്ള സൗകര്യജീവിതം നൾകുന്നില്ല. ഭരണസംബന്ധമായൊ വ്യവസായപരമായൊ ഉള്ള ജോലികളാണു ലഭിക്കുന്നതു്. വളരെപ്പേർ ഗവൺമെൻറുസേവനത്തിലൊ, പൊതുസ്ഥാപനങ്ങളുടെ ജോലിയിലൊ ഏർപ്പെട്ടു് നമ്മുടെ പരിഷ്കാരയന്ത്രത്തിന്റെ പ്രവർത്തനത്തിന്നു് ജീവിതം ഉപയോഗപ്പെടുത്തുന്നതാണു്. പൊതുജനങ്ങളുടെ വളരെ പണത്തുകകൾ നിങ്ങൾക്കു ചിലവാക്കേണ്ടിവരും. ഒരു സമുദായമായി നമ്മെ കോർത്തിണക്കുന്ന വല കാര്യങ്ങളും എളുപ്പത്തിലും വിജയപൂർവ്വമായും നടത്തുന്നതു് നിങ്ങളുടെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കും. സർവ്വകലാശാല നിങ്ങളിലുണ്ടാക്കുവാൻ ശ്രമിച്ചിട്ടുള്ള കാര്യപ്രാപ്തി, സഹനശക്തി, സൂക്ഷ്മം, നിയന്ത്രണം സിദ്ധിച്ചിട്ടുള്ള ബുദ്ധിശക്തി ഇവ

യെല്ലാം നിങ്ങൾക്ക് ആവശ്യവുമായിരിക്കും. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഉത്തരവാദിത്വം മഹത്തായിട്ടുള്ള ഒന്നാകുന്നു. ഭരണത്തിൻെറ നീതിയെയാണ് ജനങ്ങളുടെ ക്ഷേമവും രക്ഷയും ബഹുമാനവും ആശ്രയിക്കുന്നതു്; ഭരണത്തിൻെറ കാര്യക്ഷമതയെയാണ് അവരുടെ സുഖവും, സൗകര്യവും, വിശ്രമവും ആശ്രയിക്കുന്നതു്. പൊതുസേവനങ്ങളിൽ വരുന്ന നിസ്സാരങ്ങളായ വീഴ്ചകൾകൊണ്ട് ഉപേക്ഷണീയമായ എന്തുമാത്രം ദുഃഖം വരുത്താം എന്നറിയുന്നതു് അത്ഭുതാവഹമാണ്. യഥാർത്ഥദേശാഭിമാനി ആദായനികുതി സന്തോഷത്തോടും കണിശത്തോടുംകൂടി കൊടുക്കുന്നവനും, രാജ്യത്തിൻെറ പൊതുഭാരത്തിൻെറ ഭാഗത്തെ സന്തോഷത്തോടുകൂടി വഹിക്കുന്നവനുമാണെങ്കിൽ, യഥാർത്ഥപൊതുജനദാസൻ, തൻെറ കുടുംബകാര്യങ്ങളിലെന്നപോലെ താല്പര്യത്തോടും ശ്രദ്ധയോടും നിഷ്കപടതയോടുംകൂടി തൻെറ ഉദ്യോഗം ഭരിക്കുന്നവനുമാണ്.

കൃഷിയിലും എൻജിനിയറിങ്ങിലും ബിരുദധാരികളായിട്ടുള്ള നിങ്ങളിൽ ചിലർ, രാജ്യത്തിൻെറ ഭൗതികസുഖങ്ങളെ വർദ്ധിപ്പിക്കുന്നതിനും, ഫലപുഷ്ടിയെ വർദ്ധിപ്പിക്കുന്നതിനും, ഗതാഗതം വേഗതയും രക്ഷയുമുള്ളതാക്കിത്തീർക്കുന്നതിനും വേണ്ടി ജീവിതം വിനിയോഗിക്കുന്നതാണ്. ഇങ്ങിനേയും മററുതരത്തിലുമുള്ള സേവനങ്ങൾക്ക്, ബിരുദധാരികൾ സർവ്വകലാശാലയിൽനിന്നും സിദ്ധിച്ചിട്ടുള്ള സാങ്കേതികജ്ഞാനം, ബുദ്ധിവൈദഗ്ദ്ധ്യം, സന്നദ്ധത മുതലായവ ഉപയോഗിക്കേണ്ടിവരും. അവരുടെ നിഷ്കളങ്കമായ ദേശാഭിമാനവും അപരിത്യാജ്യമായിരിക്കും. അസംഖ്യം വേലക്കാരെ നിയന്ത്രിക്കേണ്ടിവരുന്നവർ സർവ്വകലാശാലയിൽനിന്നും പഠിച്ചിട്ടുള്ള സാഹോദര്യം, മനുഷ്യാനുകമ്പ എന്നീ പാഠങ്ങളെ വിസ്മരിക്കരുതു്. എല്ലാ അവകാശത്തിനും ചുമതലയുണ്ടെന്നുള്ള സർവ്വകലാശാലാതത്വത്തേയും മറന്നുകളയരുതു്. ഓരോ കൊല്ലത്തിലും വാണിജ്യപരങ്ങളായിട്ടുള്ള ജോലിയിൽ ഏർപ്പെടുന്ന ബിരുദധാരികളുടെ സംഖ്യ കൂടിവരികയാണ്. ഇതു് പരിതാപകരമല്ല. സർവ്വകലാശാലാവിദ്യാഭ്യാസംകൊണ്ട് മനോവിശാലതയും മനോദാർഢ്യവും സിദ്ധിച്ചിട്ടുള്ള ആളുകളെ കച്ചവടം, വ്യവസായം മുതലായ ജോലികൾക്കായി നിയമിക്കുന്നതുകൊണ്ടുള്ള ഗുണം എല്ലാ ദേശക്കാരും മനസ്സിലാക്കിയിട്ടുണ്ട്. അവർക്ക് വാണിജ്യത്തെ സംബന്ധിച്ച് താത്വികവും പ്രായോഗികവുമായ അറിവുണ്ടായിരിക്കുന്നതാണ്. അവർ താല്ക്കാലികമായ ആദായത്തെ മാത്രം ലാക്കാക്കി പ്രവർത്തിക്കയില്ല. പരിപൂർണ്ണമായ സ്വാർത്ഥതയും മററുള്ളവരുടെ ക്ഷേമത്തെപ്പററിയുള്ള ക്രൂരമായ അവജ്ഞയും മററു മനുഷ്യപ്രവൃത്തികളിലെന്നപോലെ വാണിജ്യത്തിലും ഫലശൂന്യമായിട്ടുള്ളതാണെന്ന് അവർക്കറിയാം.

ഈ തൊഴിലുകളിലും ജോലികളിലും മിക്കവയിലും ബിരുദം നേടിയിട്ടുള്ള സ്ത്രീകൾക്കും പുരുഷന്മാൎക്കും പ്രവേശം ലഭിക്കുന്നതാണ്. ആണ്ടുതോറും സ്ത്രീകൾ കൂടുതൽകൂടുതലായി ബിരുദങ്ങൾ നേടുന്നതു കാണുന്നതു് സൎവ്വകലാശാലക്കു സംതൃപ്തിക്കും സന്തോഷത്തിനും കാരണമായിത്തീരുന്നു. ബിരുദധാരികളായ പുരുഷന്മാൎക്കുണ്ടാകുന്നതുപോലെയുള്ള വികാരങ്ങൾ സ്ത്രീകൾക്കും ഉണ്ടാകുന്നതാണ്. എന്നാൽ സൎവ്വകലാശാലയോടുള്ള കൃതജ്ഞത ഞങ്ങളെ തരളിതചിത്തരാക്കുന്നുണ്ടു്. ഞങ്ങൾക്കു വളരെക്കുറച്ചു മാത്രം ഭാഗം ഉണ്ടായിരുന്ന പുരുഷപ്രയത്നഫലങ്ങളിലാണ് ഞങ്ങൾ ഇന്നു കാലെടുത്തു വച്ചിട്ടുള്ളതു്. കൂടാതെ ഒരു പൊതുസ്ഥാപനവും സ്ത്രീകളോടു കാണിക്കാത്ത മഹത്തായ ഔദാൎയ്യമാണ് സൎവ്വകലാശാല ഞങ്ങളോടു കാണിക്കുന്നതു. ഞങ്ങളോടു പ്രത്യേകത വിചാരിച്ചിട്ടുണ്ടെന്നോ, മറ്റുള്ളവരുടെ അവകാശങ്ങളെ കുറച്ചിട്ടുണ്ടെന്നോ അല്ല പറയുന്നതു്. ഞങ്ങൾക്കു് സൎവ്വകലാശാലയിലേക്കു ഹൃദയപൂൎവ്വം സ്വാഗതം നൽകിയിരിക്കുന്നു എന്നാണ്. ഇന്നുവരെയുള്ള പരീക്ഷാഫലങ്ങൾ സംതൃപ്തി നൽകുന്നുണ്ടു്. ഇക്കൊല്ലത്തിൽ ചരിത്രത്തിനു് ബി. എ. ക്ലാസിൽ ഒന്നാംക്ലാസ് രണ്ടു സ്ത്രീകൾക്കു മാത്രമേ ലഭിച്ചിട്ടുള്ളു. മററുവിഷയങ്ങളിലും അവൎക്കു് ബഹുമാന്യമായ സ്ഥാനങ്ങളുണ്ടു്. സൎവ്വകലാശാല സ്ത്രീകൾക്കു നൽകിയിട്ടുള്ള മഹത്തായ സമ്മാനം സന്ദർഭമാകുന്നു. അവർ അതിനെ വേണ്ടപോലെ ഉപയോഗിച്ചിട്ടുണ്ടു്. സൎവ്വകലാശാലയെപ്പോലെ വിസ്തൃതലോകവും അവരോടു പെരുമാറുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ബിരുദധാരിണികളായ സ്ത്രീകൾ രാജ്യത്തിനു നൽകുന്ന സേവനം സർവകലാശാലയുടെ സമ്മാനമായിരിക്കും. അതുകൊണ്ടു് എല്ലാവൎക്കും ഗുണമുണ്ടാകും. എന്നാൽ സ്ത്രീവൎഗ്ഗത്തിനു നിങ്ങളാൽമാത്രം നൽകപ്പെടാവുന്ന ഒരു സേവനമുണ്ടു്. അതു ഈ രാജ്യത്തിലെ സ്ത്രീകൾക്കുവേണ്ടി യോജ്യമായ ഒരു വിദ്യാഭ്യാസസമ്പ്രദായം രൂപവൽക്കരിക്കുകയാകുന്നു. ഈ വിഷയം അത്യാവശ്യമായിട്ടുള്ള ഒന്നാണ്. അതു പുരുഷന്മാൎക്കോ, വിദേശീയൎക്കോ പൂൎണ്ണവിജയമായി നടത്താവുന്ന ഒന്നല്ല. അതു ഭാരതീയവനിതകൾ സാധിക്കേണ്ടതാണ്. നിങ്ങളെ തല്ക്കാലത്തേക്കു് പുരുഷന്മാരാണെന്നു സങ്കല്പിക്കുകയാണെങ്കിൽ, സർവകലാശാല നിങ്ങൾക്കു മാനസികപരിശീലനവും, മനോദാർഢ്യവും, മനഃസംസ്കാരവും, അദ്ധ്യാപകവൈദഗ്ദ്ധ്യവും, ധീരതയും, ന്യായബോധവും നൽകിയിട്ടുണ്ടു്. സർവകലാശാലയിൽനിന്നും സ്വീകരിക്കുക മാത്രമല്ലാതെ, പകരമായി സമ്മാനങ്ങൾ നൽകുന്ന ഒരു കാലം ഉണ്ടാകും. അവിടത്തെ അദ്ധ്യാപനത്തിലും ഭരണത്തിലും ഒരു പൂൎണ്ണഭാഗം അവർ വഹിക്കും. എന്നാൽ ആ സമയം ആസന്നമായിട്ടില്ല. അതുവരെ സ്ത്രീകൾക്കു പ്രത്യേകമായുള്ള കലാശാലകളിൽ അവരെ വിദ്യാഭ്യാസം

ചെയ്യിപ്പിക്കുന്നതു് ഉത്തമമായിരിക്കും. പുരുഷന്മാൎക്കുവേണ്ടിയുള്ള സ്ഥാപനങ്ങളിലേക്കാൾ അവിടെയാണല്ലോ അവരുടെ ആശയങ്ങൾക്കു് സ്വരൂപം സിദ്ധിച്ചു ഫലരൂപത്തിൽ എത്തുവാൻ എളുപ്പം. ആണേഴ്സ് കലാശാലകളിൽ സ്ത്രീകൾക്കു പ്രവേശനം നൽകിയതു് ഞങ്ങൾ കൃതജ്ഞതയോടുകൂടി സ്മരിക്കുന്നുണ്ടു്. സർവകലാശാലയിൽ ഈ ജോലി നിർവഹിക്കുന്നവരുടെ സാഹോദൎയ്യമനസ്ഥിതിയെ ഞങ്ങൾ അഭിനന്ദിക്കുന്നു.

എന്നാൽ ബിരുദധാരികളായ നിങ്ങൾക്കെല്ലാവൎക്കും, ഉദ്യോഗങ്ങളും തൊഴിലുകളും കൂടാതെ മററു ചുമതലകളുമുണ്ടു്. നിങ്ങൾ ഒരു ദേശത്തിലെ പൌരന്മാരും അംഗങ്ങളുമാണു്. സർവകലാശാല ദേശീയജീവിതത്തിനായി സജ്ജീകരിച്ചിട്ടുള്ള ബിരുദധാരികൾ അതിൽനിന്നും ഒഴിഞ്ഞുനില്ക്കുന്നതു് യോഗ്യമല്ല. അങ്ങിനെ വേണമെന്നു് ആരും ആഗ്രഹിക്കയുമില്ല. എല്ലാ ബിരുദധാരികളും രാഷ്ട്രീയകാൎയ്യങ്ങളിൽ യഥാൎത്ഥവും കാൎയ്യവുമായ വിധത്തിൽ പ്രവൎത്തിക്കേണ്ടതാണു്. പൊതുസംഭവങ്ങളെപ്പററി സ്വതന്ത്രവും യുക്തിയുക്തവും ന്യായവുമായ അഭിപ്രായങ്ങൾ സ്വരൂപിക്കേണ്ടതാണു്. എല്ലാ കക്ഷികളേയും സഹായിക്കുന്നതിനായി അവർ ജ്ഞാനവും ബുദ്ധിശക്തിയും വിനിയോഗിക്കണം. വിദ്യാഭ്യാസംകൊണ്ടു് എല്ലാവരും ഒരു കക്ഷിയിൽതന്നെ ഉൾപ്പെടത്തക്കവണ്ണം സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കേണ്ടതു് ഒരു സർവകലാശാലയുടെ ഉദ്ദേശമൊ ചുമതലയൊ അല്ല. രാഷ്ട്രീയകാൎയ്യങ്ങളിൽ നിശ്ചയമായും ഒരു സർവകലാശാലക്കക്ഷി ഉണ്ടായിരിക്കയൊ ഉണ്ടാകയൊ ചെയ്തുകൂട. ഒരേതരത്തിലുള്ള വിദ്യാൎത്ഥികളെയാണു് വാൎത്തുവിടുന്നതെങ്കിൽ സർവകലാശാലാവിദ്യാഭ്യാസം പരാജയത്തെക്കാൾ ശോചനീയമായിരിക്കും. ജീവിതോദ്ദേശം അഭിപ്രായവിവിധത്വമായിട്ടുള്ള ഒരു ദേശത്തിൽ, ബിരുദധാരികളിൽ ഒരേതരത്തിലുള്ള അഭിപ്രായങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുന്നതും പരാജയത്തെക്കാൾ ശോചനീയമാണു്. ഏതു രാഷ്ട്രീയകക്ഷിക്കും, യഥാൎത്ഥവും സത്യവുമായി പ്രവൎത്തിക്കയാണെങ്കിൽ കലാശാലകളിൽനിന്നും പുറത്തുവരുന്ന ചെറുപ്പക്കാരുടെ സഹായം ലഭിക്കാതിരിക്കയില്ല. അവർ രാഷ്ട്രീയകാൎയ്യങ്ങളെ ഉൽകൃഷ്ടമായ പൊതുസേവനത്തിന്റെ നിലപ്പിലാക്കുകയും ചെയ്യും. ഒരു കാൎയ്യത്തിന്റെ ഇരുവശങ്ങളും നോക്കുന്നതിനും, സത്യമെന്നു തോന്നുന്ന അഭിപ്രായത്തെ മുറുക്കിപ്പിടിക്കുന്നതിനും, പ്രധാനവും അപ്രധാനവുമായ സംഗതികൾ തിരിച്ചറിഞ്ഞു് ഒന്നിന്റെ മൎമ്മം കണ്ടുപിടിക്കുന്നതിനും, ഒരു പ്രസ്ഥാനത്തിന്റെയൊ നിയമത്തിന്റെയൊ നന്മതിന്മകളെ തൂക്കിനോക്കുന്നതിനും, എതിരായിരുന്നാലും യോഗ്യമായ പ്രവൃത്തിക്കു് വിലവച്ചുകൊടുക്കുവാനും പ്രാപ്തിയുള്ള സ്ത്രീപുരുഷന്മാരെ എല്ലാ കക്ഷികൾക്കും ആവശ്യമ

ണ്ട്. കക്ഷികളിൽ ഇങ്ങിനെയുള്ളവരുടെ പ്രഭാവം ഇൻഡ്യയും മററു പാല രാജ്യങ്ങളും ഇന്ന് അഭിമുഖീകരിക്കുന്ന പല പരിതാപകരങ്ങളായ കാര്യങ്ങൾക്കും പരിഹാരം നേടി കൊടുക്കുന്നതാണ്. നമ്മുടെ ലോകത്തെ ഇന്ന് വളരെ വിഷമിപ്പിക്കുന്നത് വിഭിന്നമായ കക്ഷികളോ നയങ്ങളോ അല്ല, കക്ഷികളിൽ രാജ്യഭരണതന്ത്രജ്ഞന്റെ യോഗ്യതകളുടെ കുറവും, അജ്ഞതയുടേയും അസൂയയുടേയും പൂർണ്ണതയുമാകുന്നു. ഓരോ കക്ഷിയിലും സമർത്ഥന്മാരായ ചിലരുണ്ടെങ്കിലും, അവർ കുറേക്കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെയുള്ളവരെ സൃഷ്ടിച്ചുവിടുകയാണ് സർവ്വകലാശാല ചെയ്യുന്നത്. സർവ്വകലാശാലാവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ റിപ്പോർട്ടുകളും കിംവദന്തികളും വിശ്വസിക്കുന്നതിനുമുമ്പ് തെളിവു ആവശ്യപ്പെടുന്നു; വിശ്വാസങ്ങൾക്ക് അടിസ്ഥാനമെന്തെന്നു ചോദിക്കുന്നു; വിസ്തരിച്ചുള്ള ഒരു മൊഴി കേൾക്കുന്നതിനും വിഷമതയുള്ള ഒരു സംഗതി ഗ്രഹിക്കുന്നതിനും വേണ്ടി അവർ അതിശ്രദ്ധ കാണിക്കും; അവർക്ക് ഹിതമല്ലാത്ത അഭിപ്രായങ്ങളെ ബഹുമാനത്തോടുകൂടി കേൾക്കും. മറെറാരു ദേശത്തിൽ യാതൊരു നന്മയുമില്ല എന്ന അന്ധമായ ദേശാഭിമാനത്തെ അവർ കടന്നിരിക്കുന്നു. മാതൃഭൂമിയുടെ ഏതെങ്കിലും കുറവിനെ അറിയുന്നതിനുള്ള സഹനശക്തിയില്ലാത്ത ദുർബ്ബലമായ ദേശാഭിമാനത്തെ അവർ ജയിച്ചിരിക്കുന്നു. യഥാർത്ഥദേശാഭിമാനത്തിനുള്ള വിശ്വാസവും സ്നേഹവും അവർക്ക് ലഭിച്ചിരിക്കുന്നു.

സർവ്വകലാശാലാബിരുദധാരികൾ രാജ്യത്തിലെ പൊതുജീവിതത്തിന്റെ നേതൃത്വം വഹിക്കേണ്ടിവരും. എന്നാൽ നമ്മുടെ ഇന്നത്തെ പ്രധാനചിന്ത സേവനത്തിനുള്ള യോഗ്യമായ ആഹ്വാനത്തെപ്പററിയായിരിക്കണം. പൊതുവെ പറയുകയാണെങ്കിൽ, വളരെ ചെറുപ്പക്കാരെ ഒഴിച്ച്, ആര് നേതൃത്വം ആഗ്രഹിക്കുന്നുവോ, അയാൾ ആ ആഗ്രഹംകൊണ്ട് അതിനു അയോഗ്യനായിത്തീർന്നിരിക്കുന്നു. ആധുനികകാലത്തെ ഒരു പ്രധാനലാഭം പൊതുനായകത്വത്തെപ്പററിയുള്ള വ്യത്യസ്തമായ ബോധമാണ്. അതു ഒരു നല്ല സമ്മാനമായിട്ടോ, പണത്തിനോ സ്ഥാനമാനങ്ങൾക്കോ സ്വാധീനശക്തിക്കോ ഉള്ള മാർഗ്ഗമായിട്ടോ ഇപ്പോൾ വിചാരിച്ചുവരുന്നില്ല. ധീരനായ ഒരുവൻപോലും സ്വീകരിക്കുന്നതിന് സംശയിക്കത്തക്കവണ്ണം വളരെ വൈഷമ്യവും വളരെ ഉത്തരവാദിത്വവുമുള്ള ഒരുതരം സേവനമായിട്ടാണു വിചാരിക്കുന്നത്. മററുള്ളവരുടെ ശ്രദ്ധയെ തന്നിൽ ആകർഷിക്കുക, തന്നത്താൻ പ്രധാനിയെന്നു വിചാരിക്കുക മുതലായവ ബാലിശമായിട്ടാണ് സർവ്വകലാശാലാഭ്യസനം സിദ്ധിച്ചിട്ടുള്ളവർ വിചാരിച്ചുവരുന്നത്. സ്തുതിയെ ഒരു കുട്ടി മാത്രമേ നേരെ ആവശ്യപ്പെടുകയുള്ളു. ഒരു കുട്ടിക്കു മാത്രമെ പരിശുദ്ധമായ ആനന്ദം അതിൽ ആസ്വദി

ക്കുവാൻ സാധിക്കയുള്ളു. ബാഹ്യഫലത്തെ തരണംചെയ്തിട്ടുള്ള ഒരാൾക്കു സ്തുതിക്കു് അതിനായ ആശയുണ്ടെങ്കിൽ അതു് അയാളിൽ കാണുന്ന ശാന്തതയില്ലാത്ത ഒരു ദോഷമാണു്. ദാഹം ശമിപ്പിക്കുന്നതിനു് ഉപ്പുവെള്ളം കുടിക്കുന്നതുപോലെ ആശയെ തൃപ്തിപ്പെടുത്തേണ്ട വസ്തു അതിനെ വളർത്തിക്കൊണ്ടുവരികയാണു്. അങ്ങിനെയുള്ള വിചാരം നേതൃത്വത്തിനു് അയോഗ്യതയുണ്ടാക്കുന്നു. ബാലിശങ്ങളായ കാര്യങ്ങൾ ഒരു സർവ്വകലാശാലാവിദ്യാർത്ഥി ഉപേക്ഷിച്ചിട്ടുള്ളതുകൊണ്ടും, താൻ ചെയ്യുവാനുദ്ദേശിക്കുന്ന സേവനത്തിലും നിർവ്വഹിക്കുവാൻപോകുന്ന വിഷയത്തിലും നിരതനായതുകൊണ്ടും മററുള്ളവർ തന്നെ ബഹുമാനിക്കുന്നുണ്ടെന്നൊ ആക്ഷേപിക്കുന്നുണ്ടെന്നൊ ചിന്തിച്ചുനോക്കുവാനുള്ള സമയമൊ ശ്രദ്ധയൊ അയാൾക്കില്ല. സേവനത്തിൽ നേതൃത്വവും ഉൾപ്പെട്ടമായിരിക്കാം. തനിക്കു് അനപേക്ഷണീയമായ ഒരു സ്ഥാനത്തു് അയാളെ എത്തിച്ചേക്കാം. എന്നാൽ സ്വന്തം ആശ കൂടാതെ തനിയെ വരികയാണെങ്കിൽ നേതൃത്വവും അധികാരവും ഉത്തമമായിരിക്കും.

നാലു സംവത്സരത്തെ സർവ്വകലാശാലാജീവിതത്തിൽ പല സന്ദർഭങ്ങളേയും പാഴാക്കി എന്നും, സമയവും സാമർത്ഥ്യവും വ്യർത്ഥമാക്കി എന്നും, പരിശീലനത്തെ ഉപയോഗിച്ചില്ലെന്നും പശ്ചാത്താപത്തോടുകൂടി സമ്മതിക്കാതെ സത്യസന്ധന്മാരായ മിക്ക ബിരുദധാരികൾക്കും തരമില്ല. സർവ്വകലാശാല നമ്മുടെ ഇഷ്ടംപോലെ പ്രവർത്തിച്ചില്ലെന്നു തോന്നിയേക്കാം. നാം സത്യസന്ധതയിൽ പരാജിതരായി ജോലിയിൽ ഭാവനമാത്രം പ്രദർശിപ്പിച്ചിരിക്കാം. നാം ധീരതയിൽ പരാജിതരായിരിക്കാം. ആത്മനിയന്ത്രണത്തിൽ നാം പരാജിതരായി ഇപ്പോഴും മനോദാർഢ്യമൊ പ്രവൃത്തിസ്ഥിരതയൊ ഇല്ലാത്തവരായിത്തന്നെ കാണുന്നുണ്ടായിരിക്കാം. ഭാവിയിലെ പ്രവൃത്തികളെ മനസ്സിലാക്കുന്നതിനു് നമ്മെ പ്രാപ്തരാക്കുന്നു. ശ്രദ്ധയെ കേന്ദ്രീകരിക്കുക എന്ന പാഠം പഠിക്കുന്നതിൽ നാം പരാജിതരായിട്ടുണ്ടാവാം. ആ ജീവിതകാലം വീണ്ടെടുക്കുവാൻ സാധിക്കുമെങ്കിൽ വ്യത്യസ്തമായി ജീവിക്കുന്നതിനും ആ സർവ്വകലാശാലാജീവിതത്തിൽനിന്നും വലിയ ആദായം കരസ്ഥമാക്കുന്നതിനും നമ്മളിൽ ചിലർ പക്ഷെ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. എന്നാൽ നാം ധീരത കൈക്കൊൾക. ഉൽകൃഷ്ടമായ ഏതുദ്ദേശ്യസാദ്ധ്യത്തിലുള്ള പരാജയവും ശക്തിഹീനവും പശ്ചാത്താപകരവുമാകുന്നു. എന്നാൽ വിലയനുസരിച്ചുള്ള ശക്തിയിലേക്കു് നയിക്കുന്ന ജ്ഞാനം അതിൽനിന്നും ലഭിക്കുമെങ്കിൽ അതു വീണ്ടെടുക്കുവാൻ പാടില്ലാത്തതല്ല. ജീവിതത്തിലെ ഏററവും പ്രധാനമായ സമയം കലാശാലയിൽ ചിലവഴിക്കുന്നതല്ല; ബിരുദധാരണത്തെ പിൻതുടരുന്ന കാലമാണു്. സർവ്വകലാശാലയിലെ പരിശീലനത്തേയും അദ്ധ്യാപനത്തേയും നമ്മുടെ സ്വഭാവമായി

രൂപാന്തരപ്പെടുത്തുന്നതൊ, നമ്മളിൽനിന്നും ഉദയം ചെയ്യുന്നതൊ അക്കാലത്താണ്. നല്ല കാൎയ്യങ്ങൾ സാധിക്കുവാൻ വിഷമമുണ്ടെന്നും, അപ്രതിരോദ്ധ്യമായ കാൎയ്യം സാന്മാൎഗ്ഗികപരാജയമാൎഗ്ഗമാണെന്നും, നമ്മുടേതിനേക്കാൾ മഹത്തായ ഒരു ശക്തിയുടെ സഹായം ആവശ്യമാണെന്നും നമുക്ക് ബോദ്ധ്യമാകുകയാണെങ്കിൽ സൎവ്വകലാശാലാജീവിതത്തെപ്പററിയുള്ള നമ്മുടെ നിരാശ അനുഭവൈകയോഗ്യം തന്നെയാണ്.

ബിരുദധാരികളേ, നിങ്ങളുടെ കുടുംബങ്ങളും സ്നേഹിതന്മാരും വളരെ ത്യാഗം അനുഭവിച്ച് സൎവ്വകലാശാലയിൽ നാലു സംവത്സരത്തെ പരിശീലനത്തിന് സന്ദൎഭം നൾകിക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് സ്വീകരിക്കുവാൻ സന്നദ്ധതയുണ്ടായിരുന്നതെല്ലാം സൎവ്വകലാശാലയും നൾകിയിരിക്കുന്നു. ഈ വക സമ്മാനങ്ങൾ തിരിച്ചു കൊടുക്കുവാൻ സാദ്ധ്യമല്ല. നിങ്ങൾക്ക്, അവ മററുള്ളവൎക്ക നൾകിക്കൊണ്ടിരിക്കുവാനെ കഴികയുള്ളു. നിങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ളത് നിങ്ങൾ മററുള്ളവൎക്ക ചെയ്യുകയാണെങ്കിൽ അത് ശരിയായ പ്രതിഫലമായി. മററുള്ളവരുടെ പ്രയത്നഫലങ്ങൾ നിങ്ങൾ അനുഭവിച്ചതുപോലെ നിങ്ങളുടെ പ്രയത്നഫലങ്ങൾ മററുള്ളവരെ അനുഭവിപ്പിക്കണം. "നിങ്ങൾക്ക് സൗജന്യമായി ലഭിച്ചിരിക്കുന്നു; നിങ്ങൾ സൗജന്യമായി നൾകുക."

# പുസ്തകാഭിപ്രായം.

## സാഹിത്യകൗതുകം.

(നാലാംഭാഗം)

ഗ്രന്ഥകൎത്താവ്:— വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.
ട്രെയിനിംഗ്സ്കൂൾ; തൃപ്പൂണിത്തുറ. 

സാഹിത്യകൗതുകം ഒന്നുമുതൽ മൂന്നുവരെ ഭാഗങ്ങൾ വായിച്ചിട്ടുള്ള സഹൃദയന്മാർ ശങ്കരക്കുറുപ്പ് അവൎകളുടെ തൂലികയിൽനിന്നു പുറപ്പെട്ട ഈ നാലാംഭാഗം ഭാഷക്ക് ഒരു സമ്പാദ്യമായിരിക്കുമെന്നു പ്രതീക്ഷിക്കാതിരിക്കയില്ല. അങ്ങിനെയുള്ളവൎക്ക് ഇച്ഛാഭംഗത്തിനു വഴിയില്ലെന്ന് ഞങ്ങ

ററം തീർത്തു പറയാം. വിഷയങ്ങളുടെ വിവിധത്വം, ആശയങ്ങളുടെ വൈശിഷ്ട്യം, വർണ്ണനാചാതുര്യം, അലങ്കാരവൈചിത്ര്യം, രസപുഷ്ടി എന്നിവയാൽ ഇതു മററു മൂന്നു ഭാഗങ്ങളേയും അതിശയിച്ചിട്ടുണ്ട്. പ്രകൃതിയിൽ കാണുന്ന ഏതു പദാൎത്ഥങ്ങളിലും അതിലെ ഏതു സംഭവങ്ങളിലും ഒളിഞ്ഞു കിടക്കുന്ന തത്വങ്ങളെ വെളിപ്പെടുത്തുന്നതിൽ കരുപ്പ അവർകൾ കാണിച്ചിട്ടുള്ള പാടവം വിസ്മയനീയം തന്നെ.

"ജ്ഞാനവ്യസനിഞാൻമൽഗ്രന്ഥമാരാജ
മാനസനാതനവിശ്വപ്രകൃതിതാൻ
ആഃരാക്ഷമാപൂർവ്വചിന്തകനായവ
നോരോപദാൎത്ഥവുംസുന്ദരംസുഗ്രഹം"

എന്നാണ് കവി പറയുന്നത്. അതിനാൽ മററു യഥാൎത്ഥകവികൾക്കെന്നപോലെ പ്രസ്തുതകവിക്കും ഏതു പദാർത്ഥവും കവിതക്കു വിഷയമാണ്. അതാണ് 'കരിയിലയിലും' 'തിരമാലയിലും' 'മഴക്കാറിലും' 'പ്രഭാതവാതത്തിലും' കവിതാമൃതം വഴിഞ്ഞൊഴുകുന്നതായി നാം കാണുന്നത്.

"അല്ലാമഹഗിരിയുമാഴിയുമീനിലക്കു
നില്ലാതെമായണമതാണനിസർഗ്ഗരീതി
എല്ലാററിലുംപരമസുന്ദരമേകസത്യ
മില്ലായ്കയില്ലിവയതിൻെറബഹി:സ്വരൂപം."

എന്നു നിഴലിൽനിന്നും

"മറവിട്ടുഢമനുഗ്രഹത്തിനാം
മറവിലിരിപ്പതിട്ടമാമ്മമെന്തിനോ?"

എന്നു കരിയിലയിൽനിന്നും

"മമസഖിപരിതപ്തസാധുലോക
ക്ലമഹരണക്ഷമജന്മമാണജന്മം."

എന്നു മഴക്കാറിൽനിന്നും

"ലോകത്തെപ്രേമത്തിൻെറവശവത്തിയാക്കിടാ
നാകട്ടെബാഷ്പാപൂർണ്ണമെൻജന്മമെന്നാൻ........"

എന്നു മേഘത്തിൽനിന്നും നാം ഗ്രഹിക്കുന്നു.

"എന്നാഥവിക്രമനൊരുത്തരനെന്നറിഞ്ഞ
തിന്നാണു,വീരവധുവെന്നവൃഥാനടിച്ചേൻ"

എന്നു സ്വഭർത്താവിനെ ഭത്സിച്ചു തിരികെ രണാങ്കണത്തിലേക്കയച്ച യുവഭടൻെറ പത്നിയുടേയും സ്വസ്വാമിയെ വധിപ്പാനൊരുമ്പെട്ട അജിതസിം

ഹനെ വാളിന്നിരയാക്കി 'രാക്ഷസിയാക്കിയെന്നെമാററിക്കളഞ്ഞുദുരതിക്രമധർമ്മബോധം' എന്നു പറഞ്ഞ അദ്ദേഹത്തിന്റെ പ്രാണപ്രിയയുടേയും സ്വരാജ്യസ്നേഹം, ധൈര്യം, ഭർത്തൃപ്രണയം, അധർമ്മഭീരുത്വം, ആത്മത്യാഗം എന്നീ ഗുണങ്ങൾ 'സ്ത്രീ' 'രാജ്യത്തിനുവേണ്ടി' എന്നീ കവിതകളിൽ സവിശേഷം പ്രകാശിക്കുന്നുണ്ടു്.

"പൊന്മകുടം ചവിട്ടിത്തെറിപ്പിച്ചു
നിർമ്മഹനീയമൌലിയിൽനിന്നിവൻ
മാമകപ്രേമനിർമ്മിതമാകിയ
ഹേമകോടീരമാർന്നുസുസ്ഥിരം."

എന്നുള്ള ചന്ദ്രമതിയുടെ ഭർത്താവിനോടുള്ള സാന്ത്വനവാക്കുകൾ ഒരു ഉത്തമധർമ്മപത്നിക്കു ചേർന്നതുതന്നെ. ആകപ്പാടെ അവതാരികയിൽ പറഞ്ഞിട്ടുള്ളതുപോലെ ഇതൊരു ഖണ്ഡകാവ്യചിത്രശാലയാണു്. ഇതിലെ മിയ്ക്ക പാദങ്ങളും അതിമനോഹരങ്ങളായിട്ടുണ്ടു്.

എങ്കിലും ഇതു് ഒരു നിർദ്ദോഷമായ കൃതിയല്ല. കുറുപ്പ് അവർകളുടെ കവിതക്കുള്ള പ്രധാനദോഷം അർത്ഥഗ്രഹണത്തിൽ വായനക്കാരെ അസാമാന്യമായി ക്ലേശിപ്പിക്കുന്നു എന്നുള്ളതാണു്. ഇതു് ഒരു ഗുണമാണെന്നു വിചാരിക്കുന്നവരുണ്ടായിരിക്കാം. എന്നാൽ ഞങ്ങൾ അക്കൂട്ടത്തിൽ പെട്ടവരല്ല.

'നിയതിയുടെ ചവിട്ടുകൊണ്ടുമലാ
തുയരുവതിന്നു പതിക്കുമായിരുന്നു'

'തന്നാഥനെത്തടകില്ലാപ്രണയം സ്വരാജ്യ
ത്തിന്നായ് പുരന്ധ്രിയൊരുവെമ്പലോടടങ്ങിവെട്ടി'

'ക്രൂർക്രൂട്ടമൂഴിപതിയൊട്ടമിരന്നുമാപ്പി
ന്നേക്കുഭവാനജിതനണ്ടലിവെന്നിലെങ്കിൽ'

മേലുദ്ധരിച്ച വരികൾ ദുരന്വയം നിമിത്തം വളരെ ക്ലിഷ്ടമായിട്ടുണ്ടു്. താഴെ കാണുന്ന പദ്യങ്ങളിലെ ഉത്തരാർദ്ധം പൂർവ്വാർദ്ധമായി മാററിയാൽ അർത്ഥം കുറെക്കൂടി വിശദമാകുമായിരുന്നു.

'പരമസുഷമമാഞ്ഞുമാഞ്ഞുപോയ്
പരമൊരുകാളിമയാളിമേനിയിൽ
നിരവധികനിരാശയാംപെരും
ഗരളമടിക്കടിഞാൻകുടിക്കയാൽ'

'ധീരാംഗനേ,മിഴിതുടക്കു,മുകന്ദുകൊള്ളു.
കാരാഗൃഹത്തിലപടങ്ങൾപതിഞ്ഞമണ്ണിൽ

താരാഗണങ്ങളുടെനിശ്ചലദൃഷ്ടിനിന്നെ-
ത്തീരാത്തലജ്ജയിലമിഴിക്കുകയില്ലയെങ്കിൽ'
'ഇരയെ ഇവനെ രക്ഷചെയ്കയാൽ'

എന്ന മാതിരിയിലുള്ള പ്രയോഗം ഭാഷയിൽ കൂടാതെ കഴിക്കയാണു വെണ്ടതു്. ദ്രാവിഡവൃത്തത്തിൽ എഴുതപ്പെടുന്ന കവിതയിൽ യതിഭംഗം വൃത്തഭംഗമായി ഗണിക്കണമെന്നാണു് അപ്പൻതമ്പുരാൻ തിരുമനസ്സിലെ അഭിപ്രായം. ഇതിൽ പക്ഷാന്തരമുണ്ടായേക്കാം. എന്നാൽ അർത്ഥം ഗ്രഹിക്കുന്നതിൽ വൈഷമ്യമുണ്ടാക്കുകയൊ വിചാരിക്കാത്ത അർത്ഥം സ്ഫുരിക്കുവാൻ ഇടയാക്കുകയൊ ചെയ്താൽ അതു് ദോഷമായിത്തന്നെ ഗണിക്കേണ്ടതാകുന്നു.

"എന്നിരുണ്ടജീവിതമാനിലത്തഴയായി"

എന്നതു് ഗാനരീതിയിൽ ചൊല്ലുമ്പോൾ 'ജീവിതം' 'അജീവിത'മാകാതെ തരമില്ല. "ഒരുപാൺതികയില്ലജീവിതം ഭ്യാമംപോലെ" എന്നതിന് അൽവിരാമമിട്ടു് അർത്ഥം സ്പഷ്ടമാക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും കിളിപ്പാട്ടുരീതിയിൽ ചൊല്ലിയാൽ അസംബന്ധമായ അർത്ഥമാണു് ആദ്യമായി സ്ഫുരിക്കുക.

"ദർഘമൊരുഗ്രാഗ്നിയേന്തിഞാനുഴലുന്നു"

എന്നതിലെ 'ഉഗ്രാഗ്നി' 'ഗ്രാഗ്നി'യാക്കിത്തന്നെ ചൊല്ലേണ്ടിവരുന്നുണ്ടു്. പക്ഷെ ഈവക ദോഷങ്ങൾ ഗുണസന്നിപാതത്തിൽ നിമഗ്നമാകുന്നതേയുള്ളു എന്നു് സമാധാനിക്കാം. അപ്പൻതമ്പുരാൻതിരുമനസ്സിലെ വിളങ്ങുന്ന പ്രൗഢമായ അവതാരിക ഈ പുസ്തകത്തിന് ഒരു വിശേഷഅലങ്കാരമായി ശോഭിക്കുന്നുണ്ടു്.

# അഫന്റെ മകൾ.

ഗ്രന്ഥകർത്താവു്:— മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂരിപ്പാട്ടു്.
പ്രകാശകന്മാർ:— വി. ടി. ബ്രദേഴ്സ്, തൃത്താല

വില 1 രൂപ.

കേരളം ഇന്നു് സാമുദായികപരിവർത്തനങ്ങളുടേയും വിപ്ലവങ്ങളുടേയും രംഗമായിത്തീർന്നിരിക്കയാണല്ലൊ. കേരളീയരുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നതു് നമ്പൂതിരിസമുദായത്തിൽ കണ്ടുതുടങ്ങിയിരിക്കുന്ന സാമുദായികപരിഷ്കാരങ്ങളാണു്. മതപരവും സാമുദായികവുമായുള്ള കാര്യങ്ങളിൽ പരിഷ്കാരവും പരിവർത്തനവും ആരംഭിച്ചിട്ടുള്ള സമുദായങ്ങൾ കേരളത്തിൽ പലതുമുണ്ടെങ്കിലും, നമ്പൂതി

രിസമുദായത്തെപ്പോലെ പുരോഗമനത്തിൽ ത്വരിതഗമനം ചെയ്യുവാൻ സന്നദ്ധത കാണിക്കുന്ന മറെറാരു സമുദായം കേരളത്തിലില്ലെന്നുതന്നെ പറയാം. യാഥാസ്ഥിതികത്വത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ മഗ്നമായി കിടന്നിരുന്ന നമ്പൂതിരിസമുദായം ഉണൎന്ന് പുരോഗതിക്കുത്സാഹിച്ചു തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. ഒരുകാലത്തു് നമ്പൂതിരിസമുദായം കേരളീയരുടെ നേതൃത്വം വഹിച്ചിരുന്നു. എന്നാൽ ഇന്ന് ആ സമുദായത്തിൽ കടന്നുകൂടിയിട്ടുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അനവധിയാകുന്നു. കാലോചിതമായ വിധത്തിൽ പുരോഗമനം ചെയ്യുന്നതിന് അവ പല വിഘാതങ്ങളേയും സമുദായത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇതിൽനിന്നും മോചനം നേടി, നമ്പൂതിരിസമുദായത്തിന് അഭിവൃദ്ധിയുണ്ടാക്കേണ്ടതു് സമുദായാഭിമാനികളുടെ കർത്തവ്യമാകുന്നു. അതിനു പ്രധാനമായി പ്രവൃത്തിയാണ് ആവശ്യം. എന്നാൽ സമുദായാംഗങ്ങളുടെ ഇടയിൽ കാൎയ്യബോധമുണ്ടാക്കുന്നതിനും അവരുടെ യഥാർത്ഥമായ ദയനീയസ്ഥിതി മനസ്സിലാക്കുന്നതിനും, പ്രവൃത്തിയിലേക്ക് അവരെ പ്രേരിപ്പിക്കുന്നതിനും, തൽസംബന്ധമായ പ്രസംഗങ്ങളും, ലേഖനങ്ങളും, പുസ്തകങ്ങളും അത്യന്താപേക്ഷിതവുമാണ്.

നമ്പൂതിരിമാരുടെ സാമുദായികസ്ഥിതിയെ ഏററവും ദയോദ്വേഗജനകമായ വിധത്തിൽ, ശ്രീമാൻ മൂത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാട് ചിത്രീകരിച്ചിട്ടുള്ള ഒരു കഥാപുസ്തകമാണ് ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിരിക്കുന്ന ഈ "അഫന്റെ മകൾ." ആ സമുദായത്തിന്റെ ഒരു യഥാൎത്ഥചിത്രമായിരിക്കുന്ന ഈ ഗ്രന്ഥം—ആ സമുദായത്തിലെ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും തന്മയത്വത്തോടുകൂടി വൎണ്ണിച്ചിരിക്കുന്ന ഈ ഗ്രന്ഥം—സജാതീയവിവാഹാദൎശത്തെ മുൻനിറുത്തി എഴുതിയിട്ടുള്ള ഈ ഗ്രന്ഥം—ഏതൊരു സമുദായാഭിമാനിയും വായിച്ചിരിക്കേണ്ട ഒന്നാണെന്നു പ്രസ്താവിക്കാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്.

എടയ്ക്കാട്ടുമനയ്ക്കലെ ഇട്ടിച്ചിരി എന്ന നമ്പൂതിരിയുവതിയെ ഓത്തില്ലാത്ത ഒരു സാധുകുടുംബത്തിൽ ജനിച്ചു എടയ്ക്കാട്ടുമനയിൽതന്നെ വളർത്തിവന്ന വിദ്യാസമ്പന്നനായ ഒരു മധുസൂദനൻനമ്പൂരിപ്പാട്, പല വൈഷമ്യങ്ങളേയും തരണംചെയ്തു വിവാഹം ചെയ്യുന്നതാണ് ഈ ഗ്രന്ഥത്തിലെ പ്രധാനമായ ഇതിവൃത്തം. ഗ്രന്ഥകർത്താവ് കഥാഘടന ഒരുവിധം തൃപ്തികരമായി നിർവഹിച്ചിട്ടുണ്ടെന്നു പറയാം. കൃഷ്ണന്മാരുടെ നീചത്വത്തെ വൎണ്ണിക്കുന്ന ഏഴാം അദ്ധ്യായം ഒരു യഥാർത്ഥചിത്രംതന്നെ.

അഫൻനമ്പൂരിപ്പാട് ശുദ്ധനും യഥാസ്ഥിതികനുമായ ഒരു നമ്പൂരിയുടെ മാതൃകതന്നെയാണ്. അദ്ദേഹത്തിൽ വായനക്കാൎക്ക് സഹതാപം തോന്നാതിരിക്കയില്ല. കുഞ്ചു ആഭിജാത്യം ഹേതുവാൽ വിദ്യാഭ്യാസം ചെയ്യാതെ, പ്രാപഞ്ചികസുഖങ്ങളിൽ മുങ്ങി, സ്ത്രീലമ്പടനായി അധഃപതിക്കുന്നു. കുഞ്ഞനുജൻനമ്പൂരി വിജാതീയഭാൎയ്യയായ സരോജത്തിന്റെ

ആജ്ഞെക്കു വശഗനായി, അടിമയായി, ശൃംഗാരമൂർത്തിയായി അവർ കൊട്ടുന്ന താളത്തിനു തുള്ളുന്നു. കഥാനായകനായ മധു ഉത്തമനായ ഒരു യുവാവു തന്നെ. സുലോചന വിഷംതിന്നു മരിക്കുമ്പോൾ—തന്നെ സ്നേഹിക്കുകയും തനിക്കു വിദ്യാഭ്യാസത്തിനായി ധാരാളം പണം നൾകുകയും ചെയ്ത സുലോചന വിഷംതിന്നു മരിക്കുമ്പോൾ—മധുവിന് പറയത്തക്ക ക്ഷോഭമൊന്നും ഉണ്ടാകാതിരുന്നത് അല്പം അസ്വാഭാവികമായി ചിലർ വിചാരിച്ചേക്കാം. കഥാനായികയായ ഇട്ടിച്ചിരി സുശീലയെങ്കിലും, കഥാരംഗത്തിൽ അധികം പ്രവേശിക്കയാകട്ടെ ഒരു നായികയുടെ സ്ഥാനത്തെ പൂർണ്ണമായി അർഹിക്കയാകട്ടെ ചെയ്യുന്നില്ല. എന്നാൽ പ്രവൃത്തിധീരതയില്ലെന്നു വിചാരിച്ചിരുന്ന ആ യുവതി അർദ്ധരാത്രിയിൽ ഇല്ലത്തിന്റെ വാതൽതുറന്നു പുറത്തുകടന്ന് പുഴയിൽചാടി ആത്മഹത്യ ചെയ്യുവാൻ തുനിയുന്നത് എല്ലാവരേയും അത്ഭുതപ്പെടുത്തുന്നു. ഈ കഥയിൽ വായനക്കാരുടെ ഹൃദയം കവർന്നെടുക്കുന്ന പാത്രം സുലോചന—അഛന്റെ മകൾ—തന്നെയാണ്. വിസ്മയനീയമായ ശേമുഷിയും, അനുകരണീയമായ സൽഗുണൌഘവും, അനിതരവനിതാസാധാരണമായ കാര്യനിർവ്വഹണപ്രാപ്തിയും ഉള്ള സുലോചനയുടെ വിഷംതിന്നുള്ള ദുസ്സഹമരണം വായനക്കാർക്കു മർമ്മഭേദകം തന്നെയാണ്. സൂര്യപ്രഭയിൽ ചന്ദ്രകിരണമെന്നപോലെ, സുലോചനയുടെ ദീപ്തിയിൽ കഥാനായികമങ്ങിപ്പോകുന്നു. നിന്ദ്യമായ സരോജത്തിനെപ്പോലെ അഹങ്കാരത്തിനും അസൂയക്കും ഇരിപ്പിടമായ സ്ത്രീകൾ ഇന്നും ദുർല്ലഭമല്ല.

ഈ ഗ്രന്ഥത്തിലെ ഭാഷ ലളിതവും കോമളവുമായ ഒന്നുതന്നെ. എങ്കിലും സുലഭമായി കാണുന്ന ഗ്രാമ്യപദങ്ങൾ പലരേയും ചെടിപ്പിച്ചേക്കാം. അച്ചടിയും കെട്ടും മട്ടും മനോഹരമാണ്. നമ്പൂരിസമുദായത്തിലെ ഓരോ അംഗവും ഈ പുസ്തകം വായിച്ചു പഠിക്കേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. സമുദായപരിഷ്കാരിയും, ഉന്നതാശയനും, യുവാവുമായ ഗ്രന്ഥകർത്താവ് ഇത്തരത്തിലുള്ള പല സദ്ഗ്രന്ഥങ്ങൾ ഇനിയും എഴുതുമെന്ന് ഞങ്ങൾ ആശിക്കുന്നു. സാഹിത്യവൃത്തിയിൽ സുശോഭനമായ ഭാവിയെ ഹൃദയാംഗമമായി ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

---

# കുറിപ്പുകൾ.

## ശ്രീചിത്തിരതിരുനാൾ ഭരണപ്രതിഷ്ഠാപനം

ഈ മാസം 20-ാംനു- ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഭരണപ്രതിഷ്ഠാപനമായിരുന്നുവല്ലോ. രാജഭക്തിയിൽ അദ്വി

തീയരായ വഞ്ചിവാസികൾക്ക് ഈ ശുഭാവസരം എത്രയും ആനന്ദസന്ദായകമായ ഒന്നായിരുന്നു എന്നു മാത്രമല്ല, ആ മഹോത്സവം നാടിന്റെ നാനാഭാഗങ്ങളിലും കെങ്കേമമായി ആഘോഷിക്കയും ചെയ്തു. നമ്മുടെ തമ്പുരാൻ വളരെ ചെറുപ്പമാണ്. ഭരണവിഷയത്തിൽ കാലെടുത്തു വച്ചിട്ടേ ഉള്ളു. ആ വിഷയത്തിൽ പ്രദർശിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശുഷ്കാന്തിയും കാര്യക്ഷമതയും ശുഭമായ ഒരു ഭാവിയെയാണു സൂചിപ്പിക്കുന്നത്. അത്യുൽകൃഷ്ടമായ ഒരു സ്വഭാവവും അദ്ദേഹത്തിൽ വിളങ്ങിക്കാണുന്നുണ്ട്. ഈ ശുഭാവസരത്തിൽ ഞങ്ങൾ അദ്ദേഹത്തിന് ദീർഘായുസ്സും സൽഭരണവും ആശംസിച്ചുകൊള്ളുന്നു.

അക്ഷരജ്ഞാനത്തിലും വിദ്യാഭ്യാസത്തിലും തിരുവിതാംകൂർ ഇൻഡ്യയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. ഇതു് രാജകുടുംബം വളരെ കാലം മുമ്പു മുതല്ക്കുതന്നെ സ്വീകരിച്ചുവന്ന നയത്തിന്റെ ഫലമാണ്. ഈ വിദ്യാഭ്യാസനയം തന്നെ നമ്മുടെ ചിത്തിരതിരുമേനി തുടർന്നുകൊണ്ടുപോകുകയും, വിദ്യാഭ്യാസസംബന്ധമായി പല പരിഷ്കാരങ്ങളും നടപ്പിലാക്കുകയും ചെയ്യുമെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. വിദ്യാർത്ഥികളിൽ താല്പര്യവും അദ്ധ്യാപകന്മാരുടെ ആദർശങ്ങളിലും ആശകളിലും അനുഭാവവും തിരുമേനിക്കുണ്ടെന്നാണറിയുന്നത്. വിദ്യാഭ്യാസപരിഷ്കാരത്തിലും പ്രചരണത്തിലും അദ്ദേഹത്തിന് അദ്ധ്യാപകലോകത്തിന്റെ സഹകരണം പൂർണ്ണമായി ലഭിക്കുമെന്നു വിശ്വസിക്കാം. വിജ്ഞാനത്തിനും സംസ്കാരത്തിനും വിശ്രുതിപെറ്റ ഈ വഞ്ചിനാടിനെ തിരുമേനി ദീർഘകാലം ഭരിച്ച്, ലോകരുടെ അഭിനന്ദനത്തിനു പാത്രീഭൂതനായിത്തീരട്ടെ. ഭാരതത്തിന്റെ ഭാവിഭരണഘടനയാകുന്ന പുഷ്പമാല്യത്തിലെ ഒരു സൗരഭ്യകുസുമമായി തിരുമേനി പരിലസിക്കട്ടെ.

## അഭിനന്ദനം.

**ശ്രീമാൻ** ആർ. ഈശ്വരപിള്ള അവർകളുടെ പത്നിയായ എൽ. കാത്യായനിഅമ്മ അവർകൾ എം. എ.-ക്ക് ബി. എ. ബിരുദത്തിന് കൂടുതൽ മാർക്ക് കിട്ടുന്ന നായർവനിതക്ക് സാധാരണയായി നൽകിവരുന്ന സി. കെ. പി. മെഡൽ ലഭിച്ചിരിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കയും അഭിനന്ദിക്കയും ചെയ്യുന്നു.